(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.എം/ 347/സിഎം2/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ-municipalauditkannur@gmail.com
തീയ്യതി.28.07.2016

ഡെപ്യൂട്ടി ഡയറക്ടർ

മേയർ,
കണ്ണൂർ കോർപ്പറേഷൻ
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കണ്ണൂർ നഗരസഭയുടെ 2014-2015 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ നഗരസഭയുടെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-18, 2-19 ഭാഗം3ലെ 3-3, 3-4, 3-14, 3-15, 3-21, 3-24, 3-25, 3-26, 3-28, 3-29, 3-32 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കോർപ്പറേഷൻ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോർപ്പറേഷൻ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി,തിരുവനന്തപുരം(ഉ,പ,സ)
2)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയരക്ടർ,തിരുവനന്തപുരം(ഉ.പ.സ)
3)നഗരകാര്യ വകുപ്പ് ഡയരക്ടർ,തിരുവനന്തപുരം(ഉ.പ.സ)
4)റീജിയണൽ ജോയിന്റ് ഡയരക്ടർ,നഗരകാര്യ വകുപ്പ്,കോഴിക്കോട്(ഉ.പ.സ)
5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.എം/ 347/സിഎം2/2016

തീയ്യതി.28.07.2016

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ

2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ സമകാലികമായി പരിശോധിച്ചുവരുന്നുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 87 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. അബ്ദുൽ കരീം പാനേരി ഡെപ്യൂട്ടി ഡയരക്ടർ 12.06.2015 മുതൽ 15.07.2016 വരെ
ഓഡിറ്റിന് വിനിയോഗിച്ച സമയം	16.12.2015 മുതൽ 15.07.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:	1)ശ്രീ.പ്രമോദ്.കെ.വി, ഓഡിറ്റ് ഓഫീസർ
	2)ശ്രീമതി ഷൈമകുമാരി. എസ്.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	3)ശ്രീ ഈശ്വരചന്ദ്രൻ നമ്പൂതിരി.ടി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	4)ശ്രീമതി.ഷിജില. വി.ഡി, സീനി.ഗ്രേഡ് ഓഡിറ്റർ

	5) ശ്രീ ബാബു കിഴക്കെ വീട്ടിൽ ,ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

ചെയർപേഴ്സൺ:	1	ശ്രീമതി.റോഷ്നി ഖാലിദ്	01.04.2014മുതൽ31.03.2015വരെ
1)സെക്രട്ടറി:	1	ശ്രീ.പി.രാധാകൃഷ്ണൻ	01.04.2014മുതൽ31.03.2015വരെ
2)മുനിസിപ്പൽ എഞ്ചിനീയർ	1.	ശ്രീ.എം.ഒ.യൂസഫ്	01.04.2014 മുതൽ 18.12.2014 വരെ
	2.	ശ്രീ.കെ.കെ.മനോഹരൻ അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ(അധിക ചുമതല)	19.12.2014 മുതൽ 05.01.2015വരെ
	3.	ശ്രീ കെ.എസ്. ജയചന്ദ്രൻ	06.01.2015 മുതൽ 31.03.2015 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ക്രമനം	ഉദ്യോഗപ്പേര്	പേര്	കാലയളവ്
1)	സീനിയർ വെറ്ററിനറി സർജൻ	ഡോ.കെ.വി രമേശ്കുമാർ	01.04.2014മുതൽ 31.03.2015വരെ
2)	ഐ.സി.ഡി.എസ് സൂപ്പർവൈസർ (സി.ഡി.പി.ഒ.വിന്റെ ചുമതല)	ശ്രീമതി വനജ.ടി	0104.2014മുതൽ 31.03.2015വരെ
3)	മെഡിക്കൽ ഓഫീസർ, ഹോമിയോ,തയ്യിൽ	ഡോ.അനീന.പി. ത്യാഗരാജ് (പൂർണ്ണ അധിക	01.04.2014 മുതൽ31.03.2015വരെ

		ചുമതല)	
4)	അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ	ശ്രീ ദേവരാജൻ.എസ്	01.04.2014 മുതൽ 31.03.2015 വരെ
5)	ഫിഷറീസ് സബ് ഇൻസ്പെക്ടർ	ശ്രീ കെ.വി.രാജേന്ദ്രൻ	01.04.2014മുതൽ 31.03.2015വരെ
6)	പട്ടികജാതി വികസന ഓഫീസർ	ശ്രീമതി വിമല.സി	01.04.2014മുതൽ 31.03.2015വരെ
7)	പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം	ശ്രീ പി.കൃഷ്ണൻ	01.04.2014മുതൽ31.03.2015വരെ
8)	ഹെൽത്ത് സൂപ്പർവൈസർ	ശ്രീ എം.എം. അനിൽകുമാർ (ഇൻ-ചാർജ്)	01.04.2014മുതൽ29.07.2014വരെ
		ശ്രീ കെ.ചന്ദ്രൻ	30.07.2014മുതൽ31.07.2014വരെ
		ശ്രീ എം.എം. അനിൽ കുമാർ (ഇൻ-ചാർജ്)	01.08.2014മുതൽ03.08.2014വരെ
		ശ്രീ എം.രഘുനാഥ്	04.08.2014മുതൽ31.03.2015വരെ
9)	ഹെഡ് മിസ്ട്രസ് ഗവ:എൽ.പി.സ്കൂൾ, തായത്തെരു	ശ്രീമതി ടി.വി.ഷൈലജ	3-12 01.04.2014മുതൽ31.03.2015വരെ
10)	പ്രിൻസിപ്പാൾ, സിറ്റി ഹയർ സെക്കണ്ടറി സ്കൂൾ,കണ്ണൂർ	ശ്രീമതി സുനിത.കെ	01.04.2014മുതൽ31.03.2015വരെ
11)	ഹെഡ് മാസ്റ്റർ ,ഗവ.വി.എച്ച്.എസ്. എസ് (സ്പോർട്സ്),കണ്ണൂർ	ശ്രീ സുരേന്ദ്രൻ. സി.പി	01.04.2014 മുതൽ 25.06.2014 വരെ
		ശ്രീ അബ്ദുൾ ഖാദർ.ടി.വി	26.06.2014മുതൽ 16.07.2014 വരെ
		ശ്രീമതി റജീന.കെ	17.07.2014 മുതൽ31.03.2015വരെ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതു വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ്ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം-4 ധനസ്ഥിതി വിവരണവും , ഓഡിറ്റ് പ്രത്യവലോകനവും .

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

I -ഓഡിറ്റ് സാക്ഷ്യപത്രം
II-ഓഡിറ്റിൽ പരിശോധിച്ച -2)ബാലൻസ് ഷീറ്റ്

2(1) രശീത് ആന്റ് പെയ്മെന്റ് എക്കൗണ്ട്

2 (2)ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്.
III-3)തൊഴിൽ നികുതി-ഈടാക്കാൻ ബാക്കിയുള്ള വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക

III-3)(1)തൊഴിൽ നികുതി -ഈടാക്കാൻ ബാക്കിയുള്ള ജീവനക്കാരുടെ പട്ടിക

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യ പത്രിക	1-2	
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം	1-6	
7	തനത് വരുമാനം	1-7	
8	ക്ഷേമ പദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	ആഭ്യന്തര നിയന്ത്രണം	1-10	
11	മറ്റ് ഓഡിറ്റുകൾ നിടത്തിയതിന്റെ വിവരം	1-11	
12	വാർഡ് സഭകളുടെ സംഘാടനം	1-12	
13	വാർഷിക കണക്കിലെ അപാകതകൾ	1-13	
14	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്	1-14	

15	മുൻകൂർ തുക-രേഖകൾ ഹാജരാക്കിയില്ല.	1-15	
16	ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല ഒടുക്ക് പരിശോധനക്ക് പ്രയാസം നേരിടുന്നു.	1-16	
17	ദുരിതാശ്വാസനിധി-പ്രവർത്തനം കാര്യക്ഷമമല്ല.	1-17	
18	ക്ഷേമ പെൻഷൻ അപാകതകൾ	1-18	
19	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-19	
20	ഓഡിറ്റ് റിപ്പോർട്ട്;തുടർ നടപടികളിൽ അലംഭാവംഒഴിവാക്കേണ്ടതാണ്.	1-20	
	ഭാഗം 2		
21	തനത് വരുമാനം-നഗരസഭക്ക് കിട്ടാൻ 11 ½ കോടിയിലധികം	2-1	
22	തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ-നഗരസഭയ്ക്ക് വൻ തുക നഷ്ടം		
	1) വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന തിലെ വീഴ്ച-നഗരസഭയ്ക്ക് 2,47,500/- രൂപയുടെ നഷ്ടം	2-2(1)	
	2)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതു വഴി നഗരസഭയ്ക്ക് ഭീമമായ നഷ്ടം	2-2(2)	
	3) ബാങ്ക് ശാഖ- തൊഴിൽ നികുതി ഒടുക്കിയില്ല	2-2(3)	
	4)തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്	2-2(4)	
	5)ശമ്പള വിവരമറിയാതെ നികുതി സ്വീകരിക്കൽ-വിശദീകരണം ലഭ്യമാക്കേണ്ടതാണ്.	2-2(5)	
	6)സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി	2-2(6)	

	7)വാർഷിക ധനകാര്യ പത്രികയിലെ തൊഴിൽ നികുതി വ്യത്യാസം	2-2(7)	
23	വസ്തു നികുതി നിർണ്ണയത്തിലെ അപാകത-15,360/- രൂപ നഗരസഭക്ക് നഷ്ടം	2-3	
24	ഒഴിവിളവ്-അപാകതകൾ	2-4	
25	നഗരസഭാ കെട്ടിടങ്ങളുടെ വാടക -കരാർ കാലാവധി അവസാനിച്ചിട്ടും പുതുക്കി നിശ്ചയിക്കുന്നില്ല. നഗര സഭയ്ക്ക് വൻ നഷ്ടം	2-5	
26	ഗസ്റ്റ് ഹൗസ് കെട്ടിടം-വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കിയില്ല-കുടിശ്ശിക 4,54,185/രൂപയും ഡെപ്പോസിറ്റും ഈടാക്കേണ്ടതാണ്.	2-6	
27	വാടക കുടിശ്ശിക-പിഴ ഈടാക്കാത്തത് വഴി നഗരസഭയ്ക്ക് 1,88,940/- രൂപ നഷ്ടം	2-7	
28	പെർമിറ്റ് ഫീ -ഫ്ലോർ ഏരിയ റേഷ്യോ കണക്കാക്കിയതിൽ അപാകത-2,73,420/- രൂപ നഗരസഭയ്ക്ക് നഷ്ടം	2-8	
29	ബി.ഒ.ടി ബസ് സ്റ്റാന്റ് -അനധികൃത കെട്ടിട നിർമ്മാണം-കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല.	2-9	
30	ഇല്ലിക്കപ്ലാസ-മൂന്നാം നില-അനധികൃത കെട്ടിട നിർമ്മാണം-തുടർ നടപടികൾ സ്വീകരിച്ചില്ല.	2-10	
31	കെട്ടിട നിർമ്മാണം-ലേ ഔട്ട് അംഗീകാരം-രേഖകൾ ഹാജരാക്കേണ്ടതാണ്.	2-11	
32	പഴയ സെൻട്രൽ മാർക്കറ്റ് കെട്ടിടം പൊളിച്ചു	2-12	

	നീക്കൽ-ലേലത്തുക മുഴുവൻ ഒടുക്കിയില്ല-4,78,993/- രൂപ ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.		
33	നഗരസഭയുടെ സ്ഥലം -തുച്ഛ വിലയ്ക്ക് ലീസിന് നൽകിയത് -പാട്ടത്തുക പുന:പരിശോധിക്കേണ്ടതാണ്.	2-13	
34	വിനോദ നികുതി-സെസ്സ് ഈടാക്കിയില്ല.	2-14	
35	വിനോദ നികുതി-ഡിസംബർ 7ലെ നികുതി സായുധസേനാ ഫണ്ടിലൊടുക്കിയില്ല.	2-15	
36	ടാക്സി/ഓട്ടോസ്റ്റാന്റ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഫീ പിരിക്കേണ്ടതാണ്.	2-16	
37	ഒപ്റ്റിക്കൽ ഫൈബർ കേബിൾ -വാർഷിക വാടക നിശ്ചയിക്കാത്തതും 2,53,573/ രൂപ സേവന നികുതി ഈടാക്കാത്തതും മറ്റു അപാകതകളും	2-17	
38	ഒപ്റ്റിക്കൽ ഫൈബർ കേബിൾ-ജി.ഐ. പോൾസ്-സേവന നികുതി 1,64,882/- രൂപ ഈടാക്കാത്തതും മറ്റു അപാകതകളും.	2-18	
	ഭാഗം 3		
39	പാലിയേറ്റീവ് കെയർ യൂണിറ്റ്-പദ്ധതി നിർവഹണത്തിലെ അപാകതകൾ-35,609/-രൂപ തടസ്സപ്പെടുത്തുന്നു.	3-1	
40	ഗുണഭോക്തൃലിസ്റ്റില്ലാതെ പച്ചക്കറി വിത്ത് കിറ്റ് വിതരണം-60,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-2	
41	ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി-5,535/- രൂപ നിരാകരിക്കുന്നു.	3-3	

42	പൂർത്തിയാകാത്ത ഭവന നിർമ്മാണവും ഭൂമി വാങ്ങുന്നതിന് ആനുകൂല്യം വാങ്ങിയവർ ഭവന നിർമ്മാണം നടത്താത്തതും.	3-4	
43	ഓട്ടോ/പിക്ക് അപ് ധനസഹായം പദ്ധതി നടത്തിപ്പിലെ അപാകത-50,000/- രൂപ നിരാകരിക്കുന്നു. 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.	3-5	
44	വീടിന്റെ ഗുണമേന്മ വർദ്ധനവ്-വാല്വേഷനിൽ കൂടുതൽ അനുവദിച്ച 15,254/- രൂപ നിരാകരിക്കുന്നു.	3-6	
45	ഭവന നിർമ്മാണം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം-30,000/- രൂപ നിരാകരിക്കുന്നു	3-7	
46	ഭൂമി വാങ്ങി ഭവന നിർമ്മാണം- ചെലവു വിവരം ലഭ്യമല്ല-30,000/- രൂപ നിരാകരിക്കുന്നു.	3-8	
47	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-വിതരണ വിവരം ലഭ്യമാക്കിയില്ല-ചെലവു തുക 68,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-9	
48	പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം-സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 25,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-10	
49	പ്രൈമറി സ്കൂളുകൾക്ക് ഇന്റർനെറ്റ് ചാർജ്- സബ് വൗച്ചറുകൾ ലഭ്യമാക്കിയില്ല-34,420/- രൂപ തടസ്സപ്പെടുത്തുന്നു.	3-11	
50	ഹൈസ്കൂൾ സമഗ്ര പരിപാടി-വിവിധ വാങ്ങലുകൾ-സ്റ്റോക്ക് വിതരണം വിവരം ലഭ്യമല്ല—37,000/- രൂപ നിരാകരിക്കുന്നു;7,62,860/- രൂപ തടസ്സ പ്പെടുത്തുന്നു.	3-12	

51	സമഗ്ര വിദ്യാഭ്യാസ പരിപാടി;പരിശിലനത്തിൽ പങ്കെടുത്തവരുടെയും ചെലവിന്റെയും രേഖകൾ ഇല്ല-5,31,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-13	
52	സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ വിതരണം- സ്റ്റോക്ക് രജിസ്റ്റർ/വിതരണ രേഖകൾ ഇല്ല-4,83,700/- രൂപ തടസ്സപ്പെടുത്തുന്നു-69,400/- രൂപ നിരാകരിക്കുന്നു.	3-14	
53	കന്നുകുട്ടി പരിപാലന പദ്ധതി-ഇല്ലാത്ത ഗുണഭോക്താക്കൾക്ക് വേണ്ടി ഒടുക്കിയ 68,750/- രൂപ തിരിച്ചീടാക്കേണ്ടതാണ്.	3-15	
54	തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം-നിർവ്വഹണ അപാകതകൾ-1,35,467/- രൂപ തടസ്സപ്പെടുത്തുന്നു. 1,984/- രൂപ നിരാകരിക്കുന്നു.	3-16	
55	വയോമിത്രം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു	3-17	
56	ഡ്രൈവിംഗ് ലൈസൻസില്ലാത്തയാൾക്ക് സ്കൂട്ടറിന് സബബ്സിഡി-69,500/- രൂപ തടസ്സപ്പെടുത്തുന്നു.	3-18	
57	പ്രവർത്തിക്കാത്ത ജാഗ്രതാ സമിതി ഓഫീസിന് ഫർണിച്ചർ-20,976/- രൂപ തടസ്സപ്പെടുത്തുന്നു.	3-19	
58	കാഴ്ചയില്ലാത്തവർക്ക് കമ്പ്യൂട്ടർ വിതരണം-സാങ്കേതിക സഹായം സ്വീകരിച്ചില്ല.	3-20	
59	വനിതാ ഹോസ്റ്റലിലെ ഡൈനിംഗ് ബ്ലോക്കിന് പാത്രങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും; ക്വട്ടേഷനിൽ അധികമായി നൽകിയ 10,040/- രൂപ നിരാകരിക്കുന്നു-ഉപയോഗിക്കാത്ത വാഷിംഗ് മെഷീന്റെ ചെലവു തുക 16090/- രൂപ തടസ്സപ്പെടുത്തുന്നു.	3-21	

60	മത്സ്യതൊഴിലാളികൾക്ക് ഭവന അറ്റകുറ്റപ്പണി നിർവ്വഹണ അപാകതകൾ-82,825/- രൂപ നിരാകരിക്കുന്നു.	3-22 (1,2,3)	
61	രാജീവ് ആവാസ് യോജന-ചേരി നിർമ്മാർജന പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമല്ല.	3-23	
62	ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി-1,92,97,357 രൂപയുടെ നീക്കിയിരിപ്പ് തിരിച്ചടക്കാത്ത തുക തടസ്സപ്പെടുത്തുന്നു.	3-24	
63	എസ്.ജെ.എസ്.ആർ.വൈ യൂനിറ്റുകളുടെ പ്രവർത്തന വിവരം ലഭ്യമല്ലാത്തതും ബാങ്ക് അക്കൗണ്ടിലെ അവ്യക്തതകളും-4,80,000/- രൂപ തടസ്സപ്പെടുത്തുന്നു.	3-25	
64	ഐ.എച്ച്.എസ്.ഡി.പി-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല-ക്വാർട്ടേഴ്സുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയില്ല.	3-26	
65	'പുതിയ തുറന്ന കിണർ 'നിർമ്മാണം -അർഹതയില്ലാം അധിക തുക-6,494/- രൂപ നിരാകരിക്കുന്നു.	3-27	
66	ആവശ്യകതാ നിർണയം നടത്താതെ ബിറ്റുമിൻ വാങ്ങി- 86 ബാരൽ ബിറ്റുമിൻ ഉപയോഗരഹിതമായി കിടക്കുന്നു; ചെലവു തുക 5,75,952/- രൂപ തടസ്സപ്പെടുത്തുന്നു.	3-28	
67	മരക്കാർ കണ്ടി എസ്. സി ഹൗസിംഗ് കോംപ്ലക്സ് – പൂർത്തീകരിച്ച ക്വാർട്ടേഴ്സുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയില്ല.	3-29	
68	ഭൗമ വിവര സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ	3-30	

	സമഗ്ര വിവര ശേഖരണ വിവരങ്ങൾ -കാലികമാക്കാത്തതും ആദായ നികുതി ഈടാക്കിയതിൽ 4,000/- രൂപയുടെ കുറവും.		
69	ഡെപ്പോസിറ്റ് പ്രവൃത്തികൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല-1,39,38,751/- രൂപ തടസ്സപ്പെടുത്തുന്നു.	3-31	
70	തെരുവ് വിളക്ക് -നിലവിലില്ലാത്തവയ്ക്കും മാസംതോറും വൈദ്യുതി ചാർജ്- നഗരസഭയ്ക്ക് വൻതുക തുടർനഷ്ടം	3-32	
71	തെരുവ് വിളക്ക്-കുടിശ്ശിക ചാർജ് -വിശദീകരണം ലഭ്യമാക്കിയില്ല-48,012/- രൂപ തടസ്സപ്പെടുത്തുന്നു.	3-33	
72	തെരുവ് വിളക്ക് -എ.എം,സി-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതും വിളക്കുകളുടെ എണ്ണത്തിലെ വ്യത്യാസവും	3-34	
73	വാട്ടർ ടാപ്പ്-സംയുക്ത പരിശോധന നടത്താത്തതും വകയിരുത്തിയതിൽ കൂടുതൽ തുക ചെലവഴിച്ചതും.	3-35	
74	കേരളോത്സവം-ചെലവു രേഖകൾ ഹാജരാക്കിയില്ല-81,592/- രൂപ തടസ്സപ്പെടുത്തുന്നു.	3-36	
75	പ്രൊജക്ടുകളുടെ നിർവഹണം -മോണിറ്ററിംഗ് ഫലപ്രദമല്ല.	3-37	
76	പെൻഷൻ ഫണ്ട് (1) റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് -ചട്ടം പാലിക്കേണ്ടതാണ്.	3-38 3-38(1)	
	(2)കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്-നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.	3-38(2)	

	ഭാഗം 4		
77	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
78	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2	
79	മൊബിലൈസേഷൻ അഡ്വാൻസ്	4-3	
80	വായ്പ/വായ്പ തിരിച്ചടവ്	4-4	
81	സ്ഥിര നിക്ഷേപങ്ങൾ	4-5	
82	ഓഡിറ്റ് റിക്കവറി	4-6	
83	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7	
84	ഓഡിറ്റ് പ്രത്യവലോകനം	4-8	
85	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	
86	അനുബന്ധങ്ങൾ:-അനുബന്ധം-I ഓഡിറ്റ് സർട്ടിഫിക്കറ്റ്		
	2)അനുബന്ധം-2ബാലൻസ് ഷീറ്റ്		
	അനുബന്ധം-2-(1)-രശീത് & പെയ് മെന്റ് സ്റ്റേറ്റ്മെന്റ്		
	അനുബന്ധം-2(2)-ഇൻകം ആന്റ് എക് സ് പെൻഡിച്ചർ അക്കൗണ്ട്		

	അനുബന്ധം-3) തൊഴിൽ നികുതി-വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക		
	അനുബന്ധം-3(1)-തൊഴിൽ നികുതി – ജീവനക്കാരുടെ പട്ടിക		

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

കണ്ണൂർ നഗരസഭയുടെ 2014-15 വർഷത്തെ ബജറ്റ് നഗരസഭയുടെ 19.02.2014 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രാരംഭ നീക്കിയിരിപ്പ് ഉൾപ്പെടെ പൊതു കണക്ക്	26,78,37,526രൂപ
വരവ് മൂലധന കണക്ക്	95,10,79,350
ബാധ്യതാ കണക്ക്	12,51,62,053
ആകെ വരവ്	1,34,40,78,929 /-രൂപ
ചെലവ്	24,13,08,000
മൂലധന കണക്ക്	89,59,80,000
ബാധ്യത	10,11,75,000
നീക്കിയിരിപ്പ്	10,56,15,929/-രൂപ

എ) വാർഷിക ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല .

കണ്ണൂർ നഗരസഭയുടെ 19.02.2014 തീയ്യതിയിലെ പ്രത്യേക കൗൺസിൽ യോഗതീരുമാന പ്രകാരം അംഗീകരിച്ച 2014-15 ലെ വാർഷിക ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം	ബജറ്റ് പ്രകാരം തുക	യഥാർത്ഥ തുക
തന്നാണ്ട് വരവ്	1,34,40,78,929	41,77,83,994
തന്നാണ്ട് ചെലവ്	1,23,84,63,000	39,08,86,374

തൻവർഷത്തെ യഥാർത്ഥ വരവ് പ്രതീക്ഷിത വരവിന്റെ31.08% മാത്രമാണ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 31.56% മാത്രമാണ്. ബജറ്റ് തയ്യാറാക്കുന്നത് വസ്തുനിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് ഇതിൽ നിന്നു വിലയിരുത്താവുന്നതാണ്. ബജറ്റ് നിർദ്ദേശങ്ങൾ വസ്തുനിഷ്ഠമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാംഖ്യ അക്കൗണ്ടിംഗ് രീതി നിർദ്ദേശിക്കുന്ന പ്രകാരം ബജറ്റ് പുനക്രമീകരിച്ച് അംഗീകാരം നേടി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലാണ് ഇപ്പോഴും ബജറ്റ് തയ്യാറാക്കുന്നത്. ആയതുകൊണ്ട് ബജറ്റ് നിർദ്ദേശങ്ങളിൽ ഓരോ ഇനങ്ങളിൽനിന്നുമുള്ള വ്യതിയാനം നിരീക്ഷിക്കുവാൻ നിലവിൽ പാലിച്ചു പോരുന്ന രീതി പര്യാപ്തമല്ല. ഓരോ ഇനം ചെലവിനുമുള്ള ബജറ്റ് വിഹിതവും അതിൽ നിന്നുള്ള ചെലവും നിരീക്ഷിക്കുവാനുള്ള യാതൊരു സംവിധാനവും കണ്ണൂർ നഗരസഭയിൽ നിലവിലില്ല. ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽ ചെലവ് നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത്, അംഗീകാരമില്ലാത്തതും അനാവശ്യവുമായ ചെലവ് നിയന്ത്രിക്കാൻ അത്യാവശ്യമാണ്.

1-2 വാർഷിക ധനകാര്യപത്രിക.

2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ലഭിക്കേണ്ട തീയ്യതി	ലഭിച്ച തീയ്യതി
31.07.2015	24.07.2015

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

2014-15	30.10.2015	കെഎസ്എ/ കെഎൻഎം/332/ സി.എം.2/2015 തീയ്യതി.30.10.2015 (വിശേഷണത്തോടുകൂടിയ സർട്ടിഫിക്കറ്റ്)

1-4 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

മുന്നിരിപ്പ്	11,86,47,065.77
വരവ്	41,77,83,994
ആകെ	53,64,31,059.77
ചെലവ്	39,08,86,374
നീക്കിയിരിപ്പ്	14,55,44,685.77

കണ്ണൂർ നഗരസഭ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ രസീത് പെയ്മെന്റ് പത്രികയുടെ അടിസ്ഥാനത്തിലാണ് സാമ്പത്തിക വിശകലനം തയ്യാറാക്കിയിട്ടുള്ളത്.

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് ജനറൽ	15395785	44718000	60113785	33456471	26657314	55.66
വികസനഫണ്ട് എസ്.സി.പി.	5036530	13181000	18217530	13470316	4747214	73.94
തനത് ഫണ്ട്	43300547.57	325113198	368413745.57	314855709	53558036.57	85.46
സംരക്ഷണഗ്രാന്റ് റോഡ്	17709188	44916000	62625188	48697288	13927900	77.76
സംരക്ഷണ ഗ്രാന്റ് നോൺറോഡ്	3782957	6455000	10237957	7211903	3026054	70.44
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	8623376	26732388	35355764	18988823	16366941	53.71
കെ.എൽ.ജി. എസ്.ഡി.പി	758847	7315000	8073847	630822	7443025	7.81
ഇ ഫണ്ട്	24039825	2208431	26248256	6430055	19818201	24.50
ബി ഫണ്ട്	-	25989259	25989259	25989259	-	100

ജി ഫണ്ട്	-	10269554	10269554	10269554	-	100
ആകെ	118647055.57	506897830	625544885.57	480000200	145544685.57	76.73

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
322	229	76	93	47.52%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഇല്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	9,07,14,263	11,56,38,278	2,49,24,015	27.48
നികുതിയിതര വരവുകൾ	5,79,49,203	2,00,53,195	3,78,96,008 (-)	(-)65.40%
മറ്റുവരവുകൾ	1,76,08,004	28,40,74,838	26,64,66,834	1513.33
ആകെ	16,62,71,470	41,97,66,311	25,34,94,841	152.46%

തൻവർഷത്തിൽ മുൻവർഷത്തേക്കാൾ നികുതിയിതര വരവ് കുറയാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതും ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	തൊഴിൽരഹിത വേതനം	1,33,080	81
2	കർഷകതൊഴിലാളി വേതനം	21,735	3
3	വിധവാപെൻഷൻ	1,09,23,622	1221
4	വാർദ്ധക്യകാലപെൻഷൻ	88,26,618	1281
5	വികലാംഗപെൻഷൻ	34,96,730	370
6	അവിവാഹിത പെൻഷൻ	22,27,474	264
7	വിവാഹ ധനസഹായം	3,60,000	12

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ക്ഷേമപദ്ധതിയുടെ ചെലവ് സാംഖ്യാടിസ്ഥാനത്തിലുള്ള ഇൻകം അന്റ് എക്സ് പെൻഡിച്ചർ,രസീത് ആൻറ് പെയ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഏറ്റവും ഒടുവിലായി 14.06.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4,00,617/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആസ്തി സംരക്ഷണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് /മേൽനോട്ടം എന്നിവ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണത്തിൽ അപാകതകളുണ്ടെന്ന് കാണുകയുണ്ടായി. ആസ്തി രജിസ്റ്റർ കാലാനുസൃതമായി എഴുതി തയ്യാറാക്കിയിട്ടില്ല. വസ്തു നികുതി, സഞ്ചയ ഓൺ ലൈനിലൂടെ ജനങ്ങൾക്ക് സേവനം നൽകുന്നുണ്ടെങ്കിലും പ്രസ്തുത ഇനത്തിലെ കുടിശ്ശിക സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. തൊഴിൽ നികുതി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും ആയതിന്റെ സംഗ്രഹം സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് കൃത്യസമയത്ത് മറുപടി തരുന്നതിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചു കാണുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	29.07.14 മുതൽ 02.08.2014വരെ	2012-13-2013-14	31.07.2015
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20.07.2012മുതൽ 06.08.2012വരെ	2008-09-2011-12	06.10.2012

1-12 വാർഡ് സഭകളുടെ സംഘാടനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 42എ വകുപ്പ് പ്രകാരം കണ്ണൂർ നഗരസഭയിൽ 42 വാർഡ് സഭകൾ രൂപീകരിച്ചിട്ടുണ്ട്. 42എ(3) വകുപ്പ് പ്രകാരം വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ നിശ്ചയിക്കുന്ന സ്ഥലത്ത് യോഗംചേരണം എന്ന് വ്യവസ്ഥയുണ്ട്. കണ്ണൂർ നഗരസഭയിലെ വാർഡ് സഭകളുടെ മിനുട്സ് പരിശോധിച്ചപ്പോൾ വാർഡ്സഭകൾ യോഗം ചേരുന്നത് കൗൺസിലർമാരുടെ അയോഗ്യത ഒഴിവാക്കുവാൻ വേണ്ടി മാത്രമാണ് എന്ന് വ്യക്തമാകുന്നു. അധിക വാർഡിലും 2 തവണ മാത്രമാണ് യോഗം ചേർന്നത്.(ഉദാഹരണം വാർഡ്-23,24,25,26) വാർഡ് സഭകളിൽ സ്ത്രീപങ്കാളിത്തം പ്രകടമാണ്. എന്നാൽ 41ാം വാർഡിൽ(താളിക്കാവ്) 27.08.14 ലെ വാർഡ്സഭ കോറം തികയാതെയാണ് ചേർന്നത്. 767 പേരുള്ള പ്രസ്തുത വാർഡിൽ 75 പേർ മാത്രമാണ് ഹാജരായത്. വാർഡ്സഭ യോഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13 വാർഷിക കണക്കിലെ അപാകതകൾ

1)വാർഷിക ധനകാര്യ പത്രികയിലെ രസീത് & പെയ്മെന്റിലെ മുന്നിരിപ്പ് തുകയും(118647065.77) യഥാർത്ഥ മുന്നിരിപ്പ് തുകയും (118647055.57) തമ്മിൽ യോജിക്കുന്നില്ല.

2)വാർഷിക ധനകാര്യ പത്രികയിലെ രശീത് & പെയ് മെന്റിലെ ആകെ വരവ് തുകയും(417783994) യഥാർത്ഥ വരവ് തുകയും (506849807) രശീത് & പെയ് മെന്റിലെ ആകെ ചെലവ് തുകയും(390886374) യഥാർത്ഥ ചെലവ് തുകയും (479952177) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) ബാലൻസ് ഷീറ്റിലെ ബി4- ഗ്രാന്റ്സ് കോൺട്രിബ്യൂഷൻസ് എന്ന ഷെഡ്യൂളിലെ ആകെ തുകയും ബി-17 കാഷ് & ബാലൻസ് എന്ന ഷെഡ്യൂളിലെ തുകയും തുല്യമല്ല.

	ബി 4 ലെ തുക	ബി-17 ലെ തുക
ആകെ തുക	101945813	145544685.77
വ്യത്യാസം-43598872.77		

4)സ.ഉ(ആർടി) നം.885/2013/തസ്വഭവ തീ. 02.04.13 പ്രകാരം ധനകാര്യ പത്രികയിൽ സാംഖ്യ ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിൽ ഓരോ ഹെഡ് ഓഫ് അക്കൌണ്ടിലും വരവ് വയ്ക്കുന്നതും ചെലവഴിക്കുന്നതുമായ തുകകൾ

പൂർണ്ണ രൂപയിലായിരിക്കേണ്ടതാണ് എന്ന ഉത്തരവ് പാലിച്ചിട്ടില്ല.

5)ഇൻകം ആന്റ് എക്സ് പെൻഡീച്ചർ സ്റ്റേറ്റ് മെന്റിലെ I-6 ഷെഡ്യൂളിലെ ബി-ഫണ്ട് തുകയും I-14,RP-14 എന്നിവയിലെ ബി –ഫണ്ട് തുകയും തുല്യമല്ല. RP-6 ഷെഡ്യൂളും I-6 ഷെഡ്യൂളും പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഇൻകം& എക്സ് പെന്റീച്ചറിലെ I-14 മായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ബി ഫണ്ട് ഇനങ്ങൾ	I-6 ഷെഡ്യൂൾ	I-14 ഷെഡ്യൂൾ	RP-6 ഷെഡ്യൂൾ	RP-14 ഷെഡ്യൂൾ
വിധവ പെൻഷൻ	10966357	10957957	10966357	10957957
വികലാംഗപെൻഷൻ	3501530	3486930	3501530	3486930
വാർദ്ധക്യകാല പെൻഷൻ	4046060	4043460	4046060	4043460

6) നഗരസഭയുടെ സ്ഥാവര ജംഗമ ആസ്തികൾ മുഴുവനും മൂല്യ നിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾ പ്പെടുത്തിയതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലാനുസൃതമായി പുതുക്കിയിട്ടില്ല.

7) താഴെപ്പറയുന്ന ഇനങ്ങളിൽ 31.03.15 ലെ ബാലൻസ് ഷീറ്റിലെ ബി-17 ലെ ബാങ്ക് നീക്കിയിരിപ്പും അവയുടെ ബാങ്ക് സ്റ്റേറ്റ് മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനങ്ങൾ	ബീ-17 ലെ നീക്കിയിരിപ്പ് തുക	ബാങ്ക സ്റ്റേറ്റ് മെന്റിലെ നീക്കിയിരിപ്പ് തുക/പാസ്സ് ബുക്കിലെ നീക്കിയിരിപ്പ് തുക
പഞ്ചാബ് നാഷണൽ ബാങ്ക്	3,79,14,854	3,52,27,790.60
പഞ്ചാബ് നാഷണൽ ബാങ്ക്	23,984	23,933.45

എസ്.ബി.ടി ഇ-പെയ് മെന്റ്	1,04,246	56,223
എം.എഫ്.എ I	72,18,822	61,34,910
എസ്.ബി.ഐ ഓൺ ഫണ്ട്	12,53,644	21,37,241.00
ടി.പി.എ-624 റഗുലർ പെൻഷൻ	12,42,931	24,82,965
എസ്.ബി.ടി ഓൺ ഫണ്ട്	52,61,202	61,23,053.16

1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് - നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

2014-15 വർഷത്തെ സാംഖ്യാധിഷ്ഠിത വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ ബി7 ഷെഡ്യൂളിൽ ഡെപ്പോസിറ്റിനത്തിൽ 2,77,02,777/- രൂപ തിരിച്ച് നൽകാൻ ബാക്കി നിൽക്കുന്നതായി കാണിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ റീ ഫണ്ട് ചെയ്തതും ബാക്കിയുള്ളതുമായ തുകകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282, 282എ എന്നിവ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 മുൻകൂർ തുക - രേഖകൾ ഹാജരാക്കിയിട്ടില്ല

2014-15 വർഷത്തെ സാംഖ്യാധിഷ്ഠിത വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിലെ ബി 18 ഷെഡ്യൂളിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള മുൻകൂർ തുകയായി 43,10,405.48 രൂപ കാണിച്ചിട്ടുണ്ട്. അഡ്വാൻസിനത്തിൽ ക്രമീകരിച്ചതിന്റെയും പ്രവൃത്തി പൂർത്തികരിച്ച് യൂട്ടിലൈസേഷൻ ലഭിക്കുന്ന മുറയ്ക്ക് അവ ആസ്തിയാക്കിയതിന്റെയും നിജസ്ഥിതി പരിശോധിക്കാനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെ കൃത്യത ഓഡിറ്റിൽ ഉറപ്പുവരുത്താനായില്ല.

1-16 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല-ഒടുക്ക് പരിശോധനക്ക് പ്രയാസം നേരിടുന്നു.

ഓഡിറ്റ് റിക്കവറി ഇനത്തിൽ നഗരസഭ വിവിധ രശീതികളിലായി ഈടാക്കിയ തുക എത്രയെന്നും ആയത് ഏത്

റിപ്പോർട്ടിന്റെ ഖണ്ഡികയുടെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുന്ന ഒരു രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽത്തന്നെ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കുന്ന വിവിധ തുകകളുടെ വരവു വിവരം നഗരസഭയിലെ രശീതുമായി ഒത്തുനോക്കി പരിശോധിക്കുന്നത് ഏറെ ദുഷ്കരമായിരിക്കുകയാണ്. ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് റിക്കവറി വിവരം നഗരസഭ ലഭ്യമാക്കുന്നുണ്ടെങ്കിലും രശീതി വിവരം, റിപ്പോർട്ട് സംബന്ധിച്ച വിവരം ഇവ കൃത്യമായി ലഭ്യമാക്കാത്തതിനാൽ, അത്തരം സംഗതികളിൽ ഒടുക്ക് പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സം ഒഴിവാക്കുന്നതിന് ഓഡിറ്റിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

1-17 ദുരിതാശ്വാസനിധി -പ്രവർത്തനം കാര്യക്ഷമമല്ല.

നഗരസഭാ പരിധിയിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണത്തിനായി അടിയന്തിരധനസഹായം നൽകുന്നതിനായി രൂപീകരിക്കപ്പെട്ടതാണ് ചെയർമാന്റെ ദുരിതാശ്വാസനിധി. കണ്ണൂർ നഗരസഭയിലെ ചെയർമാന്റെ ദുരിതാശ്വാസനിധിയുടെ 2014-15 ലെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.(പാസ് ബുക്ക് പ്രകാരം)

മുന്നിരിപ്പ്	95,662
വരവ്-(പലിശ)	3,826
ആകെ	99,488
ചെലവ്	16,000
നീക്കിയിരിപ്പ്	83,488/

കണ്ണൂർ നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും എപ്പോൾ രൂപീകരിച്ചുവെന്നത് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. 2003 ലെ കേരള മുനിസിപ്പാലിറ്റി(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനായുള്ള യാതൊരുവിധ കലാ-കായിക വിനോദപരിപാടികളും നഗരസഭ നടത്താറില്ല. മാത്രമല്ല സംഭാവനപോലുള്ള മറ്റു ധനാഗമമാർഗ്ഗങ്ങളിലൂടെ ഒറ്റത്തുകയും 2014-15 വർഷം ഈ നിധിയിലേക്ക് നഗരസഭ സമാഹരിച്ചിട്ടില്ല . ദുരിതാശ്വാസനിധിയുടെ വരവ് ചെലവു കണക്കുകൾ വ്യക്തമാക്കുന്ന കാഷ്ബുക്ക് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് നൽകാനുള്ള രശീതികളോ, രശിതികളുടെ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2014-15 വർഷം കേവലം 8 പേർക്ക് മാത്രമാണ് ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭ്യമാക്കിയത്. ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുവാൻ ഒരു രജിസ്റ്ററും, സബ് കമ്മിറ്റിയുടെ യോഗ നടപടികളുടെ മിനിട്സ് രേഖപ്പെടുത്തുവാൻ ഒരു മിനിട്സ് പുസ്തകവും വെവ്വേറെ

സൂക്ഷിച്ചുപോരേണ്ടതാണ്. ചെയർമാന്റെ ദുരിതാശ്വാസനിധിയിൽനിന്ന് സഹായധനം ലഭ്യമാക്കാനുള്ള അപേക്ഷകൾ വർഷംതോറും കുറഞ്ഞു വരുന്നത് നഗരസഭക്കു കീഴിൽ ഇത്തരമൊരു ദുരിതാശ്വാസനിധി പ്രവർത്തിക്കുന്നുണ്ടെന്നും അടിയന്തിരഘട്ടത്തിൽ അതിൽ നിന്നും സഹായം ലഭ്യമാണെന്നും നിർദ്ധനരായ ആളുകളെ അറിയിക്കുന്നതിൽ നഗരസഭ പരാജയപ്പെടുന്നു എന്നതിന്റെ തെളിവാണ്. ധനശേഖരണാർത്ഥം കലാകായിക വിനോദ പരിപാടികൾ പോലുള്ളവ സംഘടിപ്പിക്കുവാൻ നഗരസഭ തയ്യാറാവുകയും പരിപാടിയുടെ ലക്ഷ്യത്തെക്കുറിച്ച് കൂടുതൽ ബോധവൽക്കരണം നടത്തുകയും ചെയ്താൽ ദുരിതാശ്വാസനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കാനും അതുവഴി കൂടുതൽ നിർദ്ധനരായ ആളുകളെ സഹായിക്കാനും നഗരസഭക്ക് സാധിക്കും. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ക്ഷേമ പെൻഷൻ അപാകതകൾ

ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ നിശ്ചിത സമയ പരിധിക്കകം തീർപ്പുകൽപ്പിക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധാന്തി കാണിക്കുന്നില്ല. വിവിധ പെൻഷൻ അപേക്ഷാരജിസ്റ്ററുകൾ പരിശോധി ച്ചതിൽ പല അപേക്ഷകളിലും യഥാസമയം തീർപ്പുകൽപ്പിച്ചതായി കാണുന്നില്ല.

അവിവാഹിത പെൻഷൻ

അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അപേക്ഷകളിൽ ബന്ധപ്പെട്ട സമിതികൾ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്.(ജി.ഒ(എം.എസ്)14/2001/സാ.ക്ഷേ.വ തീ,31.03.2001) എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ ആകെ ലഭിച്ച 34 അപേക്ഷകളിലും നിശ്ചിത സമയപരിധിക്കകം തീരുമാനമെടുത്തതായി കാണുന്നില്ല. സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ നിശ്ചിത സമയത്തിനകം ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കാൻ ഇത് കാരണമാകുന്നു.

ഉദാഹരണം :-

ക്രമ നമ്പർ	രജിസ്റ്ററിലെ ക്രമ നമ്പർ	അപേക്ഷാ നമ്പരും ലഭിച്ച തീയതി യും	അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	തീർപ്പിന്റെ നമ്പറും തീയതിയും
1	155	18024/25.06.14	കെ.ഉഷ, കോളി ഹൗസ്	അംഗീകരിച്ചു. 10.12.14
2	158	22275/03.09.14	ബി.ബോബി,പായഞ്ചിറ വളപ്പിൽ ഹൗസ്,തെക്കി ബസാർ	അംഗീകരിച്ചു. 18/03/15
3	160	22698/12.09.14	വിനീത.പി, പൂതട്ട ഹൗസ്,	അംഗീകരിച്ചു.

			കൊടപ്പറമ്പ,താണ	18/03/15

തൊഴിൽ രഹിത വേതനം

തൊഴിൽ രഹിത വേതനത്തിനുള്ള അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതാണ്. (1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ [ജി.ഒ(പി)23/98/തൊഴിൽ 28.05.1998 റൂൾ 6(1)] . എന്നാൽ നഗരസഭയ്ക്ക് 2014-15 സാമ്പത്തിക വർഷം ആകെ ലഭിച്ച 8 അപേക്ഷകളിൽ ഒരെണ്ണം മാത്രമാണ് നിശ്ചിത സമയപരിധിക്കകം തീർപ്പുകൽപിച്ചിട്ടുള്ളത്.

ഉദാഹരണങ്ങൾ

ക്രമ നമ്പർ	രജിസ്റ്ററിലെ ക്രമ നമ്പർ	അപേക്ഷാനമ്പരും ലഭിച്ച തീയതിയും	അപേക്ഷകന്റെ പേരും മേൽവിലാസവും	തീർപ്പിന്റെ നമ്പറും തീയതിയും
1	94	22714/12.09.14	ഷഹാനബാനു, എം.എ.ഹൗസ്, എം.പി.റോഡ്,തയ്യിൽ	അംഗീകരിച്ചു. സി.ആർ.നം. 29/ 18.03.15
2	98	526/12.01.15	നസീമ.ടി.കെ, തൊന്തി ഹൗസ്,കണ്ണൂർ സിറ്റി	അംഗീകരിച്ചു. സി.ആർ.നം.27/ 14.05.15

രജിസ്റ്റർ അപാകതകൾ

രജിസ്റ്റർ പരിശോധിച്ച പ്രകാരം കാണുന്ന ചില അപാകതകൾ

1)അപേക്ഷാ രജിസ്റ്റർ(അവിവാഹിത പെൻഷൻ)

രജിസ്റ്ററിലെ ക്രമ നമ്പർ	അപേക്ഷ ലഭിച്ച തീയ്യതി	പേരും മേൽവിലാസവും	അംഗീകരിച്ച തീയ്യതി.
169	26.12.14	വനജ.കെ.എൻ, നരിക്കുട്ടി ഹൗസ്, തളാപ്പ്.	10.12.2014

26.12.14 ന് ലഭിച്ച അപേക്ഷ 10.12.14 ന് അംഗീകരിച്ചത് എങ്ങിനെയെന്ന വ്യക്തമല്ല. അപേക്ഷ അന്വേഷണ

ഉദ്യോഗസ്ഥന് അയച്ചതും തിരിച്ചു വന്നതുമായ തീയ്യതികളും നിരസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണവും തീയ്യതിയും രജിസ്റ്ററിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ മിക്കവാറും അപേക്ഷകളിൽ നടപടി കൈക്കൊണ്ടതിന്റെ വ്യക്തമായ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

അപേക്ഷകൾ അന്വഷണ ഉദ്യോഗസ്ഥർക്ക് അർഹതാ പരിശോധനക്കായി അയച്ചാൽ തിരിച്ചു വരാൻ വൈകുന്നത് ഗുണഭോക്തൃ തിരഞ്ഞെടുപ്പിലെ ദീർഘമായ കാലതാമസത്തിന് പ്രധാന കാരണമാണ്. അന്വേഷണ ഉദ്യോഗസ്ഥർക്ക് അർഹതാ പരിശോധനക്ക് ലഭിക്കുന്ന പെൻഷൻ അപേക്ഷകൾ നിശ്ചിത ദിവസത്തിനകം അന്വേഷിച്ച് തീർപ്പുകല്പിക്കണമെന്ന് കർശനമായി നിർദ്ദേശിക്കാവുന്നതാണ്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 44(കെ) അനുശാസിക്കും പ്രകാരം വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന വാർഡ്സഭ നടത്തേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് പരിശോധിച്ചതിൽ, ഇപ്രകാരം പരിശോധന നടത്തിയതായി കാണുന്നില്ല.

വിവിധ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നതോ മണി ഓർഡർ വഴി വീട്ടിലെത്തിക്കുന്നതോ ആയിരിക്കും കൂടുതൽ അഭികാമ്യം.

ക്ഷേമ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഗുണഭോക്താവ് മരണപ്പെട്ടുപോയാൽ ആ വിവരം പെൻഷൻ വിതരണ സംവിധാനത്തിൽ അറിയിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

1-19 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം പരാജയം

നഗരമേഖലയിലെ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കിയ സമഗ്ര തൊഴിൽദാന പദ്ധതിയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കണ്ണൂർ നഗരസഭ വൈമുഖ്യം പുലർത്തിപ്പോരുകയാണ്. കണ്ണൂർ നഗരസഭയിൽ, 2011 ജൂണിൽ പദ്ധതിക്ക് തുടക്കം കുറിച്ചെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ നാമമാത്രമായ തോതിലെങ്കിലും പ്രവർത്തനം നടന്നത് 2013-14 വർഷം മാത്രമാണ്. 2014-15 വർഷം തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ കണ്ണൂർ നഗരസഭ പൂർണ്ണമായും പരാജയപ്പെട്ടതായി കാണാം. 2014-15 ൽ വാർഷിക കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ 46 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും പദ്ധതികളൊന്നും നടപ്പാക്കിയില്ല.

2014-15 വർഷം നഗരസഭയിൽ ഒരു തൊഴിൽദിനംപോലും സൃഷ്ടിക്കാതെ ഭരണ നിർവ്വഹണത്തിന് മാത്രമായി 1,53,583/- രൂപ ചെലവഴിച്ചു എന്നത് ഗൌരവതരമാണ്. 2013-14 സാമ്പത്തിക വർഷം ആകെ 61 പേർ തൊഴിലിനായി രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുണ്ട് എന്നത് തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള തൊഴിലന്വേഷകർ നഗരസഭയിൽ ഉണ്ടെന്നതിന്റെ സൂചനയാണ്. 2014-15 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നഗരസഭയുടെ അപേക്ഷയിൽ ആസ്തി നിർമ്മാണവും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ പ്രവൃത്തികൾ ഉൾക്കൊള്ളിച്ച് പ്രവൃത്തികൾ തയ്യാറാക്കി ലേബർ ബജറ്റും ആക്ഷൻ പ്ലാനും ഡി.പി.സി ശുപാർശയോടെ ലഭ്യമാക്കേണ്ടതാണെന്ന്

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയരക്ടർ നിർദ്ദേശം നൽകിയെങ്കിലും(02.12.2014 ലെ ഡി-214/13 നമ്പർ കത്ത്)പ്രസ്തുത നിർദ്ദേശം നഗരസഭ ഗൗരവത്തിലെടുക്കാതെ അവഗണിക്കുകയാണുണ്ടായത്. ഇത് തൊഴിലാളികൾക്ക്, അവരുടേതല്ലാത്ത കാരണത്താൽ തൊഴിൽ നിഷേധിക്കപ്പെടാനിടയാക്കി. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങളിലെത്തിക്കാൻ ബാദ്ധ്യസ്ഥരായ നഗരസഭയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യവിലോപമായി ഇതിനെ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1-20 ഓഡിറ്റ് റിപ്പോർട്ട്:-തുടർ നടപടികളിൽ അലംഭാവം ഒഴിവാക്കേണ്ടതാണ്:

കേരള മുനിസിപ്പാലിറ്റി നിയമം 295(4) വകുപ്പ് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ്/സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന ഓഡിറ്റിന്റെ റിപ്പോർട്ട് നഗരസഭക്ക് അയച്ചുകൊടുക്കുകയും 295(7) വകുപ്പ് പ്രകാരം പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പോരായ്മകളും ക്രമക്കേടുകളും മുനിസിപ്പാലിറ്റി ഉടൻ പരിഹരിക്കേണ്ടതും ആയതിന്മേൽ കൈക്കൊണ്ട നടപടി മൂന്ന് മാസത്തിനകം ഓഡിറ്റർക്കും സർക്കാരിലേക്കും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം14(2) പ്രകാരം നഗരസഭക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിന്മേൽ സെക്രട്ടറി തയ്യാറാക്കിയ കുറിപ്പോടുകൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനക്കായി വെക്കേണ്ടതാണ്. റിപ്പോർട്ട് നഗരസഭക്ക് ലഭിച്ച് ഒരു മാസത്തിനകം ഇപ്രകാരമുള്ള കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചു ചേർക്കേണ്ടതും(ചട്ടം 14,ഉപചട്ടം3) ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്തമായ പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനം എടുക്കേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭാ കൗൺസിൽ എടുത്ത തീരുമാനങ്ങളുടെയും പകർപ്പുകൾ നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും റിപ്പോർട്ട് വാർഡ് സഭകളിൽ ചർച്ച ചെയ്യണമെന്നും ഈ ചട്ടങ്ങളിലെ 15ാം ചട്ടം വ്യക്തമാക്കുന്നു. ഇപ്രകാരം സുവ്യക്തവും തർക്കരഹിതവുമായ നിയമ വ്യവസ്ഥകൾ നിലവിലുണ്ടായിട്ടും സമകാലിക ഓഡിറ്റ് സംവിധാനം നിലനിൽക്കുന്ന കണ്ണൂർ നഗരസഭയിൽ ഓഡിറ്റ് റിപ്പോർട്ടുകളോട് സ്വീകരിക്കുന്ന സമീപനം തീർത്തും നിരുത്തരവാദപരമാണ്. ഓഡിറ്റ് റിപ്പോർട്ട് പ്രത്യേക കൗൺസിൽ യോഗം വിളിച്ച് ചർച്ച ചെയ്യാനോ ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാനോ നഗരസഭ തയ്യാറാകുന്നില്ല. 2011-12 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നഗരസഭ പ്രഥമ മറുപടിപോലും ലഭ്യമാക്കിയിട്ടില്ല. 1975-76 മുതൽ 2013-14 വരെയായി 40 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ആയത് തീർപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾക്കായി നഗരസഭയോട് നിരന്തരം ആവശ്യപ്പെട്ടിട്ടും നഗരസഭ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുന്തിയ മുൻഗണന നൽകേണ്ടതാണെന്ന് സർക്കാർ പല ഘട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെയും സൂക്ഷ്മമായ നിരീക്ഷണത്തിനും തുടർ നടപടികൾക്കും വിധേയമാണ് ഈ റിപ്പോർട്ടുകൾ.

ന്യൂനതകൾ കണ്ടെത്തുക എന്നതിനപ്പുറം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ്

ഉറപ്പാക്കുക എന്നതിലേക്ക് ആധുനിക കാലഘട്ടത്തിൽ ഓഡിറ്റിന്റെ കാഴ്ചപ്പാട് മാറിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രേഖകൾ പരിശോധിക്കുന്ന ഘട്ടത്തിൽ തന്നെ വാചികമായും രേഖാമൂലവുമുള്ള ഓഡിറ്റ് അന്വേഷണങ്ങളും വിശദീകരണങ്ങളും സ്ഥാപനത്തിൽ നിന്ന് ഓഡിറ്റ് തേടാറുണ്ട്. എന്നാൽ ഇക്കാര്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിനോ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനോ നഗരസഭ വേണ്ടത്ര ശ്രദ്ധ പുലർത്തി വരുന്നതായി കാണുന്നില്ല. ഇപ്രകാരം മറുപടി ലഭിക്കാത്ത കാര്യങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശങ്ങളായി വരുന്നത്, റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികളുമായി മുന്നോട്ട് പോകാൻ ഈ വകുപ്പ് നിർബന്ധിതമാവുകയും ഉത്തരവാദികളാക്കപ്പെടുന്നവർ കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനത്തെ ഇപ്രകാരം നിരുത്തരവാദപരമായി സമീപിക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാവുന്നതല്ല. ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാനും, ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം മറുപടി നൽകാനും റിപ്പോർട്ടിലെ പരാമർശങ്ങളിൽ നിന്ന് സമയബന്ധിതമായി നടപടി സ്വീകരിക്കാനും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തീർപ്പാകാത്ത ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തനത് വരുമാനം-നഗരസഭക്ക് കിട്ടാൻ 11 1/2 കോടിയിലധികം

2014-15 വർഷത്തിൽ സാംഖ്യാധിഷ്ഠിത വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-15 സൺട്രി

ഡെബ്റ്റേർസ്(റിസീവബിൾസ്) പ്രകാരം 31.03.2015 തീയ്യതിവരെയായി കണ്ണൂർ നഗരസഭ 11,58,93,649/- രൂപ വിവിധയിനം നികുതിനികുതിയേതര വരവിനത്തിൽ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.

ഇനം	കിട്ടാനുള്ള തുക (₹)
വസ്തു നികുതി-തൻവർഷം	83,94,643
മുൻവർഷം കുടിശ്ശിക	4,54,58,632.66
തൊഴിൽ നികുതി തൻവർഷം	15,40,745/-
മുൻവർഷ കുടിശ്ശിക	1,01,80,207.66/-
പരസ്യ നികുതി-മുൻവർഷ കുടിശ്ശിക	8,42,222.34/-
ലൈസൻസ് ഫീസ്(തൻവർഷം)	28,042/-
മുൻവർഷ കുടിശ്ശിക	12,39,593.07/-
വാടക(തൻവർഷം)	30,48,440/-
മുൻവർഷ കുടിശ്ശിക	32,43,256
ഗസ്റ്റ് ഹൗസ് വാടക(മുൻവർഷ കുടിശ്ശിക)	51,468/-
ഭൂമി-പാട്ടം(തൻവർഷം)	2,64,716/-
മുൻവർഷ കുടിശ്ശിക	6,50,820/-
അദർ റിസീവബിൾസ്(തൻവർഷം)	1,91,67,288/-
അദർ റിസീവബിൾസ് മുൻവർഷ കുടിശ്ശിക	2,26,58,843/-
സർവ്വീസ് സെസ്സ്(കുടിശ്ശിക)	13,495/-

(-)റിസീവബിൾസ് ഫോർ സർചാർജ്ജ് ഓൺ പ്രോപ്പർട്ടി ടാക്സ്(മുൻവർഷ കുടിശ്ശിക)	13,495/-
(-)സ്റ്റേറ്റ് ഗവണ്മെന്റ് സെസ്സ് ലെവി ഇൻ പ്രോപ്പർട്ടി ടാക്സ്(കൺട്രോൾ അക്കൗണ്ട്)	8,75,267.93
ആകെ	11,58,93,649/-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(1) വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുക ആയത് ലഭിക്കുന്നതിന് നടപടികൾ/നിയമനടപടികൾ ആദ്യം ആരംഭിക്കാമായിരുന്ന / നടത്താവുന്ന തീയ്യതി മുതൽ 3 വർഷത്തിനുശേഷം യാതൊരു വ്യവഹാരമോ ശിക്ഷാ നടപടിയോ ജപ്തിയോ ഇതിന്മേൽ നടത്താൻ പാടില്ലാത്തതുമാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ പിരിച്ചെടുക്കുവാനുള്ള കുടിശ്ശിക ഏത് വർഷത്തേതെന്ന് മനസ്സിലാക്കാനും സാധിച്ചിട്ടില്ല. മേൽ കൊടുത്തിട്ടുള്ള വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ പ്രധാന വരവിനങ്ങളുടെ കുടിശ്ശിക കാലഹരണപ്പെട്ടു പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയതുമൂലം മുനിസിപ്പാലിറ്റിക്ക് ലഭ്യമാകേണ്ട തുക നഷ്ടമായിട്ടുണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് നിയമാനുസൃതം അന്വേഷിക്കേണ്ടതും ആ ഉദ്യോഗസ്ഥരിൽ നിന്ന് 18% പലിശ സഹിതം തുക ഈടാക്കേണ്ടതുമാണ്. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കുന്ന നിലയിലുള്ള ഈ വരുമാന കുടിശ്ശിക തടയാനുള്ള അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ സവിശേഷമായ ശ്രദ്ധ ക്ഷണിക്കുന്നു.

2-2 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ - നഗരസഭയ്ക്ക് വൻ തുക നഷ്ടം

1) വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ വീഴ്ച -നഗരസഭയ്ക്ക് 2,47,500/- രൂപയുടെ നഷ്ടം.

വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിച്ച 2014-15ലെ ഡിമാന്റ് രജീസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥാപനങ്ങളുടെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും തുക ഈടാക്കുന്നതിൽ നഗരസഭാ ജീവനക്കാരുടെ ഭാഗത്ത് നിന്നും വലിയ അനാസ്ഥ ഉണ്ടായതായി കാണുന്നു. 42 വാർഡുള്ള നഗരസഭയുടെ കീഴിൽ ധാരാളം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി.കെ, ടി.എം, ടി.പി.എൽ, കെ.ടി എന്നീ വാർഡുകളിലെ മുന്നൂറോളം സ്ഥാപനങ്ങളിൽ നിന്നായി 2014-15 വർഷം 2,47,500/- രൂപ പിരിച്ചെടുത്തതായി കാണുന്നില്ല. വിശദ വിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധം-3ൽ കൊടുത്തിട്ടുണ്ട്.

അനുബന്ധം 3 പട്ടികയിൽ ചേർത്ത പ്രകാരമുള്ള നികുതി ഈടാക്കാത്തത് സംബന്ധിച്ച് 13/14-15/സിഎം2/16

തീ.10.05.2016 നമ്പർ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് മുഖേന വിശദീകരണം ആരാഞ്ഞെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ചട്ടപ്രകാരം ഈടാക്കാത്തതിനാലുണ്ടായ 2,47,500/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നഗരസഭയിലെ മറ്റു വാർഡുകളിലെയും നികുതി ഈടാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് വഴി നഗരസഭയ്ക്ക് ഭീമമായ നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 4(1) പ്രകാരം, ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സ്ഥാപനത്തിലോ തൊഴിലെടുക്കുകയും തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥനാവുകയും ചെയ്യുന്ന വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ കണ്ണൂർ നഗരസഭയിലെ 2014-15 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചട്ട പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ നൂറ്റി അൻപതോളം ജീവനക്കാരിൽ നിന്നും നഗരസഭ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരങ്ങൾക്ക് അനുബന്ധം 3(1) കാണുക. അനുബന്ധം 3-(1) പട്ടികയിൽ പ്രതിപാദിച്ച ജീവനക്കാരിൽ നിന്ന് ചട്ടം അനുശാസിക്കും പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3)ബാങ്ക്ശാഖ തൊഴിൽ നികുതി ഒടുക്കിയില്ല.

തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറിയുടെ 27.11.98 ലെ 46915/എൽ.2/97 നമ്പർ കത്ത് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത്/ നഗരസഭയുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം പ്രത്യേകം തൊഴിൽ നികുതി ഒടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സിഡബ്ല്യു വാർഡിലെ കണ്ണൂർ ടൗൺ സർവ്വീസ് ബാങ്ക്/ ലിമിറ്റഡ് നമ്പർ 844(കെട്ടിട നമ്പർ.35/1333 ഡിഇ) 2014-15ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

4)തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച്

2012-13 സാമ്പത്തിക വർഷത്തിൽ കണ്ണൂർ കക്കാട് റോഡിൽ പ്രവർത്തനം ആരംഭിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ, പുസ്തക വില്പനശാലയിലെ ജീവനക്കാരിൽ നിന്നും 2012-13 വർഷം മുതൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)ശമ്പള വിവരമറിയാതെ നികുതി സ്വീകരിക്കൽ:-വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കണ്ണൂർ നഗരസഭാ പരിധിയിലുള്ള സതേൺ റെയിൽവെ ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും അവരുടെ അർദ്ധ വാർഷിക വരുമാനം, ബോണസ്, മറ്റു വരുമാനം എന്നിവ അടങ്ങിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 254(2) വകുപ്പ് പ്രകാരം ഓരോ ഓഫീസ് മേധാവിയും/ തൊഴിലുടമയും അർദ്ധവർഷാവസാനത്തിനുമുൻപ് നികുതി തിട്ടപ്പെടുത്തിയ എല്ലാ ജീവനക്കാരുടെയും വിശദാംശങ്ങൾ

അർദ്ധ വാർഷിക വരുമാനം(ശമ്പളം, ക്ഷാമബത്ത, ബോണസ്, മറ്റ വരുമാനങ്ങൾ), ഈടാക്കിയ നികുതി തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം മുനിസിപ്പാലിറ്റിക്ക് നൽകേണ്ടതും സമർപ്പിച്ചിട്ടുള്ള പ്രസ്താവനയിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിച്ചുകൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റും നൽകേണ്ടതുമാണ്. എന്നാൽ സതേൺ റെയിൽവെ, കണ്ണൂർ, റെമിറ്റൻസ് നോട്ടിനോടൊപ്പം ഹാജരാക്കിയ സ്റ്റേറ്റ് മെന്റിൽ ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഒടുക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളവിവരങ്ങൾ രേഖപ്പെടുത്താതെയുള്ള സ്റ്റേറ്റ് മെന്റിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി 27,750/- രൂപ ഈടാക്കിയിട്ടുള്ളത്. 2005ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 4 പ്രകാരം അർദ്ധ വാർഷിക വരുമാനം കാണിക്കുന്ന VI ാം നമ്പർ ഫോറത്തിൽ സത്യപ്രസ്താവനാസഹിതം നികുതി ഈടാക്കേണ്ടതാണ്. റിട്ടേൺ പ്രകാരം സമർപ്പിക്കപ്പെട്ട നികുതി കണക്കാക്കിയത്, പ്രസ്തുത ജീവനക്കാരുടെ ബന്ധപ്പെട്ട അർദ്ധ വർഷത്തെ നികുതിക്ക് പരിഗണിക്കാവുന്ന മുഴുവൻ വരുമാനത്തിന്റെയും അടിസ്ഥാനത്തിൽത്തന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക പരിശോധനപോലും നടത്താതെ തൊഴിൽ നികുതി ഈടാക്കിയതിന് ബന്ധപ്പെട്ട ജീവനക്കാരൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6)സി.ബി.എസ്.ഇ.സ്കൂൾ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത സംബന്ധിച്ച്.

കണ്ണൂർ നഗരസഭാ പരിധിയിൽ 2014-15 വർഷത്തിൽ സി.ബി.എസ്.ഇ അഫിലിയേഷനോട് കൂടി പ്രവർത്തിച്ചിരുന്ന സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയപ്പോഴും കുറവ് വന്നിട്ടുണ്ട്. സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എജ്യൂക്കേഷന്റെ [സി.ബി.എസ്.ഇ ബൈലോ ചാപ്റ്റർ 3(5)] അഫിലിയേഷനായുള്ള മാർഗ്ഗനിർദ്ദേശം പ്രകാരം സി.ബി.എസ്.ഇ സ്കൂളുകളിലെ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലി ചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, മറ്റ ആനുകൂല്യങ്ങളും നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചിരുന്ന സി.ബി.എസ്.ഇ സ്കൂളുകൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ വേതന വിവരങ്ങൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതായി കാണുന്നത്. ആയതിനാൽ നഗരസഭക്ക് കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ലഭിച്ചിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ:

1	എച്ച്.എം.സലഫി ഇംഗ്ലീഷ് മീഡിയം സ്കൂൾ,കണ്ണൂർ
2	എച്ച്.എം, എസ്.എഫ്.എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ(വി.പി.ഇ.വാർഡ്)

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്. ഇ. സ്കൂളുകളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ

റിട്ടേണുകൾ വാങ്ങി ഈയിനത്തിൽ നഗരസഭ ഫണ്ടിനു നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

7) വാർഷിക ധനകാര്യപത്രികയിലെ തൊഴിൽ നികുതി വ്യത്യാസം :-

കണ്ണൂർ നഗരസഭയുടെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-I ടാക്സ് റവന്യൂ ഹെഡിൽ തൊഴിൽ നികുതി (എംപ്ലോയിസ്) (11,01,00,200) ഇനത്തിൽ 2,82,63,276/- രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. എന്നാൽ മാനുവലായി തയ്യാറാക്കിയിട്ടുള്ള ഡിമാന്റ് രജിസ്റ്ററിൽ 2,85,82,046/- രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്. രജിസ്റ്ററിൽ നിന്ന് വിഭിന്നമായി വാർഷിക അക്കൗണ്ടിൽ 3,18,770/- രൂപയുടെ കുറവുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2-3 വസ്തു നികുതി നിർണ്ണയത്തിലെ-അപാകത 15,360/- രൂപ നഗരസഭയ്ക്ക് നഷ്ടം.

തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പിന്റെ 14-01-2011ലെ സ.ഉ(അ)17/2011/തസ്വഭവ ഉത്തരവിന്റെയും 14.01.2011ലെ സ.ഉ(അ)18/2011/തസ്വഭവ നമ്പർ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 20.01.2012 ലെ 55ാം നമ്പർ തീരുമാനപ്രകാരം കണ്ണൂർ നഗരസഭയിലെ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 30.01.2012 ൽ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ 200 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവക്കായുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 140/- രൂപയാണ്. എന്നാൽ 7ാം വാർഡിലെ കെഎൽ-07/310 നമ്പർ വാണിജ്യാവശ്യത്തിനായുള്ളതും 256 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണവുമുള്ള കെട്ടിടത്തിന്(വാണിജ്യാവശ്യത്തിന്റെ തരം വ്യക്തമാക്കിയിട്ടില്ല) ചതുരശ്ര മീറ്ററിന് 90/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 15360/- രൂപ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഉടമസ്ഥന്റെ പേര്	90രൂപ പ്രകാരം നിർണ്ണയിച്ച നികുതി	നിർണ്ണയിക്കേണ്ട നികുതി 140/- രൂപ പ്രകാരം	കുറവ്
ആലക്കലകത്ത് അഹമ്മദ് അഷറഫ്, മുഹമ്മദ് സമീൽ& മുഹമ്മദ് മൻസൂർ	256 x90 =23040 വഴിസൗക ര്യത്തിന്റെ അടിസ്ഥാ നത്തിലുള്ള വർദ്ധന 20 %=4608	256 x140 = 35840 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന (+) 20 %=7168 ആകെ 43008	15360

	ആകെ 27648		

മേൽ കൗൺസിൽ തീരുമാന പ്രകാരം നികുതി നിർണ്ണയം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 15,360/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ജീവനക്കാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2-4 ഒഴിവിളവ് - അപാകതകൾ

കണ്ണൂർ നഗരസഭയിൽ 2014-15 വർഷത്തിൽ വേക്കൻസിറമിഷൻ ഇനത്തിൽ ലഭിച്ച അപേക്ഷകൾ/ രേഖകൾ, രജിസ്റ്ററുകൾ എന്നിവ മുഴുവനായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1)ഒഴിവിളവിനായുള്ള അപേക്ഷയോടൊപ്പം മുൻ അർദ്ധ വർഷം കെട്ടിട നികുതി ഒടുക്കിയ രശീതിയുടെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

(2) മുൻ അർദ്ധവർഷം ഒഴിവിളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ വിവരം അപേക്ഷയിൽ രേഖപ്പെടുത്തുന്നില്ല.

(3)കെട്ടിടത്തിന്റെ ഡിമാന്റ് തുകയും ഒഴിവിളവ് അനുവദിച്ച തുകയും എത്രയെന്നതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

(4)2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(3) ൽ നിശ്ചയിച്ച ഫോറം 11 പ്രകാരമുള്ള ഒഴിവിളവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അതിൽ ഉൾപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററിൽ കെട്ടിടത്തിന്റെ നമ്പർ അംഗീകരിച്ചുവോ, നിരസിച്ചോ എന്ന വിവരങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ. ഇളവ് തുകയും ഡിമാന്റ് തുകയും സംബന്ധിച്ചും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

രേഖകളിലും രജിസ്റ്ററിലും പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്തതിനാൽ ഈയിനത്തിൽ ഇളവ് അനുവദിച്ചതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2-5 നഗരസഭ വക കെട്ടിടങ്ങളുടെ വാടക കരാർ കാലാവധി അവസാനിച്ചിട്ടും പുതുക്കി നിശ്ചയിക്കുന്നില്ല- കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് വഴി നഗരസഭയ്ക്ക് വൻ നഷ്ടം.

കണ്ണൂർ മുനിസിപ്പൽ കൗൺസിലിന്റെ 09.04.2013 ലെ 51ാം നമ്പർ യോഗ തീരുമാന പ്രകാരം അംഗീകരിച്ച കണ്ണൂർ നഗരസഭാ കെട്ടിടങ്ങൾ സംബന്ധിച്ച പുതുക്കിയ നിയമാവലി പ്രകാരം കണ്ണൂർ നഗരസഭാ വക കെട്ടിടങ്ങളുടെ ലേല/ടെണ്ടർ പ്രകാരമുള്ള കരാർ കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വാടക ഈടാക്കേണ്ടതുണ്ട്. എന്നാൽ 2014-15 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കാണിച്ച കെട്ടിടങ്ങളുടെ വാടക കരാർ കാലാവധി

കഴിഞ്ഞിട്ടും പുതുക്കി നിശ്ചയിച്ചിട്ടില്ല. 2015-16 വർഷത്തിലും പഴയ നിരക്കിലാണ് വാടക ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ :-

ക്രമ നം.	റൂം നമ്പർ	ലൈസൻസിയുടെ പേര്	ഈടാക്കിയ വാടക	കരാർ കാലാവധി പൂർത്തിയാക്കിയ തീയ്യതി.
1)	JSSC 2	ടി.പ്രകാശ്	1876	31.03.13
2)	JSSC 53	വി.പി.ജ്യോത്സ്ന	620	31.03.13
3)	JSSC 61	എൻ.പി.സുഗ്രണൻ	559	31.08.13
4)	JSSC75	ടി.പി.അഹമ്മദ്	590	31.03.13
5)	JSSC 32	കെ.ബാലകൃഷ്ണൻ നായർ	1400	31.03.13
6)	JSSC 83	കെ.ബാലകൃഷ്ണ പണിക്കർ	ഈടാക്കിയ വിവരം ലഭ്യമല്ല	-
7)	JSSC 34	കെ.രാധാകൃഷ്ണൻ	428	31.03.13
8)	JSSC100A	എ.കെ.വിവേക്	1760	31.03.13
9)	JSSC 118	കിരൺ ജേക്കബ്ബ്	1801	31.08.13
10)	JSSC 101	സി.ചിത്രാംഗദൻ	2765	31.03.13
11)	ബസ് സ്റ്റാന്റ് 5	എൻ.കെ.ജയചന്ദ്രൻ	1826	31.03.13
12)	ബസ് സ്റ്റാന്റ് 13A	പി.കാർത്ത്യായനി	20295	19.01.15
13)	പട്ടാളം റോഡ്11	അമീർ അലി	18100	06.10.14
14)	കെ.എസ്.ആർ.ടി.സി 9	പി.വി.കുഞ്ഞിക്കണ്ണൻ	1997	31.03.09
15)	താണ ബിൽഡിംഗ്-1	വി.കെ.മനോജ് കുമാർ	1064	31.03.14
15	താണ ബിൽഡിംഗ്-2	വി.കെ.മനോജ് കുമാർ	1099	31.03.14
16	ആർ.സി.സി.ബിൽഡിംഗ് 1	കെ.മുഹമ്മദ് നാസർ	1008	31.03.12
17	ആർ.സി.സി.ബിൽഡിംഗ്-4	ടി.പി.യൂസഫ്	602	31.03.12

18	ആർ.സി.സി.ബിൽഡിംഗ്-6	സി.നിർമല	351	31.03.09
19	ആർ.സി.സി.ബിൽഡിംഗ്-7	ജ്യോതി.എം	339	31.03.09
20	ആർ.സി.സി.ബിൽഡിംഗ്-10	സി.അനിൽകുമാർ	800	31.03.12
21	ആർ.സി.സി.ബിൽഡിംഗ്-16	പി.മൊയ്തീൻ	318	31.03.11
22	ഗസ്റ്റ് ഹൗസ്	കെ.ഹാറൂൺ	83875	28.10.14
23	സ്റ്റേഡിയം പവലിയൻ-10	അമർ ജ്യോതിഷ്.പി	11010	23.12.14
24	ഫ്രൂട് മാർക്കറ്റ്	പി.പി.സൈനൽ അബ്ദീൻ	4235	22.03.14
25	ഫ്രൂട്ട് മാർക്കറ്റ് 20	പി.പ്രമോദ്	4235	22.03.14
26	ഫ്രൂട്ട് മാർക്കറ്റ് 27	പി.പി.ഷാനവാസ്	3850	17.02.15
27	ആയിക്കര ബസ് സ്റ്റാന്റ്-2	മുഹമ്മദ് ആഷിഖ്	700	29.11.12
28	ആയിക്കര ബസ് സ്റ്റാന്റ്-3	മുഹമ്മദ് ആഷിഖ്	700	29.11.12
29	ആയിക്കര ബസ് സ്റ്റാന്റ്-6	നസീർ-സി	715	20.11.11
30	ആയിക്കര ബസ് സ്റ്റാന്റ്-8	മഹേഷ്.പി	1150	21.10.14
31	ആയിക്കര ബസ് സ്റ്റാന്റ്-9	ഇ.ടി.നസീർ	500	07.07.13
32	ആയിക്കര ബസ് സ്റ്റാന്റ്-10	പി.ഷാജി	800	18.01.14
33	ആയിക്കര ബസ് സ്റ്റാന്റ്-12	കെ.കെ.സാദിഖ്	500	04.01.08
34	ആയിക്കര ബസ് സ്റ്റാന്റ്-13	പി.കെ.സത്താർ	500	18.04.10
35	ആയിക്കര ബസ് സ്റ്റാന്റ്-16	പി.പി.ഹസ്സൻ	500	30.06.10
36	ആയിക്കര ബസ് സ്റ്റാന്റ്-17	എം.കെ.സലീം	525	19.04.10
37	ആയിക്കര ബസ് സ്റ്റാന്റ്-18	കെ.പി.മജീദ്	906	01.08.10
38	ആയിക്കര ബസ് സ്റ്റാന്റ്-19	കെ.പി.മജീദ്	900	28.02.12
39	ആയിക്കര ബസ് സ്റ്റാന്റ്-21	മുസ്തഫ.സി.കെ	700	20.02.14
40	ആയിക്കര ബസ് സ്റ്റാന്റ്-22	മജീദ്.പി	750	21.02.14
41	ആയിക്കര ബസ് സ്റ്റാന്റ്-24	ടി.പി.റാഫി	750	18.03.13

മേൽ പ്രകാരം കാലാവധി അവസാനിച്ച നഗരസഭയുടെ വാടക കെട്ടിടങ്ങൾക്ക് വാടക മുൻകാല പ്രാബല്യത്തോടെ അടിയന്തിരമായി പുതുക്കി നിശ്ചയിക്കേണ്ടതും ലൈസൻസികളിൽ നിന്നും കുടിശിക അടക്കമുള്ള തുക ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2-6 ഗസ്റ്റ് ഹൗസ് കെട്ടിടം-വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കിയില്ല-കുടിശ്ശിക തുക 4,54,185/- രൂപയും ഡെപ്പോസിറ്റ് തുകയും ഈടാക്കേണ്ടതാണ്.

ഫയൽ നം.ആർ8-12900/99 III

കണ്ണൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഗസ്റ്റ് ഹൗസ് കെട്ടിടം ശ്രീ.കെ.ഹാറൂൺ എന്നവർക്ക് മദർ ആന്റ് ചൈൽഡ് ഹോസ്പിറ്റൽ നടത്തുന്നതിനായി അനുവദിച്ചിരുന്നു. ടി കെട്ടിടത്തിന്റെ ലൈസൻസ് ഫീസ് 25.09.2013ലെ 7ാം നമ്പർ തീരുമാന പ്രകാരം 29.10.11 മുതൽ 28.10.2014 വരെ 83,875/- രൂപയായി നഗരസഭ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ 2013 നവംബർ മുതലേ വർദ്ധിപ്പിച്ച നിരക്കിൽ വാടക ഒടുക്കിയിട്ടുള്ളൂ. 23.07.2014 ലെ കൗൺസിൽ ഫയൽ നോട്ട് 11(3) പ്രകാരം അഡീഷണൽ ഡെപ്പോസിറ്റായി 5,03,250/- രൂപയും കുടിശിക വാടക 4,54,185/- രൂപയും ടിയാൻ ഒടുക്കേണ്ടതായിട്ടുണ്ട് എന്ന് സെക്ഷൻ കണക്കാക്കി നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെതിരെ ടിയാൻ നൽകിയ അപ്പീൽ നിരസിക്കുകയും പുതുക്കിയ ലൈസൻസ് ഫീ നിലനിർത്തുകയും ചെയ്തിട്ടുണ്ട്(കൗൺസിൽ തീരുമാനം. നമ്പർ-11/23.07.2014). എന്നാൽ ഇതു സംബന്ധിച്ച ഫയലിലോ വാടക രജിസ്റ്ററിലോ കുടിശിക വാടകയും ഡെപ്പോസിറ്റ് തുകയും പിഴയും ഒടുക്കിയതായി രേഖകളില്ല. ഇതു സംബന്ധിച്ച് 02.07.2016 ന് നൽകിയ ഒ.എസ്.74/2016 നു മറുപടി ലഭ്യമാക്കിയിട്ടുമില്ല.

28.10.2014 വരെയുള്ള നഗരസഭ കൗൺസിൽ അംഗീകരിച്ച കുടിശിക വാടക ഈടാക്കാത്തതുവഴി 4,54,185/- രൂപ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടുണ്ട്. പ്രസ്തുത തുകയും ഡെപ്പോസിറ്റിനത്തിൽ നിജപ്പെടുത്തിയ 5,03,250/രൂപയും ടിയാനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 29.10.2014 മുതലുള്ള വാടക പുനർ നിർണ്ണയിച്ച് കുറവു വന്ന തുക ഈടാക്കേണ്ടതുമാണ്.

2-7 വാടക കുടിശിക -പിഴ ഈടാക്കാത്തത് വഴി നഗരസഭയ്ക്ക് 1,88,940/- രൂപ നഷ്ടം:-
ഫയൽ നമ്പർ-ആർ9/11719/86

കണ്ണൂർ നഗരസഭയുടെ 09.05.14 ലെ 6ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിലവിൽ ഇന്ത്യൻ ഓയിൽ കോർപറേഷൻ ലൈസൻസിയായ ഡി12 നമ്പർ ബങ്കിന്റെ(വാർഡ്1) പ്രതിമാസ ലൈസൻസ് ഫീസ് താഴെകാണിച്ച

നിരക്കിൽ പുതുക്കി നിശ്ചയിച്ചിരുന്നു.

01.07.2012 മുതൽ 31.07.2013 വരെ	50,000/-
01.08.2013 മുതൽ 31.07.2014 വരെ	65,000/-
01.08.2014 മുതൽ 31.07.2015 വരെ	80,000/-
01.08.15 മുതൽ	1ലക്ഷം രൂപ

ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭാ സെക്രട്ടറി 22.12.14 ന് ആർ9-11719/86 നോട്ടീസ് പ്രകാരം ഡി 12 നമ്പർ ബങ്കിന്റെ 6/14 മുതൽ 12/14 വരെയുള്ള കടിശിക ലൈസൻസ് ഫീയും ആയതിന്റെ സർവ്വീസ് ടാക്സും പിഴയുമടക്കം ആകെ 9,19,779/- രൂപ ഒടുക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. ഇതിൽ 7,45,064/- രൂപ 17.07.2015 ന് ടിയാൾ നഗരസഭാ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ പിഴയായി കണക്കാക്കിയ 1,74,715/- രൂപ ഒടുക്കിയിട്ടില്ല.

01.06.2015 ന് ആർ9/11719/86 നമ്പർ നോട്ടീസു പ്രകാരം 1/15 മുതൽ 5/15 വരെയുള്ള ലൈസൻസ് ഫീ 4,00,000/- രൂപയും സർവ്വീസ് ടാക്സ് 56,000/- രൂപയും പുറമെ, പിഴ കടിശിക, സർവ്വീസ് ടാക്സ് കടിശ്ശികയിന്മേലുള്ള പിഴയും ഉൾപ്പെടെ 1,88,940/- രൂപയും (1,74,715+14,225) ഒടുക്കാനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 16.07.2015 ന് ലൈസൻസ് തുകയും സർവ്വീസ് ടാക്സും ഉൾപ്പെടെ 4,56,000/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. പിഴയിനത്തിൽ കടിശിക ഉൾപ്പെടെ ഒടുക്കേണ്ട തുക ആകെ 1,88,940/- രൂപ പിന്നീട് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം ആവശ്യപ്പെട്ടുള്ള 29/13.06.2016 ലെ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

നഷ്ടം വന്ന തുക 1,88,940/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-8 പെർമിറ്റ് ഫീസ്-ഫ്ലോർ ഏരിയ റേഷ്യോ കണക്കാക്കിയതിൽ അപാകത- 2,73,420/- രൂപ നഗരസഭയ്ക്ക് നഷ്ടം

ഫയൽ നം.ഇ3-ബിഎ/204/11

കണ്ണൂർ നഗരസഭയിലെ ടി.എസ്.നം.832/വാർഡ്.3, ബ്ലോക്ക് 16 ൽ പെട്ട 42.09 സെന്റ് (1703.38ച.മീ)സ്ഥലത്ത് 7366.10 എം2 വിസ്തീർണമുള്ള വാണിജ്യ കെട്ടിടം നിർമിക്കുവാനായി ശ്രീ.കെ.പി.മുഹമ്മദ് അഷ്റഫ് എന്നവർക്ക് 28.03.2014 ലെ ആ3/ബിഎ/204/11 നമ്പർ പ്രകാരം നഗരസഭ അനുവാദം നൽകിയിട്ടുണ്ട്. ബേസ് മെന്റ് 2 നിലകൾ അടക്കം 8 നിലകളുള്ള കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ റേഷ്യോ നിർണയിക്കുന്നതിനായി പാർക്കിംഗിൽപെടുത്തി ബേസ് മെന്റ് നിലകളുടെ വിസ്തീർണ്ണം പൂർണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 8 പ്രകാരം ഫ്ലോർ ഏരിയ റേഷ്യോ കണക്കാക്കുന്നതിനു വേണ്ടി തറ വിസ്തീർണത്തിൽ

ഉൾപ്പെടുത്തുന്നതിൽ ഒഴിവാക്കാനാകാത്ത ഭാഗങ്ങൾ കൂടി കെട്ടിട ഉടമയ്ക്ക് ഒഴിവാക്കി നൽകിയതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് 2,73,420/- രൂപ നഷ്ടം വന്നിട്ടുണ്ട്. ബേസ് മെന്റ് നിലകളിലെ താഴെ കാണിച്ച ഏരിയകൾ കൂടി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

(എ)	ബേസ് മെന്റ് 2:-സ്റ്റെയർ കേസ് 2..40 x 3.90	9.36 ച.മീ.
	സ്റ്റെയർ കേസ് 4..70 x 3.00	14.10 ച.മി
	ആകെ(എ)	23.46ച.മീ
(ബി)	ബേസ് മെന്റ് 1:- സ്റ്റെയർ കേസ് 6.20 x 2.40	14.88 ച.മി
	സ്റ്റെയർ കേസ് 4.70 x 3.00	14-10 ച.മി
	സ്റ്റെയർ കേസ് 5.19 x 3.00	15.57 ച.മി
	റാംമ്പ് 5.14 x 4.50	23.13
	ആകെ(ബി)	67.68 ച.മി
	ആകെ(എ) + (ബി)	91.14 ച.മി
	ആകെ കണക്കാക്കിയ ഏരിയ	4917.32 ച.മീ
	ഉൾപ്പെടുത്തേണ്ടത്	91.14 ച.മീ
	ആകെ	5008.46 ച.മീ
	അനുവദിക്കാവുന്ന തറ വിസ്തീർണ്ണം1703.38x 2.50	4258.45 ച.മി
	അധികമായി അനുവദിച്ച തറ വിസ്തീർണ്ണം	5008.46-4258.45=750.01ച.മീ.
	അധിക തറ വിസ്തീർണ്ണം 1 ചതുരശ്രമീറ്ററിന് 3,000/- രൂപ നിരക്കിൽ	750.01 x 3000

	ആകെ ഈടാക്കേണ്ട അഡീഷണൽ ഫീസ്	2250030/-രൂപ
	ഈടാക്കിയത്	1976610
	വ്യത്യാസം	2,73,420/- രൂപ

മേൽകാര്യം 11.07.2016ലെ ഒ.എസ്.നം.87 പ്രകാരം നഗരസഭയെ അറിയിച്ചിരുന്നെങ്കിലും ഓഡിറ്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഈടാക്കാൻ ബാക്കി വന്ന 2,73,420/- രൂപ കെട്ടിട ഉടമസ്ഥനായ ശ്രീ.കെ.പി.മുഹമ്മദ് അഷ്റഫിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-9 ബി.ഒ.ടി ബസ് സ്റ്റാന്റ് - അനധികൃത കെട്ടിട നിർമ്മാണം -കൗൺസിൽ തീരുമാനം നടപ്പാക്കിയില്ല.

ഫയൽ:ഇ1-12622/14

താവക്കര ബിഒടി ബസ് സ്റ്റാന്റ് കെട്ടിടത്തിൽ 30.08.2014 ന് കണ്ണൂർ നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ പരിശോധനയിൽ, പെർമിറ്റ് നൽകിയതിലും വളരെ വിപുലമായ തോതിൽ അനധികൃത കെട്ടിട നിർമാണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. (ഓഫീസ് നോട്ട് പേജ് 3,4,5,6 കാണുക) പെർമിറ്റ് അനുവദിച്ച ഏരിയ 18011.55ചതുരശ്ര മീറ്ററും ബിൽഡ് അപ് ഏരിയ 24591.56 ചതുരശ്രമീറ്ററും ആണെന്നും ആയത് പ്രകാരം 36.53% വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 30.09.14 ലെ 18ാം നമ്പർ തീരുമാന പ്രകാരം കമേഴ്യൽ ബ്ലോക്ക് 2 ൽ നടത്തിയ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനും ബാക്കി ഭാഗം റഗുലറൈസ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ആയതിനാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിരുദ്ധമായ നിർമാണങ്ങൾ പൊളിച്ചു നീക്കുകയും പെർമിറ്റ് ലഭ്യമാക്കാതെയുള്ള നിർമാണങ്ങൾക്ക് എഫ്.എ.ആർ കണക്കാക്കേണ്ടതും 3 ഇരട്ടി പെർമിറ്റ് ഫീ ഈടാക്കേണ്ടതുമാണ്.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.11.2015 ലെ 229813 നമ്പർ കത്ത് കാണുക) കൗൺസിലിന്റെ 30.09.2014 ലെ 18ാം നമ്പർ തീരുമാനം നടപ്പിലാക്കിയതിന്റെ വിശദവിവരം 23/24.05.2016 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ആരാഞ്ഞെങ്കിലും ഓഡിറ്റിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2-10 'ഇല്ലിക്കപ്ലാസ' -മൂന്നാംനില- അനധികൃത കെട്ടിട നിർമാണം -തുടർ നടപടികൾ സ്വീകരിച്ചില്ല

ഫയൽ നം.എച്ച്.2-15437/14

കണ്ണൂർ നഗരസഭയിലെ കാമ്പസാർ വെസ്റ്റ് വാർഡിൽ 'ഇല്ലിക്ക പ്ലാസ' എന്ന കെട്ടിടത്തിന്റെ 3ാം നിലയ്ക്ക് നഗരസഭയിൽ നിന്നും ഒക്യൂപെൻസി ലഭിച്ചിരുന്നില്ല. പ്രസ്തുത കെട്ടിടത്തിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന ട്യൂട്ടോറിയൽ സ്ഥാപനം അടച്ചുപൂട്ടുവാനും അനധികൃത കെട്ടിടം വാടകയ്ക്ക് നൽകിയതും സംബന്ധിച്ച് ഉടമസ്ഥനായ ശ്രീ.ഇ.കെ. ഖാദർ ഹാജിയുടെ പേരിൽ നഗരസഭ നോട്ടീസ് നൽകിയിരുന്നു.

പ്രസ്തുത നോട്ടീസിന് ടിയാൾ നൽകിയ അപ്പീൽ, തീരുമാനം.നം.11 തീയതി.27.06.2014 പ്രകാരം നഗരസഭാ കൗൺസിൽ തള്ളിയിരുന്നു. തുടർന്ന് 17.05.2014 എച്ച്2-15437/14 നമ്പർ നോട്ടീസ് മുഖേന നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം സ്ഥാപനം നിർത്തൽ ചെയ്യിക്കാനും പ്രസ്തുത കെട്ടിടം അടച്ചുപൂട്ടി നഗരസഭയിൽ അറിയിക്കാനും അല്ലാത്തപക്ഷം നഗരസഭ മേൽ സ്ഥാപനം അടച്ചുപൂട്ടിക്കുന്നതാണെന്നും നഗരസഭ കെട്ടിടഉടമയെ അറിയിച്ചിരുന്നു. ഇതിനെതിരെ കെട്ടിട ഉടമ ബഹു.കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹരജി പരിഗണിച്ച്(ഡബ്ല്യൂപി(സി)-16614/2014)ഇക്കാര്യത്തിലുള്ള തുടർ നടപടികൾ 11.07.2014 വരെ നിർത്തിവെയ്ക്കാൻ കോടതി ഉത്തരവായിരുന്നു. ആയതിനുശേഷം ഇക്കാര്യത്തിലുള്ള നടപടികൾ സംബന്ധിച്ച് യാതൊരു രേഖകളും നിലവിലെ സ്ഥിതിയും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധമായി 11.07.2014 നുശേഷം വല്ല കോടതി ഉത്തരവുകളും നിലവിലുണ്ടെങ്കിൽ ആയതും കൂടാതെ പ്രസ്തുത അനധികൃത കെട്ടിടം സംബന്ധിച്ച് 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 143,147 പ്രകാരമുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കാനായി ഒ.എസ്.നം.66/24.06.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ചും നഗരസഭയിൽ നിന്നും ഒക്യൂപൻസി ലഭ്യമാക്കാത്ത കെട്ടിടം വാടകയ്ക്ക് നൽകിയത് സംബന്ധിച്ചും കെട്ടിട ഉടമയ്ക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-11 കെട്ടിട നിർമ്മാണം:- ലേ ഔട്ട് അംഗീകാരം-രേഖകൾ ഹാജരാക്കേണ്ടതാണ്.

ഫയൽ നമ്പർ-ഇ3/ബിഎ/204/14

ശ്രീമതി കമല, ശ്രീ.സി.വി.രവീന്ദ്രനാഥ്, പ്രേമസുധ രവീന്ദ്രനാഥ് മുതൽ 8 പേർ ഉടമസ്ഥരായ കണ്ണൂർ നഗരസഭയിലെ വാർഡ് III ലെ സ്ഥലത്ത് 1,2 ബേസ് മെന്റ് നിലകൾ അടക്കം 7 നിലകളുള്ള 17992.83എം2 വിസ്തീർണമുള്ള ബഹുനില വാണിജ്യ കെട്ടിടത്തിന്റെ നിർമാണത്തിനായി 02.01.2014 ന് പെർമിറ്റിനു അപേക്ഷിച്ചിരുന്നു. മേൽ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56(1) പ്രകാരം മൊത്തം തറ വിസ്തീർണ്ണം 4,000ത്തിനും 10,000 ത്തിനും ചതുരശ്രമീറ്ററിനിടയിലുള്ള കെട്ടിടങ്ങളുടെ പ്ലോട്ടിന്റെയും ലേ ഔട്ടിന്റെയും ഉപയോഗത്തിനുള്ള അംഗീകാരം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും 10,000 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചീഫ് ടൗൺ പ്ലാനറിൽ നിന്നുമാണ് നേടേണ്ടത്.

നിലവിൽ പ്ലോട്ടിലേയ്ക്കുള്ള റോഡിന്റെ വീതി 5 മീറ്റർ മാത്രമായിരിക്കെ, പ്ലോട്ടിനു നൽകാവുന്ന പരമാവധി

വിസ്തീർണമായ 6000 ചതുരശ്ര മീറ്റർ വിസ്തീർണത്തിലേയ്ക്ക് ചുരുക്കി പ്ലാൻ തയ്യാറാക്കാനായി ചീഫ് ടൗൺ പ്ലാനർ,തിരുവനന്തപുരം നിർദ്ദേശിച്ചിരുന്നു.(12.07.14 ലെ നം.സി1/3375/14 നമ്പർ കത്ത് കാണുക.)

മൊത്തം തറ വിസ്തീർണ്ണം 10,000 ചതുരശ്ര മീറ്ററിൽ കുറയുന്നപക്ഷം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലേ ഔട്ട് അംഗീകാരം നേടാവുന്നതിനാൽ 6,000 ചതുരശ്രമീറ്ററിലേയ്ക്ക് ചുരുക്കി തയ്യാറാക്കിയ പ്ലാനിന്റെ അംഗീകാരം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലഭ്യമാക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ അറിയിച്ചിരുന്നു.എന്നാൽ മാറ്റിത്തയ്യാറാക്കിയ 14566.88എം2 വിസ്തീർണമുള്ള കെട്ടിടത്തിന്റെ പ്ലാൻ ലേ ഔട്ടിന് അംഗീകാരത്തിനായി ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയാണുണ്ടായത്. ന്യൂനതകൾ പരിഹരിക്കുവാനായി 24.10.2014 ന് നം.സി1-1576/14 കത്ത് പ്രകാരം ജില്ലാ ടൗൺ പ്ലാനർ അപേക്ഷ നിരാകരിച്ചിട്ടുണ്ട്.

എന്നാൽ ശ്രീ.സി.വി.രവീന്ദ്രനാഥ് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയ്ക്ക് മറുപടിയായി സി-1595/14 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലേ ഒൗട്ട് അംഗീകാരം ലഭ്യമായതായി കണ്ണൂർ നഗരസഭ അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ലേ ഔട്ട് അംഗീകാരം സംബന്ധിച്ച കത്ത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പ്ലോട്ടിനു നൽകാവുന്ന പരമാവധി വിസ്തീർണ്ണമായ 6000 ചതുരശ്ര മീറ്ററാക്കി ചുരുക്കി പ്ലാൻ സമർപ്പിക്കാൻ ചീഫ് ടൗൺ പ്ലാനർ നിർദ്ദേശിച്ച സാഹചര്യത്തിൽ 14566.88എം2 വിസ്തീർണമുള്ള കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ലേ ഔട്ട് അംഗീകാരവും പിന്നീട് പെർമിറ്റും നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം നൽകേണ്ടതാണ്. (ഒ.എസ്.25/25.05.16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

2-12 പഴയ സെൻട്രൽ മാർക്കറ്റ് കെട്ടിടം പൊളിച്ചു നീക്കൽ -ലേലത്തുക മുഴുവൻ ഒടുക്കിയില്ല-4,78,993/- രൂപ നഗരസഭയ്ക്ക് നഷ്ടം-ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

ഫയൽ നമ്പർ ഇ1/13297/08

കണ്ണൂർ നഗരസഭയിലെ പഴയ സെൻട്രൽ മാർക്കറ്റ് കെട്ടിടം പൊളിച്ചു നീക്കുന്നതിന് 12.11.2009 ൽ നടന്ന ലേലത്തിലും പിന്നീട് 2 തവണയായി നടന്ന പുനർലേല/റീടെണ്ടറിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ശ്രീ.കെ.പി. മുസമ്മിൽ എന്നവരുടെ 06.04.2010 ലെ 6,05,000/- രൂപയുടെ ഓഫർ കൗൺസിൽ തീരുമാനം നം.36 തീയ്യതി. 23.06.2010 പ്രകാരം അംഗീകരിച്ച് 12.5% മൂല്യ വർധിത നികുതിയുമടക്കം 6,80,625/- രൂപ 7 ദിവസത്തിനുള്ളിൽ ഒടുക്കണമെന്നാവശ്യപ്പെട്ട് 24.06.2010 ൽ കരാറുകാരന് കത്ത് നൽകി. എന്നാൽ പ്രസ്തുത തുക ഗഡുക്കളായി അടക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് 08.07.2010 ൽ ടിയാൻ സമർപ്പിച്ച അപേക്ഷയിൽ നഗരസഭ തീരുമാനമൊന്നും കൈക്കൊണ്ടില്ല. 6,05,000/- രൂപയിൽ നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ച തുക 4,00,000/- രൂപയാണ്. മുൻകൂർ തുകയോ മതിയായ ഗ്യാരന്റിയോ ഈടാക്കാതെയും കരാറിൽ ഏർപ്പെടാതെയും മാർക്കറ്റ് കെട്ടിടം പൊളിച്ചു കൊണ്ടു പോകാൻ അനുവദിച്ച നടപടി നഗരസഭയുടെ ഭാഗത്തുണ്ടായ തികഞ്ഞ വീഴ്ചയാണ്.

കരാറുകാരൻ ലേലത്തുക മുഴുവനും ഒടുക്കാതെ കെട്ടിടം പൊളിച്ച് സാധനങ്ങൾ അനുമതി കൂടാതെ എടുത്തു കൊണ്ടു

പോവുകയും അതുവഴി നഗരസഭയ്ക്കുള്ള നഷ്ടം പിഴപ്പലിശ ഉൾപ്പെടെ കണക്കാക്കി (4,78,993/-) ജപ്തി നടപടി വഴി ഈടാക്കുന്നതിന് 29.04.2014 ലെ 41ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിക്കുകയുണ്ടായി.പ്രസ്തുത തീരുമാന പ്രകാരം കൈക്കൊണ്ട നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2-13 നഗരസഭയുടെ സ്ഥലം തുച്ഛവിലയ്ക്ക് ലീസിനു നൽകിയത്; പാട്ടത്തുക പുന:പരിശോധിക്കേണ്ടതാണ്.

പയ്യാമ്പലം ബീച്ചിൽ നഗരസഭ വക റി.സ.75 വാർഡ് III ബ്ലോക്ക് 2 ൽ പെട്ട 25 സെന്റ് സ്ഥലത്തിൽ കുതിരാലയം നടത്തുന്നതിനു ശ്രീ വിപിൻദാസ് എന്നവർക്ക് പ്രതിമാസം 250/- രൂപ വാടക നിരക്കിൽ 3 വർഷത്തേയ്ക്ക് (01.12.2004 മുതൽ 30.11.2012 വരെ) 30.11.2009 ലെ 28ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ലൈസൻസ് അനുവദിച്ചിരുന്നു.

31.01.2013ലെ 13ാം നമ്പർ തീരുമാന പ്രകാരം 1,000/- രൂപ പ്രതിമാസ വാടകയിൽ 01.12.2012 മുതൽ 3 വർഷത്തേയ്ക്കു കൂടി ലൈസൻസ് ദീർഘിപ്പിച്ചിരുന്നു. എന്നാൽ കുതിരകളോട് ലൈസൻസുകാരൻ കാണിക്കുന്ന ക്രൂരമായ അനാസ്ഥ കണ്ടെത്തിയ സാഹചര്യത്തിൽ ലീസ് അവകാശം 18.06.2014 ലെ 15ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം റദ്ദു ചെയ്യുകയും ആയതിന്റെ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിരുന്നു.

എന്നാൽ 23.10.2014 ലെ കൗൺസിൽ തീരുമാനം നം.24 പ്രകാരം പാട്ടസംഖ്യ 1,500/- രൂപ നിശ്ചയിച്ചുകൊണ്ട് പ്രസ്തുത 25 സെന്റ് സ്ഥലം കഫ്റ്റേറിയയും ബോട്ട് ഓഫീസും എ.ടി.വി റൈഡും നടത്തുന്നതിന് ടിയാൾക്കു തന്നെ അനുവദിച്ചു.

20.5.2011 ലെ ജി.ഒ(എംഎസ്)174/2011 റവന്യൂ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാട്ടഭൂമിയുടെ വില നിർണയിക്കുന്നതിന് പാട്ടഭൂമിയുമായി ചേർന്ന് കിടക്കുന്ന പട്ടയ വസ്തുക്കളുടെ ന്യായവിലയുടെ ഇരട്ടിവില മാർക്കറ്റ് വിലയായി പാട്ടുക നിർണയിക്കേണ്ടതാണ്. 18.05.2004 ലെ ജി.ഒ(പി) നമ്പർ 126/04/ആർഡി ഉത്തരവ് പ്രകാരം മുനിസിപ്പൽ പ്രദേശത്ത് ലീസ് നിരക്ക് മാർക്കറ്റ് വിലയുടെ 10% ആയി നിശ്ചയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കണ്ണൂരിലെ ടൂറിസ്റ്റ് കേന്ദ്രമായ പയ്യാമ്പലത്ത് നഗരസഭയുടെ വക 25 സെന്റ് സ്ഥലം തുച്ഛമായ തുകക്ക് ലീസിനു നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകാനായി ഒ.എസ്.നം.76/14-15 തീ.02.07.2016 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ വക 25 സെന്റ് സ്ഥലം കുറഞ്ഞ നിരക്കിൽ വാടകയ്ക്കു നൽകിയത് പുന:പരിശോധിക്കേണ്ടതാണ്.

2-14 വിനോദ നികുതി-കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് നിയമ പ്രകാരമുള്ള സെസ്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല:-

കണ്ണൂർ നഗരസഭാപരിധിയിലെ 3 സിനിമാ തിയേറ്ററുകളിൽ നിന്നുമായി ഏകദേശം 30,000 ൽ കൂടുതൽ ടിക്കറ്റുകൾ ഓരോ മാസത്തിലും പ്രദർശനത്തിനായി വിനിയോഗിക്കുന്നുണ്ട്.

1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് വിനോദ നികുതി നിയമം 2013ൽ ഭേദഗതി ചെയ്ത് കൂട്ടിചേർത്ത

സെക്ഷൻ 3 സി പ്രകാരം 25 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റിന് ഒന്നിന് 3 രൂപ സെസ്സ് ഈടാക്കി വകുപ്പ് 3 സി(1) പ്രകാരം കേരള കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് ഒടുക്കേണ്ടതുണ്ട്. ഇപ്രകാരം സെസ്സ് ഈടാക്കിയതിന്റെയും ഈടാക്കിയ തുക പ്രസ്തുത ബോർഡിലേക്ക് ഒടുക്കിയതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.[ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (9/06.04.2016)]. ആയതിനാൽ നഗരസഭാ പരിധിയിലെ 3 തിയേറ്ററുകളിൽ 2014-15 വർഷം വിനിയോഗിച്ച സിനിമാ ടിക്കറ്റുകളുടെ സെസ്സ് തുക ഈടാക്കി കേരള കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡിലേയ്ക്ക് ഒടുക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജാരാക്കേണ്ടതുമാണ്.

നിയമപ്രകാരമുള്ള ചുമതല നിർവഹിക്കേണ്ടുന്നതിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2-15 വിനോദ നികുതി-ഡിസംബർ-7ന്റെ വിനോദ നികുതി- സായുധസേനാ ഫണ്ടിലൊടുക്കിയിട്ടില്ല.

തദ്ദേശ ഭരണ വകുപ്പിന്റെ 20.05.1995 ലെ 35548/ഡി3/93 നമ്പർ സർക്കുലർ പ്രകാരം എല്ലാ വർഷത്തെയും ഡിസംബർ 7ാം തീയ്യതിയിലെ വിനോദ നികുതി സായുധസേന ഫണ്ടിൽ ഒടുക്കേണ്ടതാണ്. കണ്ണൂർ നഗരസഭയിലെ സിനിമാ തീയേറ്ററുടമകൾ സമർപ്പിച്ച ഡിസിആർ പരിശോധിച്ചതിൽ 2014 ഡിസംബർ 7 ന് കവിത, ലിറ്റിൽ കവിത, എൻ.എസ്.ടാക്കീസ് എന്നീ തീയേറ്ററുകളിൽ നിന്നായി 35,421/- രൂപ വിനോദനികുതിയിനത്തിൽ നഗരസഭയിൽ വരവ് വന്നിട്ടുണ്ട്.മേൽ സർക്കുലർ പ്രകാരം തുക പ്രസ്തുത ഫണ്ടിൽ ഒടുക്കിയതായി ഫയൽ പരിശോധനയിൽ കണ്ടില്ല. പ്രസ്തുത തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒ.എസ്.നം.2/14-15 തീ.11.2.15 നുള്ള മറുപടിയായി തുക സായുധസേനാ ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2014 ഡിസംബർ 7ാം തീയ്യതി വിനോദ നികുതി ഇനത്തിൽ ലഭിച്ച തുക 35,421/- രൂപ മേൽ സർക്കുലർ പ്രകാരം സായുധസേനാ ഫണ്ടിൽ ഒടുക്കേണ്ടതും വരും വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

2-16 ടാക്സി/ഓട്ടോസ്റ്റാന്റ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഫീ പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കണ്ണൂർ നഗരസഭയിലെ പൊതുലേലം സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ 2014-15 വർഷത്തേക്കുള്ള വിവിധയിനം ലേലം/ടെണ്ടർ, പുനർ ലേല/ റീ ടെണ്ടർ നടപടികൾ നിശ്ചിത സമയത്തുതന്നെ നടത്തിയിരുന്നു. എന്നാൽ ടാക്സി/ഓട്ടോ സ്റ്റാന്റുകളുടെ ഫീസ്/പിരിവ് എന്നയിനം ആരും തന്നെ ഏറ്റെടുത്തിട്ടില്ല. നഗരസഭ നേരിട്ട് പിരിക്കുന്നുമില്ല. ഓട്ടോറിക്ഷകൾ വഴിയോരത്തും മറ്റും പാർക്ക് ചെയ്യുന്നതിനാൽ ഫീസ് ഈടാക്കാറില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഓട്ടോറിക്ഷകൾക്ക് പാർക്കിംഗിന് സംവിധാനം ഏർപ്പെടുത്തി ഫീസ് പിരിക്കാനുള്ള നടപടി നഗരസഭ കൈക്കൊള്ളേണ്ടതാണ്.

ഇക്കാര്യത്തിൽ 1994 ലെ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 472,474,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.01.2002 ലെ 1197/എൽ3/02 സർക്കുലർ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടുന്നതിലേക്ക് നഗരസഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2-17 ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ:-വാർഷിക വാടക നിശ്ചയിക്കാത്തതും സേവന നികുതി 2,53,573/- രൂപ ഈടാക്കാത്തതും മറ്റു അപാകതകളും.

ഫയൽ നമ്പർ- ഇ5-27214/13

നഗരസഭാ പ്രദേശത്ത് 4ജി സാങ്കേതികവിദ്യാ സേവനം പ്രദാനം ചെയ്യുന്നതിന് നഗരസഭാ പരിധിയിലെ 21.23 കി.മീ.റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ അപേക്ഷ പരിഗണിച്ച് കൗൺസിലിന്റെ 27.06.2014 ലെ 14ാം നമ്പർ തീരുമാനപ്രകാരം നഗരസഭ അനുമതി നൽകിയിരുന്നു.Horizontal directional drilling രീതി ഉപയോഗിച്ച് കുഴികൾ എടുത്ത് കേബിൾ വലിക്കുന്നതിനാണ് അനുമതി. ആയതിന് റോഡുകളുടെ റിസ്റ്റോറേഷൻ ചാർജായി 20,51,565/- രൂപ ഈടാക്കുന്നതിന് തീരുമാനിക്കുകയും ഡിഡി.534415/04.07.14 പ്രകാരം തുക റിലയൻസ് നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കൗൺസിൽ തീരുമാന പ്രകാരം 2014 ഓഗസ്റ്റോടെ പ്രവൃത്തി പൂർത്തിയാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.

ഇതു സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ കാണാൻ സാധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രസ്തുത പ്രവൃത്തിക്കുള്ള റിലയൻസ് ജിയോ ഇൻ ഫോകോം ലിമിറ്റഡിന്റെ 09.07.2013 ലെ അപേക്ഷയിൽ, 01.11.2013 ലെ 7ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 21230 എം^{2} ന് ,2,74,50,390/- രൂപയുടെ എസ്റ്റിമേറ്റ് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും ആയതിന്റെ ഇരട്ടി തുകയായ 5,49,00,780/- രൂപ ഒടുക്കുന്നതിന് 30.12.13 ന് നഗരസഭ റിലയൻസിന് കത്തു നൽകുകയും ചെയ്തിട്ടുണ്ട്. ഇരട്ടിതുക ഈടാക്കുന്നതിനെതിരെ, പി.ഡബ്ല്യൂഡി നിരക്ക് പ്രകാരം റിസ്റ്റോറേഷനുള്ള യഥാർത്ഥ നിരക്കിലെ എസ്റ്റിമേറ്റ് തയ്യാറാക്കാവൂ എന്നും ആയതിനാൽ റിസ്റ്റോറേഷൻ ചാർജ് പുന:പരിശോധിക്കണമെന്നുമുള്ള റിലയൻസിന്റെ 02.01.14 ന്റെ അപേക്ഷയിൽ 10/12 മുതലുള്ള പി.ഡബ്ല്യൂഡിയുടെ പരിഷ്കരിച്ച നിരക്ക് പ്രകാരം 3,22,90,830/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 27.06.14 ലെ കൗൺസിൽ തീരുമാന പ്രകാരം റിസ്റ്റോറേഷൻ ചാർജ് 20,51,565/- രൂപയാക്കി വെട്ടിക്കുറച്ചിട്ടുണ്ട്. പിഡബ്ല്യൂഡി നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കുറവ് വരുത്താനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2) 08.04.14 ലെ കത്തിൽ 75 മീറ്ററിന് 1 എന്ന രീതിയിൽ 21.23 കി.മീ.ദൈർഘ്യത്തിൽ 284 കുഴികൾ എടുത്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ നടത്തുമെന്നാണ് റിലയൻസ് അറിയിച്ചത്. ട്രഞ്ചിംഗ്/റോഡ് കട്ട് ചെയ്യാതെ കുഴികളെ പരസ്പരം ബന്ധപ്പെടുത്തി കുഴികൾ വഴി കേബിൾ സ്ഥാപിക്കുന്നത് എങ്ങിനെ എന്ന് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടിട്ടില്ല.

3)ഇപ്രകാരം റോഡ് കട്ട് ചെയ്യാതെ 284 കുഴികൾ എടുത്താണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും പ്രവൃത്തി 2014 ഓഗസ്റ്റിനകം പൂർത്തീകരിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട്/മേൽനോട്ട വിവരം/ പൂർത്തീകരണ സാക്ഷ്യപത്രം ഇവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

4) ഒപ്റ്റിക്കൽ ഫൈബർ കേബിൾ 21.23 കിലോ മീറ്ററിൽ വലിച്ച് 4ജി സേവനം പ്രദാനം ചെയ്യുമ്പോൾ ആയതിന് മേൽ പ്രകാരം റിസ്റ്റ്റേഷൻ ചാർജ്ജിനു പുറമെ നഗരസഭയിലേക്ക് പ്രതിവർഷ വാടക/ഫീസ് നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇ5-16502/14 നമ്പർ ഫയൽ പ്രകാരം 667 ജിഐ പോൾ സ്ഥാപിച്ച് കേബിൾ വലിക്കുന്ന പ്രവൃത്തിക്ക് പോസ്റ്റ് ഒന്നിന് വാർഷിക വാടക 2000/- രൂപയും 2,000/- രൂപ ഡെപ്പോസിറ്റും നഗരസഭ ഈടാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

5) പ്രവൃത്തി സംബന്ധമായി നഗരസഭയും റിലയൻസും തമ്മിലുള്ള കരാർ ഫയലിൽ ലഭ്യമല്ല.

6)സേവന നികുതി നിയമ പ്രകാരം സ്ഥാവര വസ്തു ഏതെങ്കിലും രീതിയിലുള്ള വിനിയോഗത്തിന്/വാടകക്ക് നൽകുന്നത് സേവന നികുതിയുടെ പരിധിയിൽ വരുന്നതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ റിസ്റ്റ്റേഷൻ ചാർജിന്റെ 12.36% സേവന നികുതി നഗരസഭ ആവശ്യപ്പെട്ടിട്ടും റിലയൻസ് നാളിതുവരെ തുക ഒടുക്കുകയുണ്ടായില്ല. 20,51,565/- രൂപയുടെ 12.36% തുകയായ 2,53,573/- രൂപ റിലയൻസിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് ഒ.എസ്.83/11.07.16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

2-18 ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് ജി,ഐ.പോൾസ്- സേവന നികുതി 1,64,882/- രൂപ ഈടാക്കാത്തതും മറ്റ് അപാകതകളും.

(ഫയൽ നമ്പർ- ഇ5-16502/14)

4ജി സാങ്കേതികവിദ്യ നഗരസഭാപ്രദേശത്ത് ലഭ്യമാക്കുന്നതിനും നഗരസഭയിൽ 22.86 കി.മീ.റോഡ് ദൈർഘ്യത്തിൽ 14 റോഡുകളിലായി- 667 ജി.ഐ.പോളുകൾ സ്ഥാപിച്ച് ഓവർ ഹെഡ് കാബിൾ ഇടുന്നതിനും 18.06.14 ലെ 25ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 1 പോസ്റ്റിന് 1 വർഷത്തേക്ക് 2,000/-രൂപ നിരക്കിൽ വാടകയും 2,000/- രൂപ നിരക്കിൽ ഡെപ്പോസിറ്റും ഈടാക്കുന്നതിന് നിശ്ചയിച്ചുകൊണ്ട് നഗരസഭ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 667 x 2000 x 2 = 26,68,000/- രൂപ(18.10.14 ലെ ഡി.ഡി-404654,404655) ഒടുക്കി 21.10.14 ന് റിലയൻസ് നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)667 പോസ്റ്റുകളുടെ എണ്ണം നിശ്ചയിക്കപ്പെട്ടത് ഏത് കണക്കിന്റെ/എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണെന്നു വ്യക്തമല്ല.

2) 667 പോൾസ് സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗ് ആവശ്യമില്ലേ എന്നും ആയതിന് റിസ്റ്റോറേഷൻ ചാർജ് കണക്കാക്കിയിട്ടുണ്ടോ എന്നതും ഫയലിൽ വ്യക്തമല്ല.

3)ഈ പ്രവൃത്തി സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽ നോട്ട വിവരം/ പരിശോധനാ റിപ്പോർട്ട്/ പൂർത്തീകരണസാക്ഷ്യപത്രം ഇവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് കരാർ പ്രകാരമുള്ള സാങ്കേതികവിദ്യ നഗരസഭയ്ക്ക് പ്രാപ്തമാക്കിയോ എന്ന് ഓഡിറ്റിൽ ഉറപ്പുവരുത്താനായിട്ടില്ല.

4) 21.10.2014 ന് റിലയൻസുമായി നഗരസഭയുണ്ടാക്കിയ കരാർ പ്രകാരം നഗരസഭ നിശ്ചയിക്കുന്ന ഫീസും വർഷാവർഷങ്ങളിൽ പുതുക്കുന്ന ഫീസും റിലയൻസ് കൃത്യമായി നഗരസഭയിൽ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2014 ഒക്ടോബറിൽ ആദ്യ തുക ഒടുക്കിയ ശേഷം 2015 വർഷത്തിൽ വാടക/ഫീസിൽ വർദ്ധനവ് വരുത്തിയതായോ, ഈടാക്കിയതായോ ഉള്ള വിവരം ഫയലിൽ ലഭ്യമല്ല.

5)സേവന നികുതി നിയമ പ്രകാരം 13,34,000/- രൂപക്ക് 12.36% നിരക്കിൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരമുള്ള സേവന നികുതി റിലയൻസ് ഒടുക്കിക്കാണുന്നില്ല. ഈയിനത്തിൽ 1,64,882/- രൂപ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും(ഒ.എസ്-84/11.07.16) മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള നിയമ പ്രകാരവും നഗരസഭയുമായുണ്ടാക്കിയ കരാർ പ്രകാരവും പ്രസ്തുത പ്രവൃത്തിയിൽ/ ഇടപാടിൽ നഗരസഭക്ക് ലഭ്യമാകുവാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പാലിയേറ്റീവ് കെയർ യൂണിറ്റ്-പദ്ധതി നടത്തിപ്പിലെ അപാകത 35,609/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ
പ്രൊജക്ട് നമ്പർ	എസ്ഒ 208/15
ഫണ്ട് ഇനം	വികസന ഫണ്ട്
പദ്ധതി അടങ്കൽ	50,000/-
ചെലവഴിച്ച തുക	35,609/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെൽത്ത് സൂപ്പർവൈസർ
ബിൽ നമ്പർ	2/2014-15 തീ.28.01.2015
ചെക്ക് നമ്പർ	008434/31.01.2015

കണ്ണൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ടിന് 35,609/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിച്ച് 6 വീൽചെയർ, 5 വാട്ടർ ബെഡ്, 2 ക്രെ ചെസ്റ്റ്, 4 വാക്കർ എന്നിവ ലിങ്ക് സർജിക്കൽസ് ആന്റ് മെഡി സിസ്റ്റംസ് , കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഹെൽത്ത് സൂപ്പർവൈസർ വാങ്ങി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ കണ്ണൂർ കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന 'വയോമിത്ര'ത്തിന് കൈമാറിയിട്ടുണ്ട്.എന്നാൽ നഗരസഭയിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ എന്നും ആയതിന്റെ ഘടന, നാളിതുവരെയുള്ള പ്രവർത്തനവും പാലിയേറ്റീവ് കെയർ യൂനിറ്റിനായി വാങ്ങിയ ഉപകരണങ്ങൾ പാലിയേറ്റീവ് യൂനിറ്റിന് നൽകാതെ വയോമിത്രത്തിന് അനുവദിച്ചതിന്റെ സാംഗത്യം എന്നിവയും, വിശദമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള 30/01.06.2016 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെ അഭാവവും പാലിയേറ്റീവ് കെയർ യൂണിറ്റിന് 1/2015 ൽ വാങ്ങിയ ഉപകരണങ്ങൾ 18.03.15 ലെ 6ാം നമ്പർ കൗൺസിൽ

തീരുമാനത്തിലൂടെ 'വയോമിത്രം'ത്തിന് കൈമാറുവാൻ തീരുമാനിച്ചതും നഗരസഭയിൽ പാലിയേറ്റീവ് കെയർ യൂനിറ്റ് പ്രവർത്തിക്കുന്നില്ല എന്നാണ് സൂചിപ്പിക്കുന്നത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ(ആർടി) 362/2013/തസ്വഭവ തീ.16.11.2013) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനിവാര്യമായും നടപ്പാക്കേണ്ട ഒരു പ്രവർത്തനമാണ് പാലിയേറ്റീവ് പരിചരണം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ(ആർടി)3217/2015 പ്രകാരം ആയതിനായി പ്രത്യേക മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുമുണ്ട്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. സമൂഹത്തിലെ അവശരും രോഗാവസ്ഥയിൽ ദുരിതമനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമായ പാലിയേറ്റിവ് സംവിധാനം നഗരസഭയിൽ നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.
ആയതിനാൽ 'വയോമിത്രം'ത്തിനു കൈമാറിയ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉപകരണങ്ങളുടെ ചെലവ് തുക 35,609/- രൂപ തടസ്സപ്പെടുത്തുന്നു.

3-2 പച്ചക്കറി വിത്ത് കിറ്റ് വിതരണം സുതാര്യമല്ല ചെലവ് തുക 60,000/- രൂപ തടസ്സപ്പെടുത്തുന്നു,

പ്രൊജക്ട് നമ്പർ	എസ് 0014/15
പ്രൊജക്ടിന്റെപേര്	കുടുംബശ്രീ വനിതകൾക്ക് പച്ചക്കറി വിത്ത്, തൈകൾ വിതരണം.
നിർവഹണം	കൃഷി ഫീൽഡ് ഓഫീസർ
അടങ്കൽ	60,000/-(വികസന ഫണ്ട്)
ചെലവ് തുക	60,000/-
ബിൽ നമ്പർ	1/14-15 തീയ്യതി.02.02.15

മേൽ പ്രൊജക്ട് പ്രകാരം 200 കിറ്റ് പച്ചക്കറി വിത്തുകൾ 300/- രൂപ നിരക്കിൽ സർക്കാർ/ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങി കുടുംബശ്രീ സ്ഥാപനങ്ങളിലെ വനിതകൾക്കു വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആയത് പ്രകാരം വി.എഫ്.പി.സി.കെ ,ആലത്തൂർ എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും വിത്തുകൾ വാങ്ങുന്നതിന് 60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.(ക്രഡിറ്റ് ബിൽ നം.14-15/2549 തീ.19.11.2014 ഡി.ഡി-008654/09.02.2015)

എന്നാൽ മേൽ പ്രൊജക്ട് പ്രകാരം വിത്തു വിതരണം ചെയ്യേണ്ട കുടുംബശ്രീ യൂണിറ്റുകളുടെ ഗുണഭോക്തൃ ലിസ്റ്റ്

തയ്യാറാക്കിയിട്ടില്ല.

പച്ചക്കറി വിത്തുകളുടെ കിറ്റ് 200 എണ്ണം കുടുംബശ്രീ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറിമാർ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത കൈപ്പറ്റ രേഖകളിൽ മിക്കതിലും സ്ഥാപനത്തിന്റെ സീൽ പതിപ്പിക്കാത്തതിനാൽ വിതരണം സംബന്ധിച്ച് സുതാര്യത ഉറപ്പു വരുത്താൻ ആയിട്ടില്ല. ക്രമ നമ്പർ 132, 151 പ്രകാരം 'സംസം', കുടുംബശ്രീ സെക്രട്ടറി സഫൂറ രണ്ട് പ്രാവശ്യം ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന്(17/24.05.2016) നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ പച്ചക്കറി വിത്തുകിറ്റുകൾ വിതരണം ചെയ്തതിനാലും വിതരണം സുതാര്യമല്ലാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച 60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി-5,535/- രൂപ നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ	എസ് 004/15
പ്രൊജക്ടിന്റെപേര്	തെങ്ങ് കൃഷി വികസനം-തെങ്ങിന ജൈവവളം വാങ്ങിയത് സംബന്ധിച്ച്.
നിർവഹണം	കൃഷി ഫീൽഡ് ഓഫീസർ
വികസന ഫണ്ട്	3,37,500/-
ഗുണഭോക്തൃ വിഹിതം	1,12,500
അടങ്കൽ	4,50,000/-
ചെലവ് തുക	1,69,452/-
ബിൽ നമ്പർ	3/14-15 തീയ്യതി.27.02.15

കണ്ണൂർ നഗരസഭാ പരിധിയിലെ തെങ്ങ് കൃഷി പ്രോത്സാഹനത്തിനായി ജൈവവളം സബ്സിഡി നിരക്കിൽ നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രൊജക്ടാണിത്.

ഈ പ്രൊജക്ട് നിർവഹണത്തിൽ കാണാൻ സാധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി ആനുകൂല്യം :

മേൽ പ്രൊജക്ട് പ്രകാരം ജൈവവളത്തിനുള്ള സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ താഴെ കാണിച്ച

ഗുണഭോക്താക്കൾ പ്രസ്തുത പ്രൊജക്ടിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട 2014-15ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

വിശദ വിവരം ചുവടെ .

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	ജൈവവളത്തിന്റെആകെ വില	സബ്സിഡി അനുവദിച്ചത്
1	സുലേഖ വേണുഗോപാൽ	1,290	810
2	ശ്രീകുമാരി ശ്രീനിവാസൻ	645	405
3	നവനീത്	2010	1,350
4	എൻ.സി.നളിനി	4488	2,970
	ആകെ		5,535/-

അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് 24.05.16ലെ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നം.16/14-15 നു മറുപടിയായി, 'ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത വാർഡ് മിനുട്സിൽ ഉൾപ്പെടാത്തവരെ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണെന്ന് അധികൃതരിൽനിന്നും ലഭിച്ച ഉറപ്പിൻമേലാണ് ആനുകൂല്യം അനുവദിച്ചത് ' എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 5,535/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

2) ജൈവവളം ക്വട്ടേഷൻ കൂടാതെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയത് .

പ്രസ്തുത പ്രൊജക്ടിന്റെ ഖണ്ഡിക 33 പ്രകാരം ജൈവവളം സഹകരണ സ്ഥാപനങ്ങളിൽ നിന്നോ ക്വട്ടേഷൻ/ടെൻണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നോ നേരിട്ടു വാങ്ങേണ്ടതാണ്. എന്നാൽ മേൽ പ്രൊജക്ടിനു വേണ്ടി ഗുണഭോക്താക്കൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജൈവവളം വാങ്ങിയതിന്റെ രശീതി ഹാജരാക്കുകയും സബ്സിഡി തുക കൈപ്പറ്റുകയുമാണ് ഉണ്ടായത്.

കൂടാതെ പ്രൊജക്ട് ഖണ്ഡിക 42 പ്രകാരം വേപ്പിൻ പിണ്ണാക്ക് കിലോയ്ക്ക് 24 രൂപ നിരക്കിലും എല്ലുപൊടി കിലോയ്ക്ക് 20 രൂപ നിരക്കിലും വാങ്ങേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ലിൽ ഉയർന്ന നിരക്കിലാണ് ജൈവവളം വാങ്ങിയിട്ടുള്ളത്.

ആനുപാതികമായ നിരക്കിൽ മാത്രം സബ്സിഡി അനുവദിച്ചതിനാൽ പദ്ധതിപ്പണം ദുരുപയോഗം വന്നിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നോ, ക്വട്ടേഷൻ ടെണ്ടർ നടപടികൾ ചെയ്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ ജൈവവളം ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നഷ്ടം വന്നിട്ടുണ്ട്.

ഉദാഹരണമായി ഗുണഭോക്താക്കൾ ഗ്രീൻവാലി ആഗ്രോ സർവ്വീസ് ,കണ്ണൂർ, ഐശ്വര്യ ഫെർട്ടിലൈസർസ്, കണ്ണൂർ എന്നീ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ജൈവവളം വാങ്ങിയിട്ടുള്ളത്.

ഗ്രീൻവാലി എന്ന സ്ഥാപനം വേപ്പിൻ പിണ്ണാക്കും എല്ലുപൊടിയും 20 രൂപ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. എൻ.പി.പ്രേമലക്ഷ്മിയുടെ പേരിലുള്ള 17.11.2014 ലെ രശീതി കാണുക.

എന്നാൽ ഐശ്വര്യ കെമിക്കൽസ് &ഫെർട്ടിലൈസേർസ് എന്ന സ്ഥാപനം ഒരേ തീയ്യതി തന്നെ വ്യത്യസ്തമായ നിരക്കിലാണ് ജൈവവളം വിൽപന നടത്തിയിരിക്കുന്നത്. 14.11.2014 ന് ശ്രീ.വി.രാജഗോപാലന്റെ പേരിൽ അനുവദിച്ച രശീതിയിൽ (ബിൽ-274) വേപ്പിൻ പിണ്ണാക്ക് 25 രൂപയ്ക്കും എല്ലുപൊടി 30 രൂപയ്ക്കുമാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ അതേ ദിവസം ശ്രീമതി പ്രീത.സി എന്ന ഗുണഭോക്താവിന് (ബിൽ-277) വേപ്പിൻ പിണ്ണാക്ക്-24 രൂപയ്ക്കും ശ്രീ.പി.കെ മുരളീധരന്(ബിൽ-275) എല്ലുപൊടി 28 രൂപയ്ക്കും ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരേ സ്ഥാപനം തന്നെ ഒരേ ദിവസം വ്യത്യസ്തമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് വളം വിൽപന നടത്തിയതിന് കാരണം ക്വട്ടേഷൻ/ടെൻണ്ടർ നടപടികൾ സ്വീകരിക്കാത്തതാണ്. ഇതു സംബന്ധിച്ച് 24.05.2016 ന് നൽകിയ 16/14-15/സിഎം1നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ, 'കർഷകരുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണം കാരണമാണ് ക്വട്ടേഷൻ/ ടെൻഡർ നടപടികൾ സ്വീകരിക്കാതിരുന്നത് ' എന്ന മറുപടി അംഗീകരിക്കത്തക്കതല്ല. ക്വട്ടേഷൻ ടെൻഡർ നടപടിക്രമങ്ങൾ പൂർണമായും ഉദ്യോഗസ്ഥതലത്തിൽ ചെയ്യേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3-4 പൂർത്തിയാകാത്ത ഭവന നിർമ്മാണവും ഭൂമി വാങ്ങുന്നതിന് ആനുകൂല്യം വാങ്ങിയവർ ഭവന നിർമ്മാണം നടത്താത്തതും.

നിർവഹണം:- പട്ടികജാതി വികസന ഓഫീസർ

1) വ്യത്യസ്ത ഭവന നിർമ്മാണ പദ്ധതികളിൽ, പദ്ധതിയുടെ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായുള്ള വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും താഴെപ്പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല വിശദവിവരം ചുവടെ :-

ക്രമ നം	പ്രോജക്ടിന്റെ പേരും നമ്പറും	ഗുണഭോക്താവിന്റെ പേര്	ഭവന നിർമ്മാണത്തിന് ഇതുവരെ കൈപ്പറ്റിയ തുകയും /ഡിഡി നമ്പറും തീയ്യതിയും	ഭൂമി വാങ്ങുന്നതിന് കൈപ്പറ്റിയ തുക- ഡിഡി നമ്പർ

1	ഭൂമി വാങ്ങി ഭവന നിർ മ്മാണം (136/06) 2005-06	രാജി.കെ, താവക്കര, ഹരിജൻ കോളനി	1)10,000 668892/9.11.06	19,500 747796/ 21.04.06
2	ഭൂമി വാങ്ങി ഭവന നിർമ്മാണം (136/06) 2005-06	സീത.എ പള്ളി വളപ്പിൽ,വിപിവയൽ, മരക്കാർ കണ്ടി	1)10,000 668893/09.11.06 2)21,500- 803089/31.03.06	19,500/- 748503/ 21406
3	ഭൂമി വാങ്ങി ഭവനനിർ മ്മാണം(136/ 06) 2005-06	അമലാഞ്ഞു, ചന്നനോത്ത്, വി.പി.വയൽ	1)10,000 668898/09.11.06	19,500 747798/ 21.04.06
4	ഭൂമി വാങ്ങി ഭവന നിർ മ്മാണം 2005-06 (031/06)	സുജന.കെ ജാനകി നിവാസ്, താവക്കര ഹരിജൻ കോളനി	1)10,000 668887/09.11.06	19,500/- 748512 21.04.06
5	ഭൂമി വാങ്ങി ഭവന നിർ മ്മാണം (031/06)	ഒ.രമണി താവക്കര ഹരിജൻ കോളനി	1)10,000/- 668899/09.11.06	19,500 748514/ 21.04.06
6	ഭൂമി വാങ്ങി ഭവന നിർ മ്മാണം പ്രൊ.030/06	ബിന്ദു.ഇ ഹരിജൻ കോളനി.	-	19,500/- 747795 21.04.06
7	ഭൂമിയുള്ളവർക്ക് ഭവന നിർ മ്മാണം(എസ് 121/07) 2006-07	ശശിധരൻ എ.പി.നിവാസ്, വി.പി. വയൽ	1)10,000 334576/23.02.07	-

8	ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണം 2006-07 പ്രൊജക്ട് 123/08 (2007-08)	ഭാഗ്യരതി.പി, ചിറ്റാങ്കണ്ടി, കുറുവ. റോഡ്	1)11250 803029/16.04.08	-
9	ഭവന നിർമ്മാണം 2014-15 പ്രൊജക്ട് 182/15	സുമിത്ര.കെ.കല്ലേൻ, അണ്ടത്തോട് പാലം	1)30,000 15084/25.03.14 2)60,000 309211/15.09.15	-
10	ഭവന നിർമ്മാണം 2014-15 പ്രൊജക്ട് 182/15	പ്രവീൺകുമാർ 'കൗസല്യഭവൻ' നിയർ നഴ്സറി ഗാർഡൻ	1)30,000 152338/31.03.15	-

മേൽ പറഞ്ഞവരുടെ ഭവന നിർമ്മാണത്തിന്റെ ഇപ്പോഴത്തെ ഘട്ടം/സ്ഥിതി വ്യക്തമാക്കുന്നതിനും പ്രസ്തുത ഗുണഭോക്താക്കൾ ടി പട്ടികയിൽ ചേർത്തതിനു പുറമെ തുടർ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനും ഒ.എസ്.നം.26/28.05.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യക്തികൾ ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള ത്വരിത നടപടികൾ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

2)മേൽ പട്ടികയിൽ ക്രമ നമ്പർ (6) ശ്രീമതി ബിന്ദു.ഇ എന്നവർ 2005-06 വർഷത്തെ 'ഭൂമി വാങ്ങി ഭവന നിർമ്മാണം' എന്ന പദ്ധതി പ്രകാരം 19,500/- രൂപ(ഡിഡി നം. 747795/21.04.06) ഭൂമി വാങ്ങുന്നതിനായി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഭൂമി വാങ്ങിയതിനു ശേഷം ഭവനനിർമ്മാണം തുടങ്ങിയതായി രേഖകളിൽ വ്യക്തമല്ല. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഒ.എസ്.നം.26/28.05.16 പ്രകാരം ആരാഞ്ഞെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ തുക തിരിച്ചടക്കേണ്ടതാണ്.

3) 2005-06 വർഷത്തെ 'ഭൂമി വാങ്ങി ഭവന നിർമ്മാണം' എന്ന പദ്ധതി പ്രകാരം (പ്രൊജക്ട് 31/16) ഭവന നിർമ്മാണത്തിനായി ഷൈന.സി, താവക്കര ഹരിജൻ കോളനി എന്നവർ 10,000/- രൂപയും, ഭൂമി വാങ്ങുന്നതിനായി 19,500/- രൂപയും (ഡിഡി നം.748511/21.04.06) കൈപ്പറ്റുകയും എന്നാൽ സാമ്പത്തിക പ്രയാസം കാരണം ഭവന നിർമ്മാണ പ്രവൃത്തികൾ സാധിക്കില്ല എന്നും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്തതായി രേഖകളിൽ കാണുന്നു. ടിയാൾ ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയ 10,000/- രൂപ ചലാൻ നം. 379/21.02.2007 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഭൂമി വാങ്ങുന്നതിനായി കൈപ്പറ്റിയതുക 19,500/- രൂപ തിരിച്ചടച്ചതായി രേഖകളിൽ കാണുന്നില്ല. ഇതു സംബന്ധിച്ച് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (26/സിഎം3/14-15 തീ.28.05.16) പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കിയിട്ടില്ലെങ്കിൽ 19,500/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-5 ഓട്ടോ /പിക്ക് അപ്പ് ധനസഹായം - പദ്ധതി നടത്തിപ്പിലെ അപാകതകൾ 2,50.000/- രൂപ നിരാകരിക്കുന്നു-

പ്രോജക്ടിന്റെ പേര്	ഓട്ടോ/പിക്ക് അപ്പ് ധനസഹായം
പ്രോജക്ട് നമ്പർ	എസ്0005/15
വകയിരുത്തിയ തുക	3,00,000/-(വികസന ഫണ്ട് (എസ്.സി.പി)
ചെലവ് തുക	2,50,000/-
നിർവഹണം	പട്ടികജാതി വികസന ഓഫീസർ

2014-15 വർഷം മേൽ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തുലിസ്റ്റിൽ മുൻഗണനാക്രമം 1 മുതൽ 11 വരെയായി 11 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിൽ താഴെപ്പറയുന്നവർക്കാണ് ഓട്ടോറിക്ഷ വാങ്ങുന്നതിന് (50,000/- രൂപ വീതം) ധനസഹായം അനുവദിച്ചിട്ടുള്ളത്.

ക്രമ നം	ഗുണഭോക്തു ലിസ്റ്റിലെ	പേര്	വാർഡ്	ബിൽ നമ്പർ/ തീയ്യതി	തുക

	ക്രമ നമ്പർ				
1	3	സുഗേഷ് കൊയിലേരിയൻ	21	04/14-15/ 19.02.15	50,000
2	4	മനോജ്കുമാർ.കെ	5	10/14-15/24.03.15	50,000
3	7	അനീഷ് കുമാർ	23	11/14-15/26.03.15	50,000
4	8	അഖിലേഷ്.പി	5	04/14-15/19.02.15	50,000

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് പുറമെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ.എ.സന്തോഷ്(വാർഡ് 6) എന്നവർക്കും 50,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.(ബിൽ നമ്പർ.4/14-15 തീ.19.02.13, ഡി.ഡി-147910/24.02.15)

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അവർക്ക് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം നൽകിയത് എന്ന് മേൽ പട്ടികയിൽ നിന്നും കാണാം. ഇതു സംബന്ധിച്ചും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നം.22/14-15 തീ.25.05.2016 ന് നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ 50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

12ാം പദ്ധതി മാർഗ്ഗരേഖ മാനദണ്ഡമനുസരിച്ച് പ്രസ്തുത പദ്ധതിക്കായുള്ള ഗുണഭോക്താക്കൾ എപ്ലോയിമെന്റ് എക്സ്ചേഞ്ചിലെ സ്വയംസംരംഭകത്വമിഷനിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം. എന്നാൽ ധനസഹായം കൈപറ്റിയ 1)എ.സന്തോഷ്. 2)മനോജ് കുമാർ, 3)അഖിലേഷ് എന്നിവർ എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതിക്ക് ധനസഹായം ബാങ്ക് മുഖാന്തരമാണ് അനുവദിച്ചത്. മേൽ പറഞ്ഞ 5 ഗുണഭോക്താക്കൾ ബാങ്കിന്റെ ലോൺ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓട്ടോറിക്ഷ വാങ്ങിയതിന്റെ പർച്ചേസ് ബിൽ ആരും തന്നെ ബന്ധപ്പെട്ട രേഖകൾക്കൊപ്പം ലഭ്യമാക്കിക്കാണുന്നില്ല. ആവശ്യമായ രേഖകളില്ലാതെ അനുവദിച്ച തുക 2,00,000/- രൂപയും മേൽ പറഞ്ഞ 50,000/- രൂപയുമടക്കം ആകെ 2,50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-6 വീടിന്റെ ഗുണമേന്മാ വർദ്ധനവ്- വാല്വേഷനിൽ കൂടുതൽ അനുവദിച്ച 15,254/- രൂപ നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര്	വിടിന്റെ ഗുണമേന്മ വർദ്ധനവ്
പ്രോജക്ട് നമ്പർ	8/15
ബിൽ നമ്പർ	1)5/14-15 തീ.28.02.2015
	2)8/14-15തീ.21.03.15
	3)12/14-15 തീ.26.03.15
വകയിരുത്തിയ തുക	5,00,000/-
ചെലവ് തുക	1,25,000/-
നിർവഹണം	പട്ടികജാതി വികസന ഓഫീസർ

വീടിന്റെ ഗുണമേന്മ വർദ്ധനവ് എന്ന പദ്ധതി നടപ്പാക്കുന്നതിനായി ബിൽ 5/14-15 തീ.28.02.15 പ്രകാരം 75,000/- രൂപ പിൻവലിച്ച് 12,500/- രൂപ വീതം 6 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. അതിൽ താഴെ പറയുന്നവർക്ക് മുനിസിപ്പൽ എഞ്ചിനീയറുടെ 03.12.2015 ലെ വാല്വേഷൻ സർട്ടിഫിക്കറ്റിലുള്ളതിനേക്കാൾ അധികം തുകയാണ് നൽകിയിട്ടുള്ളത് . വിശദ വിവരം ചുവടെ കൊടുക്കുന്നു.

	പേര്	വാല്വേഷൻ പ്രകാരം തുക	നൽകിയ തുക	ഡിഡി നമ്പർ	അധികം നൽകിയത്
1	ഷീബ.പി	5704	12500	148893/ 7.3.15	6,796/-
2	കെ.സുരേഷ്	4042	12500	148898/ 7.3.15	8,458/-
				ആകെ	15,254

മുനിസിപ്പൽ എഞ്ചിനീയറുടെ വാല്വേഷനേക്കാൾ അധികമായ തുക നൽകിയത് സംബന്ധിച്ച് വിശദീകരണത്തിനായുള്ള ഓഡിറ്റ് ഒബ്ജക്ഷന്(20/24.05.16)നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 15,254/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-7 ഭവന നിർമ്മാണം:- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തയാൾക്ക് ആനുകൂല്യം-30,000/- രൂപ

നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര്	മുനിസിപ്പൽ പരിധിയിലുള്ളവർക്ക് ഭവന നിർമ്മാണം
പ്രോജക്ട് നമ്പർ	182/15
ബിൽ നമ്പർ	1)6/14-15തീ.21.03.2015 60,000/-
	2)14/14-15തീ.26.03.15 60,000/-
വകയിരുത്തിയ തുക	20,00,000/- രൂപ
ഫണ്ടിനം	വികസന ഫണ്ട്(എസ്.സി.പി)
ചെലവ് തുക	1,20,000/- രൂപ
നിർവ്വഹണം	പട്ടികജാതി വികസന ഓഫീസർ

26.03.2015 ലെ 14ാം നമ്പർ ബിൽ പ്രകാരം പിൻവലിച്ച 60,000/- രൂപയിൽ 30,000/- രൂപ വീതം 2 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഒന്നാം ഗഡു അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ ശ്രീ.എ.പ്രവീൺകുമാർ (ഡിഡി-152338/31.03.2015) പ്രസ്തുത പദ്ധതിയുടെ 2014-15 ലെ അന്തിമ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായിക്കാണുന്നില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് ഒബ്ജക്ഷൻ (20/തീ.24.05.16) മുഖേന ആവശ്യപ്പെട്ടുവെങ്കിലും നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് നൽകിയ 30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-8 ഭൂമി വാങ്ങി ഭവന നിർമ്മാണം :-ചെലവ് വിവരം ലഭ്യമല്ല;30,000/- രൂപ നിരാകരിക്കുന്നു:-

നഗരസഭയുടെ ഭൂമി വാങ്ങി ഭവന നിർമ്മാണം (പ്രൊജക്ട് നമ്പർ-290/15) എന്ന പ്രൊജക്ട് പ്രകാരം 30,000/- രൂപ ബിൽ നം.17/14-15 തീ.31.03.15 പ്രകാരം നിർവ്വഹണോദ്യോഗസ്ഥയായ പട്ടികജാതി വികസന ഓഫീസർ പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ ബില്ല്, ചെലവ് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് 20/ തീയ്യതി.24.05.16 പ്രകാരവും 14.07.16 ലെ സമൻസ് മുഖേനയും രേഖകൾ ഹാജരാക്കാനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ചെലവ് തുക 30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-9 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - വിതരണ വിവരം ലഭ്യമാക്കിയില്ല-ചെലവ് തുക 68,000/-

രൂപ നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ
പ്രോജക്ട് നമ്പർ	023/15
ബിൽ നമ്പർ	9/14-15 തീ.24.03.2015
വകയിരുത്തിയ തുക	76,000/- രൂപ
ചെലവ് തുക	68,000/- രൂപ

മേൽ പദ്ധതി പ്രകാരം 17 സ്റ്റീൽ മേശ, 17 സ്റ്റീൽ കസേര എന്നിവ സിഡ്കോ ,കണ്ണൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ മേശ, കസേര എന്നിവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ ചെലവ് തുകയായ 68,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-10 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം-പ്രൊഫഷണൽ കോളേജിൽ പഠിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക 25,000/-രൂപ നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര്	പട്ടികജാതിക്കാരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
പ്രോജക്ട് നമ്പർ	320/15
ബിൽ നമ്പർ	13/14-15 തീ.26.03.2015
ഡിഡി നമ്പർ	152356/31.03.2015
വകയിരുത്തിയ തുക	10,50,000/-(വികസന ഫണ്ട് -എസ്.സി.പി)
ചെലവ് തുക	25,000/-രൂപ
നിർവഹണഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ

2014-15 വർഷം പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം എന്ന പദ്ധതി പ്രകാരം എം.ബി.എ കോഴ്സ് ചെയ്യുന്നതിനായി ശ്വേത.കെ എന്നവർക്ക് 25,000/- രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ജി.ഒ(എം.എസ്)362/2013 തസ്വഭവ തീയ്യതി. 16.11.2013 ലെ അനുബന്ധം 16 (6-8) പ്രകാരം പട്ടികജാതി/ പട്ടിക വർഗക്കാരായ മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് 25,000/- രൂപ അനുവദിക്കാവുന്നതാണ്. ശ്വേത.കെ എന്നവർ, പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നുണ്ട്

എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ചെലവ് തുകയായ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-11 പ്രൈമറി സ്കൂളുകൾക്ക് ഇന്റർനെറ്റ്:- സബ് വൗച്ചറുകൾ ലഭ്യമാക്കിയില്ല 34,420/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം	ഹെഡ് മിസ്ട്രസ്, ഗവ:എൽ.പി.എസ്, തായത്തെരു
പ്രോജക്ട് നമ്പർ	53/15
പ്രൊജക്ടിന്റെ പേര്	പ്രൈമറി സ്കൂളുകൾക്ക് ഇന്റർ നെറ്റ് ചാർജ്ജും, ഫ്യൂവൽ ചാർജ്ജും
വകയിരുത്തിയ തുക	1,00,000/- രൂപ (സംരക്ഷണഗ്രാന്റ് റോഡിതരം)
ചെലവ്	55,177/- രൂപ(ബിൽ നമ്പർ.6/14-15 തീ.26.03.15)

ഗവണ്മെന്റ് പ്രൈമറി സ്കൂളുകൾക്ക് ഇന്റർനെറ്റ് ചാർജ്, ഫ്യൂവൽ ചാർജ്ജ് എന്നിവ ഒടുക്കുന്നതിനായി 55,177/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 6 സ്കൂളുകൾക്ക് ഇന്റർനെറ്റ് ചാർജ്ജും (5000 x 6 =30,000) 8 സ്കൂളുകൾക്ക് ഗ്യാസ് ചാർജ്ജും (25,177 രൂപ) ഒടുക്കിയതിന്റെ ചെലവ് ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകുകയാണ് ചെയ്തിട്ടുള്ളത്. താഴെ പറയുന്ന സ്കൂളുകളുടെ നെറ്റ് ചാർജ് ഒടുക്കിയതിന്റെയും, ഗ്യാസ് ചാർജ് ഒടുക്കിയതിന്റെയും സബ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ:-

	സ്കൂൾ	ഗ്യാസ് ചാർജ്	നെറ്റ് ചാർജ്
1	ഗവണ്മെന്റ് മിക്സ്ഡ് യു.പി.സ്കൂൾ,തളാപ്പ്	18,000	5,000
2	ജി.യു.പി.സ്കൂൾ,മുഴത്തടം	1420	5000
3	ദൈവത്താർകണ്ടി യു.പി.സ്കൂൾ	-	5,000
	ആകെ	19,420	15,000

സബ് വൗച്ചറുകൾ ലഭ്യമാക്കാത്തതിനാൽ 34,420/-(19420 + 15000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-12 ഹൈസ്കൂൾ സമഗ്ര പരിപാടി-വിവിധ വാങ്ങലുകൾ- സ്റ്റോക്ക്/ വിതരണ വിവരം ലഭ്യമാക്കിയില്ല-

37,000/- രൂപ നിരാകരിക്കുന്നു-7,62,860/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ.	286/15(എച്ച്.എസ്.സമഗ്ര പരിപാടി)
അടങ്കൽ	14,00,000/-(വികസന ഫണ്ട്)
ചെലവ്	ബിൽ നം.4/14-15 തീ.31.03.15- 8,00,000/-രൂപ ബിൽ നം.6/14-15 തീ.31.03.15- 5,31,000/-രൂപ
	13,31,000/-രൂപ
ഡി.ഡി.നമ്പർ	842516/21.04.15 (687860/-)(കെൽട്രോണിന് നൽകിയത്.)
നിർവ്വഹണം	ഹെഡ് മിസ്ട്രസ്,ഗവ.വി.എച്ച്.എസ്.സ്പോർട്സ്

മേൽ പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ 7,99,860/- രൂപയുടെ വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാങ്ങിയ ഇനം	സ്ഥാപനം/ ഇൻവോയിസ് നമ്പർ	തുക (₹)	എണ്ണം	അപാകതകൾ
1)	ഡസ്ക്ടോപ്പ്, കമ്പ്യൂട്ടർ	കെൽട്രോൺ കെഎസ്.ഇ.ഡിസി/ സി.എൽ ടി/ഒ.എ/2061/ 23.03.2015	3,79,600	13	സ്റ്റോക്ക്/വിതരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2	ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ	കെൽട്രോൺ കെഎസ്.ഇ.ഡിസി/ സിഎൽടി/ഒ.എ/2061/ 23.03.2015	60,200	2	1)പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങു ന്നതിനായി വക യിരുത്തിയ തുക 4,08,000 രൂപയാണ്. എന്നാൽ ചെലവഴിച്ചതുക 4,45,300/- രൂപയാണ്. 12 കമ്പ്യൂട്ടർ വാങ്ങുന്നതിന് വിഭാവനം ചെ യ്ത പ്രൊജക്ടിൽ 15 കമ്പ്യൂട്ടറുകളാണ് വാങ്ങിയി ട്ടുള്ളത്.പ്രോജക്ടിൽ വ്യതിയാനം വരുത്തിയത് എന്തിന്റെ അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാ ക്കിയിട്ടില്ല. 2)സ്റ്റോക്ക്/വിതരണ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3	യു.പി. എസ്	കെൽട്രോൺ കെഎസ്.ഇ.ഡിസി/സി.എൽ ടി/ഒ.എ/2061/ 23.03.2015	5,500	2	
4	പബ്ലിക് അഡ്രസ്	പെയ്സ് വെൽ ഇലക്ട്രോണിക്സ്, കണ്ണൂർ എന്ന	15,000/-	1	1)സ്റ്റോക്ക്/വിതരണ വിവരം ഇല്ല. 2)നിർവഹണ ഉദ്യോഗസ്ഥ ചെലവ് തുക- എച്ച്.എം. ടൗൺ

	സിസ്റ്റം	സ്ഥാപനത്തിന്റെ ഒരു ക്വട്ടേഷൻ ഫയലിൽ കാണുന്നു.ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.			എച്ച്.എസ്.എസ്. എച്ച്.എംന് നൽകി കാണുന്നു. ഡിഡി നമ്പർ ഇല്ലാത്തതിനാൽ പണ മായാണ് തുക നൽകി യതെന്ന് മനസ്സിലാക്കുന്നു. 3)പബ്ളിക് അഡ്രസ് സിസ്റ്റം വാങ്ങിയോ,ഏതു സ്ഥാപന ത്തിൽ നിന്നും വാങ്ങി എന്നത് വ്യക്തമല്ല. 4) പേമെന്റ് വൗച്ചർ /ഇൻവോയിസ് ലഭ്യമാക്കി യിട്ടില്ല.
5	സ്പോർട്സ് ഉപകര ണങ്ങൾ	ഗ്ലോബൽ അസോസിയേറ്റ്സ്,കണ്ണൂർ ഇൻവോയിസ്.63/27.02.15	75,000/-	13ഇനങ്ങൾ	1)ഉപകരണങ്ങൾ സ്റ്റോക്കി ലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2)കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013(ജി.ഒ(പി)3/13 എസ്. പി.ഡി. 21.06.13)) ഖണ്ഡിക 7.4 പ്രകാരം 15,000 രൂപക്ക് മുകളിൽ 1,00,000 വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖാന്തിരമാണ് നടത്തേ ണ്ടത്. പ്രസ്തുത ഉപകരണ ങ്ങൾ ക്വട്ടേഷൻ മുഖാന്തിര മാണ് പർച്ചേസ് നടത്തിയത് എന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
6	പാത്രങ്ങൾ	അഹമ്മദ് & സൺസ് ഇൻവോയിസ് ഇല്ല.	10,000/-	ആലുമിനിയം 27കി.ഗ്രാം.	1)പാത്രം വാങ്ങിയതിന് ഇൻവോയിസ് ഇല്ല. 2)ഫയലിലുള്ള അഹമ്മദ് & സൺസിന്റെ വാറ്റ് വിവരം രേഖപ്പെടുത്താത്ത കമ്പ്യൂട്ടർ ബിൽ 2012 ഓഗസ്റ്റ് 5ാം തീയ്യതിയിലുള്ളതാണ്. 2015 ലെ വാങ്ങലിന് 2012 ഓഗസ്റ്റിലെ ചെലവു രേഖ സ്വീകാര്യമല്ല. 3)സ്റ്റോക്ക്/ വിതരണ വിവരം ഇല്ല.
7	ഇന്റർ ആക്ടീവ് വൈറ്റ് ബോർഡ് 77 സ്മാർട്ട്	കെൽട്രോൺ കെഎസ്.ഇ.ഡിസി/ സി.എൽ ടി/ഒ.എ/2061/ 23.03.2015	196560/-	4 എണ്ണം	സ്റ്റോക്ക് /വിതരണ വിവരം ലഭ്യമല്ല.

8	സ്മാർട്ട് നോട്ട് ബുക്ക് സോഫ്റ്റ് വെയർ-2014	കെൽട്രോൺ കെഎസ്.ഇ.ഡിസി/ സി.എൽ ടി/ഒ.എ/2061/ 23.03.2015	46,000/-	4 എണ്ണം	സ്റ്റോക്ക് /വിതരണ വിവരം ലഭ്യമല്ല.
9	സ്റ്റീൽ അലമാര 6 ½ x 3x 1 ½	സുനിത എന്റർപ്രൈസസ്,കണ്ണൂർ ഇൻവോയിസ് 743/തീയ്യതി ഇല്ല	12,000/-	1	1)ക്വട്ടേഷനിലും ഇൻവോ യിസിലും തീയ്യതി രേഖപ്പെടു ത്തിയിട്ടില്ല. 2)സ്റ്റോക്ക് /വിതരണ വിവരം ലഭ്യമല്ല. 3)ഡിഡിയുടെ പകർപ്പും ലഭ്യമല്ല. ഇക്കാരണങ്ങളാൽ ഇത് 2014-15 ലെ പർച്ചേസ് തന്നെയാണോ എന്ന് വ്യക്തമല്ല.
		ആകെ	7,99,860/-		

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ആയത് പരിഹരിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ യഥാർത്ഥ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടും 14.06.16 ലെ 41ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ്, 05.07.2016ലെ കെ.എസ്.എ/ കെ.എൻ.എം-329/സി.എം3/16 നമ്പർ കത്ത്, 14.07.2016 ലെ സമൻസ് എന്നിവ മുഖേന ആവശ്യപ്പെട്ടുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയോ, ബന്ധപ്പെട്ട രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ കാരണം ക്രമ നമ്പർ 4 ലെ 15,000/- രൂപ ക്രമ നമ്പർ 6 ലെ 10,000/- രൂപ, ക്രമ നമ്പർ 9 ലെ 12,000/- രൂപ എന്നിവ ഉൾ പ്പെടെ 37,000/- രൂപ 1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഓഡിറ്റിൽ നിരാകരിക്കുന്നു. ശേഷിക്കുന്ന 7,62,860/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-13 സമഗ്ര വിദ്യാഭ്യാസ പരിപാടി:-പരിശീലനത്തിൽ പങ്കെടുത്തവരുടേയും ചെലവിന്റെയും രേഖകൾ ലഭ്യമല്ല-5,31,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ.	286/15(എച്ച്.എസ്.സമഗ്ര പരിപാടി)
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ് മിസ്ട്രസ്,ഗവ.വി.എച്ച്.എസ്.സ്പോർട്സ്,കണ്ണൂർ
വകയിരുത്തിയ തുക	വികസന ഫണ്ട്,(പൊതു) 14,00,000/- രൂപ
ചെലവ്	ബിൽ .6/14-15/31.03.2015 -₹5,31,000/- ബിൽ-4/14-15/31.03.15 – ₹8,00,000/-
	13,31,000/-

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിയ പരിശീലന ക്ലാസിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം നൽകിയ വകയിൽ ചെലവായ തുക, ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ നം.6/14-15 തീ.31.03.15 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥ മുഖാന്തിരം ക്വട്ടേഷൻ വിളിച്ച് (ലഘു ഭക്ഷണ വിതരണത്തിനായി) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനം സംഘടിപ്പിക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകർ താഴെ ചേർത്ത പ്രകാരം തുക കൈപ്പറ്റിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ ഫയലിൽ കൈപ്പറ്റ് വിവരം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ചെലവ് തുകയുടെ വൗച്ചർ/ലഘു ഭക്ഷണം വിതരണം നടത്തിയ ആളിൽ നിന്നുള്ള കൈപ്പറ്റ് രശീതി, ആനുകൂല്യം കൈപ്പറ്റിയ കുട്ടികളുടെ എണ്ണം(മാസം തിരിച്ച്) തുക നൽകിയ ഡി.ഡിയുടെ പകർപ്പ്,മോണിറ്ററിംഗ് റിപ്പോർട്ട് ഇവ ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിതരണ വിവരം ചുവടെ:-

ക്രമ നമ്പർ	സ്കൂളിന്റെ പേര്	തുക
1	ഗവ.വി.എച്ച്.എസ്.എസ്,കണ്ണൂർ	1,00,000/-
2	ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ,പയ്യാമ്പലം	78,000/-
3	ഗവൺമെന്റ് സിറ്റി എച്ച്.എസ്.എസ്	1,00,000/-
4	ദീനുൽ ഇസ്ലാം സഭ എച്ച്.എസ്.എസ്	1,00,000/-
5	ഗവൺമെന്റ് ടൗൺ എച്ച്.എസ്.എസ്	53,000/-
6	സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്, കണ്ണൂർ	1,00,000/-
	ആകെ	5,31,000/-

മേൽ ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് 15.06.16 ലെ 42ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ ചെലവു തുക 5,31,000/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-14 സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ വിതരണം-സ്റ്റോക്ക് രജിസ്റ്ററോ വിതരണ രേഖകളോ ഇല്ല;4,83,700/- രൂപ തടസ്സപ്പെടുത്തുന്നു; 69,400/- രൂപ നിരാകരിക്കുന്നു.

നിർവ്വഹണം	ഹെഡ് മിസ്ട്രസ്, ഗവ.വി.എച്ച്.എസ്.എസ്(സ്പോർട്സ്)
പ്രൊജക്ട് നമ്പർ	57/15(സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും)
വകയിരുത്തിയതുക	5,54,223/- മെയിന്റനൻസ്(റോഡിതരം)
ചെലവ്	5,53,100/- 1)ബിൽ നം.1/14-15/31.10.14 - തുക-5,43,150 ഡിഡി നം.264718/18.11.14 2)ബിൽനമ്പർ2/14-15/21.01.15-തുക-9,950/- ഡിഡി നം.150112/19.03.15

'സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വർദ്ധിപ്പിക്കൽ' എന്ന പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 29,200/- രൂപ നിരക്കിൽ 18 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ; 2,750/- രൂപ നിരക്കിൽ 10 യു.പി.എസ് എന്നിവ വാങ്ങിയിട്ടുണ്ട്.(ഇൻവോയിസ് നമ്പർ. ITBG /14-15/3333/ITP/1215 Dt26.09.14) നിർവഹണോദ്യോഗസ്ഥ, ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ(സ്റ്റോക്ക് രജിസ്റ്റർ) ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 18 കമ്പ്യൂട്ടറുകളിൽ 16 എണ്ണവും 10 യു.പി.എസിൽ 6 എണ്ണവും 2 സ്കൂളുകളിലേക്ക് (ഗവ.വി.എച്ച്.എസ്.എസ്(ഗേൾസ്) പയ്യാമ്പലം, ടൗൺ ഹയർ സെക്കന്ററി സ്കൂൾ) വിതരണം ചെയ്തിട്ടുണ്ട്.ശേഷിക്കുന്ന 2 കമ്പ്യൂട്ടറുകൾ, 4 യു.പി.എസ് എന്നിവയുടെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല.

വാങ്ങിയ മുഴുവൻ കമ്പ്യൂട്ടറുകൾ, യു.പി.എസ് എന്നിവ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയുടെയും കൈപ്പറ്റിയ സ്ഥാപനത്തിന്റെയും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ 16 കമ്പ്യൂട്ടറിന്റെയും 6 യു.പി.എസ് ന്റേയും വില 4,67,200 +16,500= 4,83,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 2 കമ്പ്യൂട്ടറിന്റെയും 4 യു.പി.എസ് ന്റെയും വിതരണ വിവരം ലഭ്യമാക്കുന്നതിന് 14.06.2016 ലെ 41ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് മുഖേനയും 05.07.2016 ലെ കെ.എസ്.എ/കെ.എൻ.എം-329/സിഎം3/16 നമ്പർ കത്തു മുഖേനയും 14.07.2016 ലെ സമൻസ് മുഖേനയും ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ 2 കമ്പ്യൂട്ടറുകളുടെ വില 58,400/- രൂപയും 4 യു.പി.എസ് ന്റെ വില 11,000/- രൂപയും കൂടി ആകെ 69,400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-15 കന്നുകുട്ടിപരിപാലനപദ്ധതി-ഇല്ലാത്ത ഗുണഭോക്താക്കൾക്ക് വേണ്ടി ഒടുക്കിയ 68,750/- രൂപ തിരികെ ഒടുക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ	എസ്ഒ 017/15

പ്രൊജക്ടിന്റെ പേര്	പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി
വികസന ഫണ്ട്	1,25,000/-
സംസ്ഥാന ഫണ്ട്	1,25,000/-
ഗുണഭോക്തൃ വിഹിതം	2,50,000/-
ആകെ അടങ്കൽ	5,00,000
ചെലവ്	പി1/2014-15 തീ.15.12.14 1,25,000/-
നിർവ്വഹണം	സീനിയർ വെറ്ററിനറി സർജൻ

കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ,കന്നുകുട്ടികളുടെ ആരോഗ്യ പരിപാലനം എന്നിവയിലൂടെ കറവ പശുക്കളെ വളർത്തിയെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പ്രസ്തുത പ്രൊജക്ട്, 20 ഗുണഭോക്താക്കൾക്ക് 6,250/- രൂപ വിതം 1,25,000/- രൂപയാണ് പദ്ധതി വിഹിതം. 2014-15 വർഷം 14 പേരെ മാത്രമേ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളൂ. പ്രസ്തുത 14 പേരുടെ പട്ടികയും 20 പേരുടെ പദ്ധതി വിഹിതം 1,25,000/- രൂപയും പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയരക്ടർ(എ.എച്ച്), എസ്.എൽ.ബി.പി,കണ്ണൂരിന് സീനിയർ വെറ്ററിനറി സർജൻ നൽകിയിട്ടുണ്ട്.(ഡി.ഡി.6122/23.12.14)

എന്നാൽ 06.10.15ലെ എസ്.എൽ.ബി.പി വെറ്ററിനറി സർജന്റെ കത്തിൽ കണ്ണൂർ നഗരസഭയിൽ നിന്നും 9 ഗുണഭോക്താക്കളെ മാത്രമെ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ലഭ്യമായിട്ടുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ബാക്കി 11 ഗുണഭോക്താക്കൾക്കുവേണ്ടി ചെലവഴിച്ച 68,750/- രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിലേക്ക് 'റിക്കവറീസ് ഓഫ് ഓവർ പെയ് മെന്റ്' എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. 68,750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

10.06.2016 ലെ ഒ.എസ്.നം.36/2016 ന് നിർവഹണഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 68,750/- രൂപ തിരികെ ഒടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഒടുക്കു വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3-16 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണവും പേ വിഷബാധാ നിയന്ത്രണവും-നിർവ്വഹണ അപാകതകൾ-1,35,467/-രൂപ തടസ്സപ്പെടുത്തുന്നു.1,984/- രൂപ നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ	എസ്ഒ 0011/15 ഏകവർഷ പ്രൊജക്ട്
അടങ്കൽ	2,00,000/-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ	സീനിയർ വെറ്ററിനറി സർജൻ
ചെലവ് ബിൽ നമ്പർ	2/14-15 തീ.18.12.14 തുക-1,00,572
ചെലവ് ബിൽ നമ്പർ	4/14-15തീ.28.02.15തുക- 36,879
ആകെ	1,37 ,451

പേവിഷബാധ നിയന്ത്രണം, തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം എന്നിവ ലക്ഷ്യമാക്കി, തെരുവു നായ്ക്കളെയും അലഞ്ഞു തിരിയുന്ന വളർത്തുനായ്ക്കളെയും വന്ധ്യംകരണ ശസ്ത്രക്രീയയ്ക്ക വിധേയമാക്കുന്നതിനു വേണ്ടിയുള്ള പ്രൊജക്ടാണിത്.

പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2,00,000/- രൂപ വകയിരുത്തിയതിൽ 1,37,451/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പ്രസ്തുത പ്രൊജക്ടിന്റെ ധനകാര്യ വിശകലന പ്രകാരം പ്രിന്റിംഗ്, വാടക,റിഫ്രഷ് മെന്റ്, ക്യാമ്പ് ചെലവുകൾ എന്നിവയ്ക്ക് ആകെ ചെലവാക്കാവുന്നത് 10,000/- രൂപ മാത്രമാണ്. എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ 11,984/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച 1,984/- രൂപ തിരിച്ചടക്കേണ്ടതാണ്.

2) മേൽ പ്രൊജക്ട് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ക്യാമ്പ് കഴിഞ്ഞ 16/02/15 ന് മിക്കവാറും മരുന്നുകളും ഭീമമായ അളവിൽ ബാക്കിയാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

തീയ്യതി	മരുന്നിന്റെ പേര്	നിരക്ക്	വാങ്ങിയ എണ്ണം	ഉപയോഗിച്ചത്	ബാക്കി	സ്റ്റോക്ക് രജിസ്റ്റർ
05.11.14	TRUGUT	96.90	60	40	20	പേജ്3
05.11.14	SN TROGLYDE	165.87	60		60	" 5
05.11.14	TRVGLYNE	151.66	84	22	62	"7
10.11.14	AESMIRA-ZOKET	48.00	100	42	58	"9

പദ്ധതി ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഇത്തരത്തിൽ മരുന്നുകൾ ബാക്കി വരുവാൻ സാധ്യതയില്ല. ഒ.എസ്.നം.33/14-15 തീ.07.06.16 ന് മറുപടിയായി(നം.404/16 തീ.22.06.16) ബാക്കിയുള്ള മരുന്നുകൾ തുടർന്നുള്ള വർഷം ക്യാമ്പ് നടത്തി ഉപയോഗിക്കുന്നതാണെന്നും എന്നാൽ 2015-16 വർഷം ഉദ്ദേശിച്ചത്ര ശസ്ത്രക്രീയകൾ നടത്താൻ

സാധിച്ചിട്ടില്ലെന്നും 2016-17 തുടർ പദ്ധതിയായി നടപ്പാക്കുമെന്നും അറിയിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ എസ്ഒ 036/16 നമ്പറിൽ ബാക്കി തുക 62,549/- രൂപ അടങ്കലിൽ പുതിയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) 100-150 എണ്ണം തെരുവ് നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രീയയ്ക്ക് വിധേയമാക്കുക, 50-70 അലഞ്ഞു തിരിയുന്ന വളർത്തു നായ്ക്കളുടെ പ്രജനന നിയന്ത്രണം, 30-50 എണ്ണം പട്ടിക്കുഞ്ഞുങ്ങൾക്ക് പേവിഷബാധാ നിയന്ത്രണം എന്നിവ ലക്ഷ്യം വച്ച് വകയിരുത്തിയ 2 ലക്ഷം രൂപ വിനിയോഗിച്ച് പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചോ എന്നു പരിശോധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ (മൃഗ സംരക്ഷണവും ക്ഷീര വികസനവും) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല.

2014-15 വർഷത്തിൽ ഏകവർഷ പ്രൊജക്ടായി അംഗീകരിച്ച പ്രസ്തുത പദ്ധതി തെരുവ് നായശല്യം രൂക്ഷമായ നഗരസഭാ പ്രദേശത്ത് നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ചെലവു തുക 1,35,467(1,37,451-1,984) രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

3-17 'വയോമിത്രം' പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-5ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ പേര്	വയോമിത്രം
പ്രൊജക്ട് നമ്പർ	എസ്ഒ 348/15
നിർവ്വഹണം	സി.ഡി.പി.ഒ
അടങ്കൽ	5,00,000/- (വികസന ഫണ്ട്)
ചെലവ്	5,00,000/-
ഡിഡി നമ്പർ	148694/05.03.2015

സമഗ്ര സാമൂഹ്യക്ഷേമ പരിപാടിയുടെ ഭാഗമായി വികസനഫണ്ടിൽ നിന്നും 5 ലക്ഷം രൂപ എക്സിക്യൂട്ടീവ് ഡയരക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നു ഓഡിറ്റിന് ലഭ്യമാക്കിയില്ല. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.05.2013 ലെ സർക്കാർ ഉത്തരവ് [(സാ)1209/13] ഇതു സംബന്ധിച്ച 17.06.16 ലെ 48ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-18 ഡ്രൈവിംഗ് ലൈസൻസില്ലാത്തയാൾക്ക് സ്കൂട്ടറിന് സബ്സിഡി-69,500/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ,പേര്	എസ്ഒ 205/15; ശാരീരിക വെല്ലു വിളികൾ നേരിടുന്നവർക്ക് സ്കൂട്ടർവിത്ത് സൈഡ് വീൽ

നിർവ്വഹണം	സി.ഡി.പി.ഒ
അടങ്കൽ	4,00,000/- (വികസന ഫണ്ട്)
ചെലവ്	69,500/-
ബിൽ നമ്പർ	19/25.03.15
ഡിഡി നമ്പർ	152546/20.04.15

കണ്ണൂർ നഗരസഭ പ്രൊജക്ട് നമ്പർ എസ്.ഒ.205/15 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന 5 പേർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ നൽകുന്ന പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 69,500/- രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും(ഇൻവോയിസ് നമ്പർ-KCCL/MKTS P.invoice 00111 L തീയ്യതി.11.03.15) സ്കൂട്ടർവിത്ത് സൈഡ് വീൽ വണ്ടി ഒരു ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ ടിയാൻ ഡ്രൈവിംഗ് ലൈസൻസ് നേടിയതായി കാണുന്നില്ല. ഡ്രൈവിംഗ് ലൈസൻസ് നേടി വാഹനം ഉപയോഗിക്കാമെന്ന കരാറിലാണ് വാഹനം അനുവദിച്ചിട്ടുള്ളത്. ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം പ്രവർത്തിപ്പിക്കുന്നത് ഇന്ത്യൻ മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം കുറ്റകരമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(ഒ.എസ്.44/17.06.16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവു തുക 69,500/- രൂപ തടസ്സപ്പെടുത്തുന്നു.

കെൽട്രോണിനെ സ്കൂട്ടർ വിതരണത്തിനുള്ള ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. അത് ലംഘിച്ചുകൊണ്ട് ക്വട്ടേഷനില്ലാതെ കെൽട്രോണിൽ നിന്നും വാങ്ങിയതിന്റെ സാംഗത്യം വിശദീകരിക്കേണ്ടതാണ്.

3-19 പ്രവർത്തിക്കാത്ത ജാഗ്രതാ സമിതി ഓഫീസിന് ഫർണിച്ചർ- 20,976/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെ പേര്	ജാഗ്രതാ സമിതി ഓഫീസിന് ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ.
പ്രൊജക്ട് നമ്പർ	എസ്ഒ 297/15
നിർവ്വഹണം	സി.ഡി.പി.ഒ
അടങ്കൽ	22,000/- (വികസന ഫണ്ട്)
ചെലവ്	20,976/-
ബിൽ നമ്പർ	13/25.03.15

ഡിഡി നമ്പർ	152545/02.04.15

പ്രസ്തുത പ്രൊജക്ട് പ്രകാരം ജാഗ്രതാ സമിതി ഓഫീസിന് നൽകുന്നതിന് വേണ്ടി 20,976/- രൂപ ചെലവഴിച്ച് 1സ്റ്റീൽ അലമാര, 1സ്റ്റീൽ മേശ , 1സ്റ്റീൽ കസേര എന്നിവ സിഡ്കോ,കണ്ണൂരിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥ വാങ്ങി(ഇൻവോയിസ് നം, എസ്എസ്ഇകെഎൻആർ/ എഫ്86/ 479 തീ.23.02.15) സി.ഡി.എസ് പ്രസിഡണ്ടിന് കൈമാറിയിട്ടുണ്ട്.

ജാഗ്രതാസമിതി രൂപീകരണവും പ്രവർത്തനവും വ്യക്തമാക്കുന്ന രേഖകൾ,സമിതിയുടെ മിനുട്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കണ്ണൂർ നഗരസഭയിൽ ജാഗ്രതാ സമിതി രൂപീകരിച്ചിരുന്നതായി നിർവ്വഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ടെങ്കിലും മേൽ രേഖകളുടെ അഭാവത്തിൽ നഗരസഭയിൽ നിലവിൽ ജാഗ്രതാ സമിതി പ്രവർത്തിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. പ്രവർത്തിക്കാത്ത സമിതിക്ക് നൽകിയ ഫർണിച്ചറിന്റെ വില 20,976/- രൂപ തടസ്സപ്പെടുത്തുന്നു.

സ്ത്രീകളുടെയും പെൺകുട്ടികളുടെയും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങളും അവകാശലംഘനങ്ങളും തടയുന്നതിനുംവേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് ജാഗ്രതാസമിതി.

നഗരസഭയിൽ ജാഗ്രതാസമിതി കേവലം പേരിന് മാത്രമാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ദിനംപ്രതി കൂടി വരുന്ന സാഹചര്യത്തിൽ ജാഗ്രതാസമിതി നിഷ്ക്രീയമാകുന്നത് ഗൗരവതരമായ വിഷയമാണ്.

3-20 കാഴ്ചയില്ലാത്തവർക്ക് കമ്പ്യൂട്ടർ വിതരണം-സാങ്കേതിക സഹായം സ്വീകരിച്ചില്ല.

പ്രൊജക്ട് നമ്പർ	295/15 -കാഴ്ച ഇല്ലാത്തവർക്ക് കമ്പ്യൂട്ടർ വിതരണം
നിർവ്വഹണം	സി.ഡി.പി.ഒ
അടങ്കൽ	50,000/-
ചെലവ്	30,000/-
ബിൽ നമ്പർ	16/14-15 തീ.25.03.15
ഡിഡി നമ്പർ	152544/20.04.15

പ്രൊജക്ട് നമ്പർ 295/15 പ്രകാരം കാഴ്ചയില്ലാത്തവർക്ക് കമ്പ്യൂട്ടർ വിതരണം ചെയ്യുന്ന പ്രസ്തുത പദ്ധതി പ്രകാരം

ശ്രീ.എം.ടി.യൂസഫ് എന്ന ഗുണഭോക്താവിന് 30,000/- രൂപ ചെലവഴിച്ച് ടോക്കിംഗ് സോഫ്റ്റ് വെയർ സ്ഥാപിച്ച് കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം, പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള സൗജന്യ പരിശീലനം എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കിയില്ല. പരിശീലനം സംബന്ധിച്ചും ടോക്കിങ്ങ് സോഫ്റ്റ് വെയർ സൗജന്യമായി നൽകുന്നത് സംബന്ധിച്ചും കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡുമായി നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമായ ധാരണ ഉണ്ടാക്കിയ ശേഷം മാത്രമെ പ്രൊജക്ടിന്റെ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂ എന്ന സർക്കാർ വ്യവസ്ഥയും പാലിച്ചിട്ടില്ല.കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-21 വനിതാ ഹോസ്റ്റലിലെ ഡൈനിംഗ് ബ്ലോക്കിന് പാത്രങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങൽ -നിർവ്വഹണ അപാകതകൾ- ക്വട്ടേഷനിൽ അധികമായി നൽകിയ 10,040/- രൂപ നിരാകരിക്കുന്നു ; 61,133/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ടിന്റെപേര്	വനിതാ ഹോസ്റ്റലിലെ ഡൈനിംഗ് ബ്ലോക്കിന് പാത്രങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങൽ
പ്രൊജക്ട് നമ്പർ	എസ്ഒ 056/15
നിർവ്വഹണം	സി.ഡി.പി.ഒ
അടങ്കൽ	4,96,520/- (വികസന ഫണ്ട്)
ചെലവ്	4,60,143/-
ബിൽ നമ്പർ	01/11.08.14
ഡിഡി നമ്പർ	999091(11.08.14) 4,54,743/- രൂപ

നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്, പൊതുവാച്ചേരിക്ക് നടത്തിപ്പിന് നൽകിയതും താവക്കരയിൽ സ്ഥിതി ചെയ്യുന്നതുമായ വനിതാ ഹോസ്റ്റലിന് പ്രസ്തുത പ്രൊജക്ട് പ്രകാരം 4,54,743/- രൂപ ചെലവഴിച്ച് 52 ഇനം സാധനങ്ങൾ ഷാനിബ്(അൽ അമീൻ ഗ്രൂപ്പ്-കണ്ണൂർ) എന്നവരിൽ നിന്നും വാങ്ങി നിർവഹണ ഉദ്യോഗസ്ഥ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ചുവടെ ചേർത്ത ഇനങ്ങൾക്ക് അംഗീകൃത ക്വട്ടേഷനിൽ നിന്ന് വ്യതിചലിച്ച് താഴെപ്പറയുംവിധം 10,040/- രൂപ വിതരണക്കാരന് അധികം നൽകിയിട്ടുണ്ട്.

ക്രമ നം	ഇനം	ക്വോട്ട് ചെയ്ത നിരക്ക്	ലഭ്യമാക്കിയ നിരക്ക്	അധിക നിരക്ക്	വാങ്ങിയ എണ്ണം	അധികം നൽകിയ തുക

1	ടെലിവിഷൻ	26,000	27,900	1,900	1	1,900
2	മേശ	4,500	5,000	500	4	2,000
3	കിടക്ക	3,637	3,780	143	30	4,290
4	കർട്ടൻ	926	1,000	74	25	1,850
					ആകെ	10,040/-

ക്വാട്ട് ചെയ്ത നിരക്കിൽ അധികമായി ഈടാക്കിയ 10,040/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന്(38/13.06.2016) സ്ഥാപനത്തിൽ നിന്നും ലഭ്യമായാൽ തുക തിരിച്ചടക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.10,040/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഓഡിറ്റിന്റെ ഭാഗമായി 10.06.2016 ന് സ്ഥല പരിശോധന നടത്തിയതിൽ, 16,090/- രൂപ ചെലവഴിച്ച് 2014 ഓഗസ്റ്റിൽ നിർവഹണ ഉദ്യോഗസ്ഥ പ്രസ്തുത പ്രൊജക്ട് പ്രകാരം വാങ്ങി നൽകിയ വാഷിംഗ് മെഷീൻ 2 വർഷത്തോളമായിട്ടും കവർ/പെട്ടിപോലും തുറക്കാതെ വനിതാഹോസ്റ്റലിന്റെ അടുക്കളയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതിൽ നിന്നും ഹോസ്റ്റലിന്റെ പ്രവർത്തനത്തിന് ആവശ്യമില്ലാത്ത സാധനമാണ് വാങ്ങി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ആവശ്യകതാ നിർണ്ണയം നടത്താതെ വാഷിംഗ് മെഷീൻ വാങ്ങുക വഴി വികസന ഫണ്ട് 16,090/- രൂപ പാഴാക്കിയിരിക്കുകയാണ്.നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിയോജിപ്പ് മറികടന്നു കൊണ്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഏകപക്ഷീയമായ തീരുമാന പ്രകാരമാണ് പർച്ചേസ് നടത്തേണ്ടി വന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(38/13.06.2016)ത്തിന് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു,

മറ്റ് അപാകതകൾ :-

1) ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ പ്രകാരം നഗരസഭ സെക്രട്ടറിയാൽ ചുമതല ഏൽപ്പിക്കപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത സാധനങ്ങൾ കൈപ്പറ്റിയതിനും ആയത് ഹോസ്റ്റൽ നടത്തിപ്പിന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

2) വനിതാ ഹോസ്റ്റലിന് പാത്രങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങാനായി ടെണ്ടർ ക്ഷണിച്ചതിൽ സയന്റിഫിക് സൊല്യൂഷൻസ്,കാഞ്ഞങ്ങാട്; നൃചമയം, കാഞ്ഞങ്ങാട്; ഷാനിബ്. കെ,അൽഅമീൻ ഗ്രൂപ്പ്, കണ്ണൂർ എന്നിവരുടെ ടെണ്ടറുകളാണ് ലഭിച്ചത്. ആയതിൽ നൃചമയം, കാഞ്ഞങ്ങാടിന്റെ ടെണ്ടർ കിട്ടിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്വാട്ട് ചെയ്ത നിരക്കുകൾ ഫയലിൽ ലഭ്യമല്ല. ശേഷിക്കുന്ന 2 പേരിൽ കൂടുതൽ വില ക്വാട്ട് ചെയ്ത ഷാനിബിന്റെ ടെണ്ടറാണ് (അൽ-അമീൻഗ്രൂപ്പ്) അംഗീകരിച്ചിട്ടുള്ളത്. 54 ഇനങ്ങൾക്ക് ആകെ 1,17,935/- രൂപ ക്വാട്ട്

ചെയ്ത സയന്റിഫിക് സൊല്യൂഷൻസിന്റെ ടെണ്ടർ അംഗീകരിക്കാതെ 1,62,978/- രൂപ കൂട്ട് ചെയ്ത അൽ -അമീൻ ഗ്രൂപ്പിന്റെ ടെണ്ടറാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഓഡിറ്റ് അന്വേഷണത്തിനുള്ള (38/13.06.2016) മറുപടി തൃപ്തികരമല്ല. കൂടുതൽ റേറ്റ് കൂട്ട് ചെയ്ത അൽ-അമീൻ ഗ്രൂപ്പിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ കാരണം മറുപടിയിൽ വ്യക്തമാക്കാത്ത സാഹചര്യത്തിൽ 45,043/- രൂപ(162978-117935) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) വിതരണക്കാരനുമായി കരാറിലേർപ്പെട്ടതിന്റെ കരാർ രേഖ ഹാജരാക്കിയിട്ടില്ല. പകരം 100 രൂപയുടെ സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

4)ഉപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. പകരം തീയ്യതി പോലും ഇല്ലാത്ത ഒരു കമ്പ്യൂട്ടർ ബില്ലാണ് ഹാജരാക്കിയത്. വാറ്റ് ഈടാക്കിയിട്ടുണ്ടോ എന്ന് ബില്ലിൽ നിന്ന് വ്യക്തമല്ല. വാറ്റ് വിവരം ഉൾപ്പെടെയുള്ള യഥാർത്ഥ ഇൻവോയിസ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3-22 മത്സ്യത്തൊഴിലാളികൾക്ക് ഭവന അറ്റകുറ്റപ്പണി-നിർവ്വഹണ അപാകതകൾ- 82,825/- രൂപ നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ/ പേര്	21/15 മത്സ്യത്തൊഴിലാളികൾക്ക് ഭവന അറ്റകുറ്റപ്പണി
അടങ്കൽ	5,00,000/-(സംരക്ഷണ ഗ്രാന്റ്-റോഡിതരം)
ചെലവ്	5,00,000/-
നിർവ്വഹണം	ഫിഷറീസ് സബ് ഇൻസ്പെക്ടർ

1) സർക്കാർ ഉത്തരവ് പാലിച്ചില്ല: 25,000/- രൂപ നിരാകരിക്കുന്നു .

12ാം പദ്ധതി മാർഗ്ഗരേഖ സ.ഉ(എം.എസ്) 362/2013 ത.സ്വ.ഭ.വ തീ. 16.11.13 പ്രകാരം ഭവന അറ്റകുറ്റപണികൾക്കായി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നത് വരുമാന പരിധി 50,000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽപെട്ടവരോ അല്ലാത്തവരോ ആയിരിക്കണം എന്ന മാനദണ്ഡമനുസരിച്ചാണ് . എന്നാൽ മേൽ പദ്ധതി പ്രകാരം ഭവന അറ്റകുറ്റപണിക്കായി 25,000/- രൂപ ആനുകൂല്യം കൈപ്പറ്റിയ ശ്രീ.ടി. അശോകൻ (ബിൽ നമ്പർ-6/14-15 തീ.27.02.15-12,500/-, ബിൽ നമ്പർ-4/14-15 തീ.20.02.15-12500/-) എന്നവരുടെ കുടുംബ വാർഷിക വരുമാനം കണ്ണൂർ 1 വില്ലേജ് ഓഫീസറുടെ 20.09.2014 ലെ 8156218 നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 1,20,000/-

രൂപയാണ്.

മാർഗ്ഗരേഖാ നിർദ്ദേശം ലംഘിച്ച് ആനുകൂല്യം നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് 30.06.2016 ന് നൽകിയ 71ാം നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ ഡി.ഡി നമ്പറും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ചെലവഴിച്ച 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കേണ്ടതാണ്.

2)ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം ; 25,000/- രൂപ നിരാകരിക്കുന്നു .

പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ പങ്കജാക്ഷൻ .വി.വി എന്നവർക്ക് 25,000/- രൂപ അനുവദിച്ചിട്ടുണ്ട്.(ബിൽ നമ്പർ-2/14-15 തീ.30.12.14- 12,500+ 4/14-15 തീ.20.02.15- 12,500/- രൂപ)ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ നടപടിക്ക് വിശദീകരണവും തുക നൽകിയതിന്റെ ഡിഡി നമ്പർ/തീയ്യതിയും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(ഒ.എസ്-71/30.06.16) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തിക്ക് അനുവദിച്ച ആനുകൂല്യം 25,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടക്കേണ്ടതാണ്.

3)വാല്വേഷനിൽ അധികം അനുവദിച്ച 32,825/- രൂപ നിരാകരിക്കുന്നു .

പ്രസ്തുത പ്രൊജക്ടിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മുനിസിപ്പൽ എഞ്ചിനീയറുടെ വാല്വേഷനിൽ ഉള്ളതിനേക്കാൾ കൂടുതൽ തുക ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ.

ക്രമ നമ്പർ	പേര്	വാല്വേഷൻ പ്രകാരം തുക	നൽകിയ തുക	അധികം നൽകിയ തുക	ചെലവ് വിവരം/ ബിൽ നമ്പർ	ഡിഡി നമ്പർ
1	വി.വി.രത്നാകരൻ	10,974/-	25,000/-	14,026	1ാം ഗഡു 12,500-2/14-15 തീ. 30.12.14 2ാം ഗഡു 12,500/-4/14-15 തീ. 20.02.15	ലഭ്യമാക്കിയിട്ടില്ല.
2	കെ.വി. സഹദേവൻ	15,831/-	25,000/-	9,169	1ാം ഗഡു 12,500 2/1415തീ.30.12.14 2ാം ഗഡു-12,500-4/14-15 തീ. 20.02.15	ലഭ്യമാക്കിയിട്ടില്ല.
3	പി.വി.പ്രജിത്ത്	15,370/-	25,000	9,630	1ാം ഗഡു 12,500 3/1415തീ.19.01.15 2ാം ഗഡു-12,500-4/14-15 തീ. 20.02.15	ലഭ്യമാക്കിയിട്ടില്ല.
			ആകെ	32,825		

ഇക്കാര്യം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഒ.എസ്-71/30.06.16) മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്വേഷനിൽ അധികമായി അനുവദിച്ച 32,825/- ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരിച്ചടക്കേണ്ടതാണ്.

3-23 രാജീവ് ആവാസ് യോജന-ചേരി നിർമ്മാർജ്ജന പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമല്ല.

കണ്ണൂർ നഗരസഭയിൽ രാജീവ് ആവാസ് യോജന എന്ന പദ്ധതിയുടെ ഭാഗമായി കോർപ്പറേഷൻ ബിൽഡിംഗ് കോർഡിനേറ്ററേയും ഒരുസോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റിനേയും 05.12.2012 മുതൽ കോൺടാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ചേരിരഹിത നഗരാസൂത്രണം നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം. എന്നാൽ 2014-15 വരെ ശമ്പളം, ടിഎ എന്നിവ മേൽ പറഞ്ഞ ജീവനക്കാർക്ക് അനുവദിക്കുന്നതിന് മാത്രമെ തുക ചെലവഴിച്ചതായി കാണുന്നുള്ളൂ. എക്സിക്യൂട്ടീവ് ഡയരക്ടർ, കേരള സ്റ്റേറ്റ് പോവർട്ടി ഇറാഡിക്കേഷൻ(കുടുംബശ്രീ)യിൽ നിന്ന് കണ്ണൂർ നഗരസഭയ്ക്ക് 31.03.2015 വരെ 22,02,124/- രൂപ ശമ്പള വിതരണത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ കരാറുജീവനക്കാർക്ക് 2015 മാർച്ച് വരെ ശമ്പളം , ടി.എ ഇനത്തിൽ 23,43,765/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. എസ്.ബി.ടി(അക്കൗണ്ട് നം.67206719480) പാസ് ബുക്ക് പ്രകാരം 31.03.15 ന് 1,82,275/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ആർ.എ.വൈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ചേരി നിർമ്മാർജ്ജന പ്രവൃത്തികളുടെ ഫയൽ ഹാജരാക്കാത്തതിനാൽ ആയതിന്റെ ലക്ഷ്യം നിറവേറ്റിയോ എന്നത് വ്യക്തമല്ല. കണ്ണൂർ നഗരസഭയിൽ 2 ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് ഭീമമായ ശമ്പളം നൽകിയിട്ടും നഗരസഭയിൽ യാതൊരുവിധ ചേരി നിർമ്മാർജ്ജന പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 59/14-15/സിഎം2/16 തീ.21.06.2016 നമ്പർ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3-24 ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി-1,92,97,357/- രൂപയുടെ നീക്കിയിരിപ്പ്-തിരിച്ചടക്കേണ്ടതാണ്.

കണ്ണൂർ നഗരസഭയിൽ 2009-10 വർഷം മുതൽ ഇ.എം.എസ് ഭവന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ 538 പേർ ഉൾപ്പെട്ടതിൽ നിന്നും 18 പേർക്ക് മാത്രമാണ് പദ്ധതിയുടെ ധനസഹായം നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി അടങ്കൽ, ചെലവ് എന്നിവയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	പ്രോജക്ട് നം.	അടങ്കൽ					പിൻവലിച്ച തുക				
		പ്ലാൻ	തനത്	ബാങ്ക്	സന്നദ്ധ സേവനം	ആകെ	പ്ലാൻ	തനത്	ബാങ്ക്	സന്നദ്ധ സേവനം	ആകെ
2009--10	00165/11	3800000	0	46875000	0	50675000	3800000	0	0	0	3800000

2010--11	00165/11	3901920	42118080	0	10000000	56020000	3901920	0	0	0	3901920
2011-12	0	0	0	0	0	0	0	0	0	0	
2012-13	0	0	0	0	0	0	0	0	0	0	
2013-14	50254/14	887500	0	0	0	887500	887500	0	0	0	887500
2014-15		0	0	0	0	0	0	0	0	0	

നിർവ്വഹണ ഉദ്യോഗസ്ഥനായ യു.പി.എ പ്രൊജക്ട് ഓഫീസറുടെ പേരിൽ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ഇ.എം.എസ് ഭവന പദ്ധതിക്കായുള്ള അക്കൗണ്ട് നമ്പർ-1 ൽ പദ്ധതി അടങ്കലിൽ നിന്നും പിൻവലിച്ച് 1,83,39,420/- രൂപ(85,89,420/-ജനറൽ+ 97,50,000/-എസ്.സി) നിക്ഷേപിച്ചിരുന്നു. പട്ടികജാതി വിഭാഗത്തിന്റെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ പദ്ധതിക്ക് നഗരസഭ അനുവദിച്ച വികസന ഫണ്ട് .97,50,000/- രൂപ ചെലവഴിക്കാതെ യു.പി.എ പ്രൊജക്ട് ഓഫീസറുടെ ജനറൽ വിഭാഗത്തിനായുള്ള അക്കൗണ്ടിലേക്ക് മാറ്റുകയാണുണ്ടായത്. 18 വീടിന്റെ പൂർത്തീകരണത്തിനായി(ജനറൽ വിഭാഗത്തിലെ) 25,07,500/- രൂപ യു.പി.എ പ്രൊജക്ട് ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിലെ 18 ഗുണഭോക്താക്കൾക്കും തുക അനുവദിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ചെലവഴിച്ചതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ ജനറൽ വിഭാഗത്തിൽ 60,81,920/- രൂപയും എസ്.സി.വിഭാഗത്തിൽ 97,50,000 രൂപയും നീക്കിയിരിപ്പുണ്ട്. എസ്.സി വിഭാഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി.ഡവലപ്പ്മെന്റ് ഓഫീസർ 58 പേരുടെ ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിട്ടും പദ്ധതി നിർവ്വഹണം നടത്താതെ മുഴുവൻ തുകയും പ്രൊജക്ടിന്റെ നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ജനറൽവിഭാഗത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതിന്റെ സാംഗത്യം വ്യക്തമല്ല. പട്ടികജാതി വികസന ഓഫീസർ പദ്ധതി നിർവ്വഹണത്തിന് കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽ പറഞ്ഞ മുഴുവൻ ഗുണഭോക്താക്കൾക്കും തുക അനുവദിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയതും അർഹരായ/ ഭവന നിർമ്മാണത്തിന് തയ്യാറായ ഗുണഭോക്താക്കൾ ഇല്ലെന്നറിഞ്ഞിട്ടും നിലവിൽ ഈ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിലും അർഹരായ ഗുണഭോക്താക്കൾ ആരും തന്നെ തുക കൈപ്പറ്റുവാൻ അവശേഷിക്കാത്ത സാഹചര്യത്തിലും പദ്ധതി വിഹിതം യഥാവിധി തിരിച്ചടക്കാതെ വർഷങ്ങളായി കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ തന്നെ നിലനിർത്തിയതും സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഇത്രയും ഭീമമായ പദ്ധതിപ്പണം മറ്റു വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണ്. പ്രൊജക്ടിന് ലഭ്യമായ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ ചെലവായി കാണിച്ചതിൽ 28.03.2015 ന് പലിശയുൾപ്പെടെ നീക്കിയിരിപ്പുള്ള 1,92,97,357/- രൂപ തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-25 എസ്.ജെ.എസ്.ആർ.വൈ യൂണിറ്റുകളുടെ പ്രവർത്തന വിവരം ലഭ്യമല്ലാത്തതും ബാങ്ക് അക്കൗണ്ടിലെ അവ്യക്തതയും-4,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് വിവിധ വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കി പ്രസ്തുത വിഭാഗക്കാരെ ദാരിദ്യരേഖയ്ക്ക് മുകളിൽ ഉയർത്തുകയാണ് പദ്ധതി ലക്ഷ്യം. കണ്ണൂർ നഗരസഭയിൽ വിവിധ വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും മേൽ പദ്ധതിയുടെ കീഴിൽ സബ്സിഡി ഇനത്തിൽ ആകെ 19,18,850/- രൂപ പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ പാസ്സ് ബുക്കിൽ നിന്നും 2014-15 വർഷം ചെലവഴിച്ചിട്ടുണ്ട്. 31.03.2015 ന് 69,81,350/- രൂപ സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ പാസ് ബുക്കിൽ നീക്കിയിരിപ്പുണ്ട്. തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)എസ്.ജെ.എസ്.ആർ.വൈ പദ്ധതി മാർഗ്ഗരേഖ 3-2(1) പ്രകാരം മൈക്രോ സംരംഭങ്ങൾക്ക് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി യു.എൽ.ജിയുടെ അംഗീകാരം തേടേണ്ടതുണ്ട്. 2014-15 വർഷത്തിൽ 38 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകിയത് മേൽ പറഞ്ഞ പ്രകാരമാണോ എന്ന കാര്യം ഫയലിൽ വ്യക്തമല്ല.

2) സബ്സിഡി ഇനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കിയ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി അടങ്ങിയ സി.ഡി.എസ് ന്റെ മാസം തോറുമുള്ള റിവ്യൂ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3) എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ കീഴിൽ (UWSP)ബിസ്മില്ല ഗാർമെന്റ്സ് എന്ന ഗ്രൂപ്പ് സംരംഭത്തിന് പദ്ധതി പ്രകാരമുള്ള സബ്സിഡി 2,40,000/-രൂപ അടക്കം 10,00,000/- രൂപ ബാങ്ക് ലോൺ 2014-15 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്(ചെക്ക്നം.04544/17.07.14) ടി സ്ഥാപനത്തിന്റെ അപേക്ഷ, പ്രൊജക്ട്, ചെലവ് രേഖകൾ ഇവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത് എവിടെ എന്നത് സംബന്ധിച്ച് വിശദീകരിക്കാനോ ഓഡിറ്റിന്റെ ഭാഗമായി 04.07.2016 ന് നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥാപനം കാണിച്ചു തരുവാനോ സി.ഡി.എസ് ചെയർ പേഴ്സണ് കഴിഞ്ഞിട്ടില്ല.

4) മേൽ പദ്ധതിയിൽ രമാദേവി.എൻ.പിക്ക് മ്യൂസിക്ക് ഉപകരണത്തിനായി 50,000/- രൂപ പദ്ധതി പ്രകാരമുള്ള സബ്സിഡി ഉൾപ്പെടെ 2,00,000/- രൂപ ബാങ്ക് ലോൺ അനുവദിച്ചിട്ടുണ്ട്. 04.07.16 ന് നടത്തിയ സ്ഥലപരിശോധനയിൽ ഉപകരണങ്ങൾ വാടകക്ക് കൊടുത്തിട്ടാണുള്ളത് എന്ന് ഗുണഭോക്താവ് വിശദീകരിക്കുകയുണ്ടായി. പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയിസ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ മ്യൂസിക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് എന്നും ആയതിന്റെ ആകെ ചെലവ് 2,00,000/- രൂപ തന്നെയെന്നും ഉറപ്പു വരുത്തേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനാണ്. മേൽ പറഞ്ഞകാര്യം അന്വേഷിച്ച് ഉറപ്പുവരുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) കിഷോർ.പി.കുമാർ (ഫ്രീലാന്റ് ഫോട്ടോഗ്രാഫർ) എന്നവർക്ക് വീഡിയോ ഗ്രാഫിയ്ക്കായി പദ്ധതി പ്രകാരം സബ്സിഡി 50,000/- രൂപ ഉൾപ്പെടെ 2,00,000/- രൂപ ബാങ്ക് ലോൺ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ പ്രസ്തുത തുക

ഉപയോഗിച്ചുകൊണ്ട് ക്യാമറ/വീഡിയോഗ്രാഫി ഉപകരണങ്ങൾ വാങ്ങിയിരുന്നോ എന്നും നിലവിൽ ഈ സംരംഭം പ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ചും ഓഡിറ്റിൽ വിവരം ലഭ്യമാക്കിയിട്ടില്ല.

6) സഫീറ.കെ.പി. മുതൽ 5 ആൾ അടങ്ങിയ ഗ്രൂപ്പ് സംരംഭമായ ലോൺടി യൂണിറ്റി (വെൺമ)ന്റെ പേരിലുള്ള എസ്.ബി.അക്കൗണ്ടിൽ 3,80,000/-രൂപ ബാങ്ക് ലോൺ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 1,40,000/- രൂപ സബ്സിഡി ഉൾപ്പെടെ 4,00,000/- രൂപയാണ് ബാങ്ക് അനുവദിക്കേണ്ടത്. നിർവ്വഹണോദ്യോഗസ്ഥൻ ബാങ്കിന് തുക നൽകിയിട്ടുണ്ടെങ്കിലും ടിയാന്റെ ബാങ്ക് പാസ് പുസ്തകത്തിൽ സബ്സിഡി തുക 1,40,000/- രൂപ വരവ് വെച്ചു കാണുന്നില്ല. തുകയുടെ ഒടുക്കം ഗുണഭോക്താവ് ഒടുക്കേണ്ട പലിശ സംബന്ധിച്ചും അവ്യക്തത ഒഴിവാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് 07.07.2016 ന് 79/14-15/സിഎം2/16 നമ്പർ ഓഡിറ്റ് ഒബ്ജക്ഷൻ മുഖേന വിശദീകരണം ആരാഞ്ഞെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ യൂണിറ്റുകൾക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച 4,80,000/- രൂപ(2,40,000 + 50,000 + 50,000 + 1,40,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ ഖണ്ഡികയിൽ ക്രമ നമ്പർ 3,5 എന്നിവ നിലവിൽ പ്രവർത്തിക്കാത്തവയാണെങ്കിൽ സബ്സിഡി തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-26 ഐ.എച്ച്.എസ്.ഡി.പി-പദ്ധതിലക്ഷ്യം പൂർത്തീകരിച്ചില്ല-പൂർത്തിയാക്കിയ ക്വാർട്ടേഴ്സുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയില്ല.

കണ്ണൂർ നഗരസഭയിൽ മുക്കടവ് പ്രദേശത്ത് ചേരി വികസനം യാഥാർത്ഥ്യമാക്കുന്നതിന് ഐ.എച്ച്.എസ്.ഡി.പി പദ്ധതിക്ക് കീഴിൽ ആരംഭിച്ച ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 2014-15 വർഷത്തിൽ പാർട്ട് ബിൽ പ്രകാരം 13,46,702/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 4.07.2016 ന് സ്ഥല പരിശോധന നടത്തിയതിൽ, രണ്ടു നിരകളായി ഇരുപതിലേറെ ക്വാർട്ടേഴ്സുകളുടെ വർഷങ്ങളായി ആരംഭിച്ച നിർമ്മാണം ഏറെക്കുറെ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആയതിനുള്ള അന്തിമ പ്രവൃത്തികൾ നടത്തി ഗുണഭോക്താക്കൾക്ക് വീടുകൾ കൈമാറിയിട്ടില്ല എന്നു കാണുകയുണ്ടായി. ഇത് സംബന്ധിച്ച ഇ2/18683/10ാം നമ്പർ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ കൂടുതൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങൾ സംബന്ധിച്ച് 07.07.2016 ന് നൽകിയ 81/2014-15/സിഎം2/16 നമ്പർ ഓഡിറ്റ് ഒബ്ജക്ഷന് നഗരസഭ മറുപടിയും ലഭ്യമാക്കിയിട്ടില്ല. ചേരി വികസനത്തിനായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാതെ സമൂഹത്തിലെ ദുർബലജനവിഭാഗങ്ങൾക്ക് താമസസൗകര്യം നിഷേധിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. നിലവിൽ ഐ.എച്ച്.എസ്.ഡി.പി അക്കൗണ്ടിൽ(അക്കൗണ്ട് നം. 748790034) 22.04.2016 ന് 1,04,29,932/- രൂപ നീക്കിയിരിപ്പുണ്ട്.

കണ്ണൂർ നഗരസഭയിൽ ഐ.എച്ച്.എസ്.ഡി.പി പദ്ധതിയുടെ അംഗീകരിച്ച ഡി.പി.ആർ അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ചേരികൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതെ 1,04,29,932/- രൂപ നിഷ്ക്രിയമായി കിടക്കുന്നതിനും പദ്ധതി നടത്തിപ്പിലെ അപാകതയും അന്വേഷണ വിധേയമാക്കേണ്ടതാണ്.

3-27 'പുതിയ തുറന്ന കിണർ' നിർമ്മാണം - അർഹതയില്ലും അധികം തുക അനുവദിച്ചു-6,494/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ	എസ്ഒ/086/15(2013-14 ൽ പ്രോജക്ട് നം.എസ്.ഒ/104/12)
പ്രോജക്ടിന്റെ പേര്	പുതിയ തുറന്ന കിണർ നിർമ്മാണം
അടങ്കൽ	2,95,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	മുനിസിപ്പൽ എഞ്ചിനീയർ
ബിൽ നമ്പർ/തീയ്യതി	63/14-15 തീ.19/23.12.14
തുക	94,950/- ഡി.ഡി-9014934 തീ.23.12.14
ഫണ്ട്	വികസന ഫണ്ട്(എസ്.സി.പി)
ഫയൽ നം.	ഇ5/21794/13

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 'പുതിയ തുറന്ന കിണർ ' എന്ന പദ്ധതി 2013-14ൽ കണ്ണൂർ നഗരസഭ ആവിഷ്കരിക്കുകയും 11 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം മുൻഗൂർ അനുവദിക്കുകയും ചെയ്തിരുന്നു. സ.ഉ (എം.എസ്)നം.248/2012 തീ.29.09.2012 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വാല്യുവേഷന്റെ 90% (പരമാവധി 17,500/- രൂപ)യാണ് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി. 16.11.2013 ലെ സ.ഉ(എം.എസ്)362/2013 ലെ ഖണ്ഡിക 3.5(1) പ്രകാരവും വാല്യുവേഷന്റെ 90% തന്നെയാണ് സബ്സിഡി അനുവദിക്കാവുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ 4 ഗുണഭോക്താക്കൾക്ക് പരിധിയിലും കൂടുതൽ തുക സബ്സിഡി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ;

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വാല്യുവേഷൻ തുക	അനുവദനീയമായത്- 90% (പരമാവധി 17,500/- രൂപ)	അനുവദിച്ചത്			അധികം അനുവദിച്ച തുക
				2013-14 ൽ അനുവദിച്ചത്	2014-15ൽ അനുവദിച്ചത്	ആകെ	

1	ഷൺമുഖൻ	17295	15,566	5,000	12,295	17,295	1,729
2	മഹിത.പി	17295	15,566	5,000	12,295	17,295	1,729
3	ശ്യാമള.കെ	12943	11,649	5,000	7,943	12,943	1,294
4	രമണി.വി	17417	15,675	5,000	12,417	17,417	1,742
						ആകെ അധികം	6,494/-രൂപ

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തി/ വ്യക്തികളിൽ നിന്നും ഈടാക്കുന്നതാണെന്നും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച് 16.11.2013ലെ സ.ഉ(എം.എസ്) 362/2013 നമ്പറായുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3ൽ വ്യക്തമാക്കിയിട്ടുണ്ട്.

അധികം തുക അനുവദിച്ചത് സംബന്ധിച്ച് ഒ.എസ്.5/2014-15 തീയ്യതി. 10.02.2016പ്രകാരം വിശദീകരണം ആരാഞ്ഞെങ്കിലും നിർവഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികമായി അനുവദിച്ച 6,494/- രൂപ ഗുണഭോക്താക്കളിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

3-28 ആവശ്യകതാ നിർണ്ണയം നടത്താതെ ബിറ്റുമിൻ വാങ്ങി-86 ബാരൽ ബിറ്റുമിൻ ഉപയോഗരഹിതമായി കിടക്കുന്നു.-ചെലവു തുക 5,75,952/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണം-മുനിസിപ്പൽ എഞ്ചിനീയർ

(ഫയൽ നം.ഇ1-8458/09)

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ ടാറിംഗ് പ്രവൃത്തികൾക്കായി 2014-15 വർഷം വാങ്ങിയ ബിറ്റുമിനിൽ തനത് ഫണ്ടുപയോഗിച്ച് വാങ്ങിയ 43 ബാരൽ ബിറ്റുമിനും പ്ലാൻ ഫണ്ടുപയോഗിച്ച് വാങ്ങിയ 43 ബാരൽ ബിറ്റുമിനും ഉൾപ്പെടെ 86 ബാരൽ ബിറ്റുമിൻ നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 02.06.2016 ന് സ്ഥലപരിശോധന നടത്തിയതിൽ 86 ബാരൽ ബിറ്റുമിൻ നഗരസഭാ ഓഫീസിനു മുൻവശം സൂക്ഷിച്ചതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.29.04.15 ന് ശേഷം പ്ലാൻ ഫണ്ടിൽ നിന്നും 29.12.15 ന് ശേഷം തനതു ഫണ്ടിൽ നിന്നും ബിറ്റുമിൻ അനുവദിച്ചിട്ടില്ല. സിഡ്കോയിൽ നിന്നാണ് ബിറ്റുമിൻ വാങ്ങിയിട്ടുള്ളത്. അവസാന പർച്ചേസ് പ്രകാരം, പ്ലാൻ ഫണ്ടിലേക്കും തനതു ഫണ്ടിലേക്കും വാങ്ങിയ ഒരു ബാരൽ ബിറ്റുമിന്റെ വില യഥാക്രമം 6,725/-(ഇൻവോയിസ്-9897/07.04.15) രൂപയും 6,669/- (ഇൻവോയിസ്-9671/30.03.15) രൂപയുമാണ്. ഇതു പ്രകാരം 43 x 6725 x 43 x 6669= 5,75,952/- രൂപയുടെ ബിറ്റുമിൻ നഗരസഭയിൽ നിഷ്ക്രിയമായി കിടക്കുകയാണ്.

നിലവിൽ നഗരസഭ മരാമത്ത് പ്രവൃത്തികൾക്ക് ടാർ സപ്ലൈ ചെയ്യുന്നില്ല. ആവശ്യത്തിൽ കൂടുതൽ ടാർ വാങ്ങി

ഉപയോഗരഹിതമായി കിടക്കുന്നത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ (ഒ.എസ്-86/11.07.2016)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 86 ബാരൽ താറിന്റെ വില 5,75,952/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-29 മരക്കാർകണ്ടി എസ്.സി ഹൗസിംഗ് കോംപ്ലക്സ് :-പൂർത്തീകരിച്ച ക്വാർട്ടേഴ്സുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയില്ല;

പ്രൊജക്ട് നമ്പർ	280/15 മരക്കാർകണ്ടി എസ്.സി ഹൗസിംഗ് കോംപ്ലക്സ് നിർമ്മാണം ബാക്കിത്തുക നൽകൽ.
നിർവ്വഹണം	മുനിസിപ്പൽ എഞ്ചിനീയർ
ഫണ്ടിനം	വികസന ഫണ്ട്(എസ്.സി.പി) 2014-15ൽ വകയിരുത്തിയത് 72,42,437/-
2014-15ചെലവ്	72,42,437/-(ബിൽ-49/28.10.14)
ഫയൽ	ഇ2-20120/14

നഗരസഭാ പ്രദേശത്തെ 56 പട്ടികജാതി കുടുംബങ്ങൾക്കായി മരക്കാർകണ്ടിയിൽ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷൻ മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് 4,73,36,298/- രൂപയുടെ ഭരണാനുമതി ലഭിച്ച ടി പ്രവൃത്തിക്ക് 31.03.2015 വരെയായി നഗരസഭ 3,87,13,104/- രൂപ പ്രസ്തുത ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

8 ക്വാർട്ടേഴ്സുകൾ വീതമുള്ള 7 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാണ് പ്രൊജക്ട്. 04.07.16 ന് ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തിയതിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. കെട്ടിടോദ്ഘാടനം നിർവ്വഹിക്കപ്പെട്ട് മാസങ്ങൾ പിന്നിട്ടിട്ടും ക്വാർട്ടേഴ്സുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടില്ല. സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ ജനൽ ഗ്ലാസ്സുകളും മറ്റും തകർന്ന നിലയിലും പരിസരം കാടുമൂടിയ നിലയിലുമാണ്. സമൂഹത്തിലെ ദുർബലരെ ഉന്നംവെച്ച് നഗരസഭ വിഭാവനം ചെയ്ത ഈ മാതൃകാപരമായ പദ്ധതിയുടെ ഗുണം അതിന്റെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ക്വാർട്ടേഴ്സുകൾ അടിയന്തിരമായി ഗുണഭോക്താക്കൾക്ക് താമസത്തിനായി കൈമാറേണ്ടതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

3-30 ഭൗമ വിവര സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രവിവരശേഖരണവും ഭൂപടം തയ്യാറാക്കലും - വിവരങ്ങൾ കാലികമാക്കാത്തതും ആദായ നികുതി ഇൗടാക്കിയതിൽ 4,000/- രൂപയുടെ കുറവും.

പ്രൊജക്ട് നമ്പർ	60/15
നിർവ്വഹണം	മുനിസിപ്പൽ എഞ്ചിനീയർ
അടങ്കൽ	12 ലക്ഷം(പദ്ധതി വിഹിതം)
ചെലവ്	11,99,443/- രൂപ
ബിൽ നമ്പർ	29/13-14/06.01.14
	92/13-14/28.03.14
	20/14-15/30.07.14

സാങ്കേതിക വിജ്ഞാനത്തിന്റെ ഫലം സാധാരണക്കാർക്ക് ലഭിക്കുന്നതിനു നഗരസഭയുടെ ആസൂത്രണത്തിനാവശ്യമായ വിവരങ്ങൾക്കും മറ്റും ആധാരമാക്കുവാൻ പറ്റുന്ന ഒരു സംവിധാനത്തിനുമായി ഒരു സമഗ്രമായ വിവര സംയോജന സംവിധാനം എന്ന നിലയിലാണ് ഭൗമവിവര സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര വിവര ശേഖരണവും ഭൂപട നിർമ്മാണവും എന്ന പ്രൊജക്ട് കണ്ണൂർ നഗരസഭയിൽ നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര മുഖേന നടപ്പിലാക്കിയതിന് താഴെ പറയും പ്രകാരം 11,99,443/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ബിൽ നമ്പർ	തുക
1)	29/13-14/06.01.2014	2,40,000/-
2)	92/13-14/28.03.14	5,99,610/-
3)	20/14-15/30.07.14	3,59,833/-
		11,99,443/- രൂപ

ഈ പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇത്തരം പ്രവൃത്തികളുടെ അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ സർക്കാർ നിയോഗിച്ചതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) 2013-14,2014-15 പദ്ധതിയിൽ പൂർത്തിയാക്കിയ ആസ്തികളുടെ വിവരം അപ് ഡേറ്റ് ചെയ്തിട്ടില്ല; ഇതുമായി ബന്ധപ്പെട്ട് ഒരു പരിശീലനം ബന്ധപ്പെട്ട നഗരസഭാ ജീവനക്കാർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നൽകിയിട്ടില്ല. 12 ലക്ഷത്തോളം രൂപ ചെലവഴിച്ച പദ്ധതിയുടെ ഗുണഫലം നഗരസഭയ്ക്കും പൊതുജനങ്ങൾക്കും ആശ്രയിക്കാൻ പറ്റുന്ന രീതിയിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)പ്രസ്തുത പ്രവൃത്തിക്ക് 10% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. 11,99,443/- രൂപയുടെ 10% 1,19,944/- രൂപ ഈടാക്കേണ്ടുന്നതിന് പകരം താഴെ ചേർത്ത പ്രകാരം 1,15,944/- രൂപയേ ഈടാക്കിയിട്ടുള്ളൂ.

	ബിൽ നമ്പർ	തുക	ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയത്	ബില്ലിൽ നിന്നും ആദായ നികുതി കുറവ് വരുത്തിയത്.
1)	29/13-14/06.01.14	2,40,000	2,40,000	-
2)	92/13-14/28.03.14	5,99,610	5,19,649	79,961
3)	20/14-15/30.07.14	3,59,833	3,23,850	35.983

	ആകെ	11,99,443	10,83,499	1,15,994

ആദായ നികുതി ഈടാക്കിയതിൽ കുറവ് വന്ന 4,000/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.അധികമായി നൽകിയ 4,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ (ഒ.എസ്.69/ തീ.02.07.2016) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3-31 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല-1,39,38,751/- രൂപ തടസ്സപ്പെടുത്തുന്നു.

2014-15 വർഷം താഴെ ചേർത്ത പ്രകാരം വിവിധ ഏജൻസികളിൽ വ്യത്യസ്ത പ്രവൃത്തികൾക്കായി 1,39,38,751/- രൂപ നഗരസഭ നിക്ഷേപിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരത്തിന്റെ അഭാവത്തിൽ ചെലവു തുക 1,39,38,751/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗ സാക്ഷ്യപത്രം ഇവ പരിശോധനക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഒ.എസ്.82/ 7.7.16) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രൊജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	ഏജൻസി	തുക/ ഫണ്ടിനം	ബിൽ നമ്പർ/ ഡിഡി നമ്പർ
1)	319/15	തയ്യിൽ-താഴെ ചൊവ്വ റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	കെ.എസ്. ഇ.ബി	32,48,610 വികസന ഫണ്ട്	45/29.8.14
2)	368/15	തായത്തെരു റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	കെ.എസ്. ഇ.ബി	3,81,404 ധനകാര്യ കമ്മീഷൻ	92/26.02.15
3)	143/15	പടന്ന ഗാർഡൻ കോളനി കുടിവെള്ള പദ്ധതി-4എസ്.സി കുടുംബങ്ങൾ(വീട്ടു മുറ്റത്തെ കുടിവെള്ള	കേരള വാട്ടർ അതോറിറ്റി.കണ്ണൂർ	1,66,500 (വികസന ഫണ്ട് എസ്.സി.പി)	1)46/ 29.9.14 66,000/- ഡിഡി. 1742/

		ടാപ്പ്)			30.09.14 2)56/ 16.12.14 -500/- ഡിഡി-731285/ 10.12.14 3)25/13-14 (1ലക്ഷം)- ഡിഡി. 998186/ 22.7.14
4)	280/15	മരക്കാർകണ്ടി ഹൗസിംഗ് കോംപ്ലക്സ് നിർമ്മാണം ഇ2-2012014	കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്	72,42,437	ഡിഡി-003200/ 30.10.14 ബിൽ-49/ 28.10.14
5)	370/15	മരക്കാർകണ്ടി എസ്.സി.ഹൗസിംഗ് കോംപ്ലക്സ് ചുറ്റുമതിൽ നിർമ്മാണം. ഇ2-7242/15	കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്	28,99,800	ഡിഡി150249/ 20.03.15 ബിൽ-119/ 18.03.15
			ആകെ	1,39,38,751	

3-32 തെരുവ് വിളക്ക് :- നിലവിലില്ലാത്ത വിളക്കുകൾക്കും മാസംതോറും വൈദ്യുത ചാർജ്ജ് ഒടുക്കുന്ന - നഗരസഭയ്ക്ക് വൻ തുക തുടർ നഷ്ടം

നഗരസഭയിലെ മീറ്ററില്ലാത്ത തെരുവ് വിളക്കുകൾക്ക്(കൺസ്യൂമർ നമ്പർ .15386) 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 4,25,996/- രൂപ നിരക്കിലും 2014 നവമ്പർ മുതൽ 2015 മാർച്ച് വരെ 5,12,414 രൂപ നിരക്കിലുമാണ് പ്രതിമാസം വൈദ്യുത ചാർജ്ജ് ഒടുക്കിയിട്ടുള്ളത്.

29.11.2014 ലെ കെ.എസ്.ഇ.ബിയുടെ ഡിബി/തെ.വി.കണ്ണൂർ/ 14-15/262 കത്തിൽ 16.08.14 മുതൽ മുൻകാല പ്രാബല്യത്തോടെ തെരുവ് വിളക്കിന് വർധന നടപ്പിലാക്കിയെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് നവമ്പർ മാസം മുതൽ ബിൽ തുക വർദ്ധിച്ചത് എന്നും അറിയിച്ചിട്ടുണ്ട്.

16.08.2014 മുതൽ പരിഷ്കരിച്ച നിരക്കിൽ നഗരസഭ ഒടുക്കേണ്ട വൈദ്യുത ചാർജ് സംബന്ധിച്ച നഗരസഭയിലെ തെരുവ് വിളക്കുകളുടെ തരം, എണ്ണം, നിരക്ക്, തുക എന്നിവ കാണിച്ചുകൊണ്ടുള്ള കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

01.07.12 മുതൽ 15.08.2014 വരെ പ്രാബല്യത്തിലുള്ള നിരക്കിന്റെ കെ.എസ്.ഇ.ബി അനുവദിച്ച കാൽകുലേഷൻ ഡീട്ടെയിൽസ് പ്രകാരം നഗരസഭയിലുള്ള വിളക്കുകളുടെ തരവും നഗരസഭ സൂക്ഷിച്ച ഇതു സംബന്ധിച്ച രജിസ്റ്ററിലെ എണ്ണവും താഴെ ചേർത്ത പ്രകാരമാണ്.(പട്ടിക 1)

ക്രമ നം.	കെ.എസ്.ഇ.ബിയുടെ കണക്ക് പ്രകാരം			നഗരസഭയുടെ കണക്ക് പ്രകാരം		കെ.എസ്.ഇ. ബി യുടെ എണ്ണം നഗരസഭയുടെ തിനേക്കാൾ	
	തെരുവ് വിളക്കുകളുടെ തരം	എണ്ണം	വാട്സ്	എണ്ണം	വാട്സ്	കൂടുതൽ	കുറവ്
1	മെറ്റൽ ഹിലമെന്റ് (ഓർഡിനറി)	408	40	-	-	408	-
2	മെറ്റൽ ഹിലമെന്റ് (ഓർഡിനറി)	66	60	-	-	66	-
3	മെറ്റൽ ഹിലമെന്റ് (ഓർഡിനറി)	17	100	-	-	17	-
4	ഫ്ലൂറസന്റ് ട്യൂബ് ലൈറ്റ് (സിംഗിൾ)	837	1x40	1559	1x40	-	722
5	ഫ്ലൂറസന്റ് ട്യൂബ് ലൈറ്റ്(ഡബിൾ)	460	2x40	87	2x40	373	-
6	മെർക്കുറി വേപ്പർ	1	80	-	-	1	-

	ലാമ്പ്						
7	സോഡിയം വേപ്പർ ലാമ്പ്	294	250	294	250	-	-
8	സോഡിയം വേപ്പർ ലാമ്പ്	817	150	1062	150	-	245
9	സോഡിയം വേപ്പർ ലാമ്പ്	1113	70	615	70	498	-
10	സി.എഫ്. ലാമ്പ്	294	-	511	(1x11) (2x11) ഇനം തിരിച്ച വിവരം ചേർത്തിട്ടില്ല.		217

കെ.എസ്.ഇ.ബിയുടെ എണ്ണവും നഗരസഭയുടെ എണ്ണവും തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്നവ എത്ര എന്നത് സംബന്ധിച്ചും നഗരസഭാപരിധിയിൽ നിലവിൽ മെറ്റൽ ഫിലമെന്റ് ,തെരുവ് വിളക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ഉണ്ടെങ്കിൽ എത്രയെണ്ണം എന്നതു സംബന്ധിച്ചുമുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഒ.എസ്-63/22.06.16) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭ സൂക്ഷിച്ച തെരുവ് വിളക്ക് സംബന്ധിച്ചതും മേൽ പട്ടികയിൽ ചേർത്തതുമായ കണക്ക് പ്രകാരവും നഗരസഭയിലെ വിവിധയിടങ്ങളിൽ ഓഡിറ്റ് നടത്തിയ പരിശോധനയിലും നഗരസഭയിൽ നിലവിൽ മെറ്റൽ ഫിലമെന്റ് ഓർഡിനറി ബൾബുകൾ പ്രവർത്തിക്കുന്നതായി കാണുവാൻ സാധിച്ചിട്ടില്ല. പ്രവർത്തിക്കാത്ത/നിലവിലില്ലാത്ത 491 ഓർഡിനറി ബൾബുകൾക്ക് നഗരസഭ മാസം തോറും വൈദ്യുതി ചാർജ് ഒടുക്കി വരുന്നുണ്ട്. തെരുവ് വിളക്കുകളുടെ 16.08.14 ലെ പുതുക്കിയ നിരക്ക് പ്രകാരം ഓർഡിനറി ബൾബിന്റെ പ്രതിമാസ വൈദ്യുതി ചാർജ് ചുവടെ ചേർത്ത പ്രകാരമാണ്.(പട്ടിക 2)

ക്രമ നമ്പർ	ഇനം	നിരക്ക്
1	40 വാട്ട് ബൾബ്	61
2	60 വാട്ട് ബൾബ്	94

3	100 വാട്ട് ബൾബ്	155

ഈ നിരക്കനുസരിച്ച് 33,727/-രൂപ(408x61+66 x 94+17x155) ഉപയോഗത്തിലില്ലാത്ത ബൾബിനത്തിൽ മാത്രം നഗരസഭ പ്രതിമാസം ഇപ്പോഴും കെ.എസ്.ഇ.ബിയിൽ ഒടുക്കിവരുന്നതായാണ് ഓഡിറ്റ് മനസ്സിലാക്കുന്നത്. ഫ്ലൂറസന്റ് ട്യൂബ് ലൈറ്റ്(ഡബിൾ) നഗരസഭയുടെ കണക്കിനേക്കാൾ 373 എണ്ണം അധികമാണ് കെ.എസ്.ഇ.ബിയുടെ കണക്കിൽ. ആയതിന് പരിഷ്കരിച്ച നിരക്ക് പ്രകാരം 377 x124=46,252/- രൂപ പ്രതിമാസ ചാർജ് വരും. സോഡിയം വേപ്പർ ലമ്പ് 70 വാട്ട് നഗരസഭയുടേതിനേക്കാൾ 498 എണ്ണം അധികമാണ് കെ.എസ്.ഇ.ബിയുടെ കണക്കിൽ. ആയതിന് 498 x 116=57,768/- രൂപ പ്രതിമാസ ചാർജ് വരും. മേൽ പട്ടിക (1) പ്രകാരം പരിശോധിച്ചാൽ ചില ഇനങ്ങളുടെ എണ്ണം നഗരസഭയുടെ എണ്ണത്തേക്കാൾ കുറവാണ് കെ.എസ്.ഇ.ബിയിൽ എന്നും കാണാം. നിലവിലുള്ള തെരുവ് വിളക്കുകളുടെ യഥാർത്ഥ എണ്ണം സംയുക്തപരിശോധന നടത്തി കൃത്യമായ ചാർജ് നിശ്ചയിക്കേണ്ടതും അധികമായി ഈടാക്കിയ തുക തിരിച്ച് ഈടാക്കുകയോ തുടർ ബില്ലിൽ ക്രമീകരിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-33 തെരുവ് വിളക്കുകളുടെ കുടിശ്ശിക ചാർജ് ഒടുക്കൽ :വിശദീകരണം ലഭ്യമാക്കിയില്ല-48,012/- രൂപ തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ മീറ്ററില്ലാത്ത തെരുവ് വിളക്കുകൾക്ക്(കൺസ്യൂമർ നമ്പർ .15386) 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 4,25,996/- രൂപ നിരക്കിലും 2014 നവമ്പർ മുതൽ 2015 മാർച്ച് വരെ 5,12,414 രൂപ നിരക്കിലുമാണ് പ്രതിമാസം ചാർജ് ഒടുക്കിയിട്ടുള്ളത്.

29.11.2014 ലെ കെ.എസ്.ഇ.ബിയുടെ ഡിബി/തെ.വി.കണ്ണൂർ/ 14-15/262 കത്തിൽ 16.08.14 മുതൽ മുൻകാല പ്രാബല്യത്തോടെ തെരുവ് വിളക്കിന് വർധന നടപ്പിലാക്കിയെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് നവമ്പർ മാസം മുതൽ ബിൽ തുക വർദ്ധിച്ചത് എന്നും 16.08.14 മുതൽ 31.10.14 വരെയുള്ള കുടിശ്ശിക തുടർന്നു വരുന്ന ബില്ലുകളിൽ ഉൾപ്പെടുത്തുമെന്നും അറിയിച്ചു. വർദ്ധിച്ച പ്രതിമാസ താരിഫ് എത്രയെന്ന് പ്രസ്തുത കത്തിൽ അറിയിച്ചില്ല. കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണൂരിന്റെ 11.03.2015 ലെ ഡിബി തെ.വി/2014-15 കണ്ണൂർ 359 പ്രകാരം താരിഫ്, റിവിഷനു ശേഷം പ്രതിമാസ വൈദ്യുതി ചാർജ്ജ് 6,99,052/- രൂപയാണെന്നും മേലിൽ ടിതുക വൈദ്യുതി ചാർജായി ഒടുക്കണമെന്നും കുടിശ്ശികയായ 48,012/- രൂപ എത്രയും വേഗം ഒടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 48,012/- രൂപ 21.03.15 ന് 842587 നമ്പർ ചെക്ക് പ്രകാരം ഒടുക്കിയിട്ടുണ്ട്.

ശേഷം 28.03.15 ലെ കെ.എസ്.ഇ.ബി, അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം 16.08.14 മുതൽ 31.10.14 വരെയുള്ള കാലഘട്ടത്തിലെ ബാക്കിയായ കറന്റ് ചാർജ് 7,03,109/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 06.04.15 ന് തുക ഒടുക്കിയിട്ടുണ്ട്.

കുടിശ്ശിക സംബന്ധിച്ച ഇനം തിരിച്ച കണക്കും 7,03,109/- രൂപ ഒടുക്കുമ്പോൾ 48,012/- രൂപ അതിൽ ക്രമീകരിച്ചോ എന്ന വിവരവും ലഭ്യമല്ല. ഇക്കാര്യം സംബന്ധിച്ച് 22.06.16 ലെ 63ാം നമ്പർ ഒ.എസ് പ്രകാരം ആരാഞ്ഞെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. ആയതിനാൽ 48,012/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-34 തെരുവ് വിളക്ക് എ.എം.സി :- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതും;വിളക്കുകളുടെ എണ്ണത്തിലെ വ്യത്യാസവും.

(ഫയൽ നം.ഇ5-17970/09 ,ഇ5-2391/13)

കണ്ണൂർ നഗരസഭയിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി ടെണ്ടർ ക്ഷണിച്ചതിൽ, ട്യൂബുകളുടെ മെയിന്റനൻസ് ഏറ്റെടുത്തത് ശ്രീ ജനീവൻ.വി.എം. എന്ന കരാറുകാരനും സോഡിയം വേപ്പർ ലാമ്പുകളുടെ വാർഷിക മെയിന്റനൻസ് ഏറ്റെടുത്തത് ടി.പി.ഷാജി എന്ന കരാറുകാരനുമാണ്. എഗ്രിമെന്റ് പ്രകാരം വിളക്കുകളുടെ എണ്ണം ഓരോന്നിന്റെയും മെയിന്റനൻസ് ചാർജ്ജ് എന്നിവ താഴെപ്പറയും പ്രകാരമാണ്.

കരാറുകാരൻ	എഗ്രിമെന്റ് കാലയളവ്	വിളക്കുകളുടെ തരം	എണ്ണം	1 വർഷ ത്തേക്ക് ഒരു വിളക്കിനുള്ള മെയിന്റനൻസ് ചാർജ്	ആകെ ചാർജ്
1.ശ്രീ.ജനീവൻ. വി.എം	29.08.13 മുതൽ 28.08.14 വരെ	സിംഗിൾ ട്യൂബ്	1559	425	662575
		ഡബിൾ ട്യൂബ്	87	550	47850
		സി.എഫ്.എൽ	16	400	6400
2.ശ്രീ.ജനീവൻ വി.എം	29.08.14 മുതൽ 28.08.16 വരെ	സിംഗിൾ ട്യൂബ്	1780	415	738700
		ഡബിൾ ട്യൂബ്	87	540	46980
		സി.എഫ്.എൽ	16	390	6240
3.ടി.പി.ഷാജി	04.06.13 മുതൽ 03.06.16 വരെ	സോഡിയം വേപ്പർ ലാമ്പ്	1956	950	1858200

1)ശ്രീ.ജനീവൻ 29.08.14 മുതൽ ഒരു വർഷത്തേക്ക് എഗ്രിമെന്റ് പുതുക്കിയപ്പോൾ ട്യൂബുകൾ 221 എണ്ണം

വർദ്ധിച്ചതായും ആയതു പ്രകാരമുള്ള മെയിന്റനൻസ് ചാർജ്ജ് നഗരസഭയിൽ നിന്നും ഈടാക്കി വന്നതായും കാണുന്നു. എന്നാൽ ഈ കാലയളവിൽ എവിടെ/എത്ര ട്യൂബുകൾ സ്ഥാപിച്ചു എന്നതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചിട്ടില്ല.

2)തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 15.09.11 ലെ 3055/ഡിഎ3/2011 നമ്പർ സർക്കുലറിലെ വ്യവസ്ഥ പ്രകാരം, തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും, ടെണ്ടറിലൂടെ നടപ്പാക്കുമ്പോൾ തെരുവ് വിളക്ക് അനുബന്ധിത വസ്തുക്കൾ, അവയുടെ മീറ്റർ ഘടിപ്പിക്കൽ, തുടങ്ങിയവയും സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തനരഹിതമാണോയെന്നും നഗരസഭയുടെയും കെ.എസ്.ഇ. ബിയിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തുകയും, ടെണ്ടർ രേഖകളിൽ ഇത് സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിരിക്കേണ്ടതുമാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3)പ്രസ്തുത ഉത്തരവ് പ്രകാരം എ.എം.സി ഏറ്റെടുത്ത കരാറുകാരൻ കരാർ തുകയുടെ 10% നഗരസഭയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. അപ്രകാരം സെക്യൂരിറ്റി തുക ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയില്ലെങ്കിൽ, ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ,രജിസ്റ്റർ ചെയ്യുന്നതിനായി ഒരു രജിസ്റ്റർ(കരാറുകാരന്റെ ഫോൺ നമ്പർ സഹിതം) കരാറുകാരൻ തയ്യാറാക്കി നഗരസഭയും കരാറുകാരനും സൂക്ഷിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5)ലക്ഷക്കണക്കിന് രൂപ ഓരോ തൈമാസത്തിലും ചെലവഴിക്കുന്ന ഈ പ്രവൃത്തി നഗരസഭയിലെ ബന്ധപ്പെട്ട വിഭാഗം മേൽ നോട്ടം നടത്തിയതിനുള്ള രേഖകളില്ല. യാതൊരു മേൽനോട്ടവുമില്ലാതെ നഗരസഭാ ഫണ്ട് ഈ രീതിയിൽ ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.

6) കണ്ണൂർ നഗരസഭയിലെ തെരുവ് വിളക്കുമായി ബന്ധപ്പെട്ട വിവിധ ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ ട്യൂബുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് വ്യത്യസ്ത കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരം ചുവടെ:-

	വിളക്കുകളുടെ തരം	എണ്ണം		
		നഗരസഭയുടെ കണക്കു പ്രകാരം	കെ.എസ്.ഇ. ബിയുടെ കണക്ക് പ്രകാരം	എ.എം.സി പ്രകാരം
1	ട്യൂബ് ലൈറ്റ്	1646	1297	1646

2	സി.എഫ്.എൽ	511	294	16
3	സോഡിയം വേപ്പർ ലാമ്പ്	1971	2224	1956

വിളക്കുകളുടെ എണ്ണവും തരവും സംബന്ധിച്ച് ഒരേ സ്ഥാപനത്തിൽ തന്നെ 3 തരം കണക്കുകൾ എന്നത് ഈ വിഷയം കൈകാര്യം ചെയ്യുന്നതിലെ അലംഭാവമാണ്(ഖണ്ഡിക 3-32 കൂടി കാണുക) സൂചിപ്പിക്കുന്നത്.

മേൽ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയെങ്കിലും(നം.88/2014-15/ സിഎം3/16തീ.11.07.16) മറുപടി ലഭ്യമാക്കിയിട്ടില്ല.തെരുവ് വിളക്കുകളുടെ പരിപാലനവും മേൽനോട്ടക്കുറവ് കാരണം ഇക്കാര്യത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നില്ല എന്ന കാര്യവും ഉറപ്പുവരുത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-35 വാട്ടർ ടാപ്പ് :-സംയുക്ത പരിശോധന നടത്താത്തതും വകയിരുത്തിയതിൽ കൂടുതൽ തുക ചെലവഴിച്ചതും സംബന്ധിച്ച്.

പ്രൊജക്ട് നമ്പർ	എസ്ഒ 25/15
ഫയൽ നമ്പർ	ഇ1 20126/14
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 17,22,654/-
നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി,കണ്ണൂർ നഗരസഭ
ചെലവ് ബിൽ നം.	1 /തീ.22.08.14 - 1,91,406/- രൂപ
	2/തീ.18.10.14 - 1,91,406/-രൂപ
	4/തീ.31.10.14 - 3,82,812/-രൂപ
	5/തീ.27.11.14.14 - 3,82,812/-രൂപ
	6/തീ.21.12.14- 2,87,109/- രൂപ
	17/തീ.29.01.15 - 2,87,109/- രൂപ
	20/തീ.27.02.15- 2,87,109/-രൂപ

	21/തീ.12.03.15- 2,87,109/-രൂപ
തനത് ഫണ്ട്-ചെക്ക് നമ്പർ	195643 തീ.31.03.15 -5,309/- രൂപ
ആകെ	23,02,181/-രൂപ

കണ്ണൂർ നഗരസഭയിലെ പൊതു വാട്ടർ ടാപ്പുകളുടെ ജൂലൈ 14 മുതൽ മാർച്ച് 2015 വരെയുള്ള മാസങ്ങളിലെ 437 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 17,22,654/- രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ 21.10.2015 ലെ നം. എ3/202/14 കത്ത് പ്രകാരം നഗരസഭാ പരിധിയിലെ 1 ടാപ്പിന്റെ വാർഷിക വെള്ളക്കരം 7,884/- രൂപയായി വർദ്ധിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 01.10.14 മുതൽ വർദ്ധിപ്പിച്ച നിരക്കിലാണ് വാട്ടർ ചാർജ്ജ് ഒടുക്കി വരുന്നത്.

എന്നാൽ 2015 ഫെബ്രുവരി മാസം മുതൽ ടാപ്പുകളുടെ എണ്ണം 441 ആയി വർദ്ധിപ്പിച്ച് ആയതിന്റെ നിരക്കിലാണ് ബിൽ നൽകിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ 28.10.2015 ലെ നം.എ3-202/14 കത്ത് പ്രകാരം കണ്ണൂർ നഗരസഭയുടെ കീഴിൽ പുതുതായി കമ്മീഷൻ ചെയ്ത 4 ടാപ്പുകൾ അടക്കം 441 പൊതുടാപ്പുകൾ ഉണ്ടെന്നും ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിനു വേണ്ടി തീയ്യതി അറിയിക്കുവാനും അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. നഗരസഭയിൽ എത്ര ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അത് ഏതേത സ്ഥലങ്ങളിൽ എന്നും വ്യക്തമാക്കുന്ന സ്കെച്ചും തയ്യാറാക്കി സൂക്ഷിച്ചതായി കാണുന്നില്ല. നഗരസഭാ ഉദ്യോഗസ്ഥർ, ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ സംയുക്ത പരിശോധന നടത്തേണ്ടതും ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കേണ്ടതുമാണ്. പ്രവർത്തനക്ഷമമായ/ ജലലഭ്യതയുള്ള ടാപ്പുകൾക്കു മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്നുറപ്പു വരുത്തുന്നതിന് (സ.ഉ(സാ)1275/2009 തസ്വഭവ 30.05.2009) നഗരസഭ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

മേൽ പ്രൊജക്ട് പ്രകാരം വകയിരുത്തിയ തുക 17,22,654/- രൂപ ആയിരിക്കെ ഈയിനത്തിൽ 23,02,181,/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി 5,79,527/- രൂപ ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-36 കേരളോത്സവം-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല ;81,592/- രൂപ തടസപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ	024/15 കേരളോത്സവം
അടങ്കൽ	70,000/-(വികസന ഫണ്ട്)
ചെലവ്	1)ബിൽ നം.55/14-15 തീ.16.02.15 തുക-54,492/- (വികസന ഫണ്ട്)

	2)വൗച്ചർ നം.1146/11/14 ചെക്ക് നം.884745 തുക-30,000/- തീ.07.11.14 (സംസ്ഥാന യുവജനക്ഷേമ ബോർഡ്)
	3)വൗച്ചർ നം.1300/12-14 തീ.04.12.14 തുക-10,000/- (തനത് ഫണ്ട്)
നിർവഹണഉദ്യോഗസ്ഥൻ	സെക്രട്ടറി,കണ്ണൂർ നഗരസഭ.

സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക-സാഹിത്യ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന പദ്ധതിയായ കേരളോത്സവം 2014 വർഷം നടപ്പിലാക്കുന്നതിനായി സ.ഉ(സാ) നം.1771/14/തസ്വഭവ തീ.10.07.2014 പ്രകാരം നഗരസഭയ്ക്ക് വികസന ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ പരമാവധി 1 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

കേരളോത്സവത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) കണ്ണൂർ നഗരസഭയിൽ കേരളോത്സവം ഗെയിംസ് ഇനങ്ങൾ 2014 നവമ്പർ 8, 9 തീയ്യതികളിൽ നഗരസഭാ സ്റ്റേഡിയത്തിലും അത് ലറ്റിക് ഇനങ്ങൾ നവമ്പർ 16 ന് പോലീസ് മൈതാനിയിലും കലാമത്സരങ്ങൾ നവമ്പർ 22 ന് നഗരസഭ ഓഫീസ് പരിസരത്തും നടത്തുവാൻ 05.11.2014 ലെ ആർ9-21132/14 നമ്പർ നോട്ടീസ് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.

എന്നാൽ പരിപാടികളിൽ പങ്കെടുത്തവരുടെ പേരു വിവരം, മേൽവിലാസം, ഒപ്പ്, പൂരിപ്പിച്ച എൻട്രി ഫോറം, വിജയികളായവരുടെ വിവരം എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

2) കേരള സംസ്ഥാന യുവജന ബോർഡിൽ നിന്നും അനുവദിച്ച 30,000/- രൂപയും തനത് ഫണ്ടിൽ നിന്നും അനുവദിച്ച 10,000/- രൂപയുമടക്കം ആകെ 40,000/- രൂപ കേരളോത്സവം നടത്തിപ്പിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്.

10,000/- രൂപ തനതു ഫണ്ടിൽ തിരിച്ച് ഒടുക്കുവാനും 44,492/- രൂപ പ്രസ്തുത ഉദ്യോഗസ്ഥന് ചെലവിനത്തിൽ നൽകുവാനുമായി 54,492/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

ഈയിനത്തിൽ ആകെ 84,492/- രൂപ ചെലവഴിച്ചതായി റവന്യൂ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നോട്ടീസ്, എൻട്രി ഫോറങ്ങൾ എന്നിവ അച്ചടിച്ച വകയിലെ ചെലവായ 2,900/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ 2,900/- രൂപ കിഴിച്ച് ബാക്കി 81,592/- രൂപയുടെ ചെലവു രേഖകൾ

ഓഡിറ്റിൽ ഹാജരാക്കുവാനായി ഒ.എസ്. നം.60/2014-15 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 81,592/- രൂപ(84,492-2900) തടസപ്പെടുത്തുന്നു.

3-37 പ്രൊജക്ടുകളുടെ നിർവഹണം - മോണിറ്ററിംഗ് ഫലപ്രദമല്ല.

പ്രൊജക്ട് നമ്പർ	എസ്ഒ 002/15 പദ്ധതി മോണിറ്ററിംഗ്
വികസന ഫണ്ട്	50,000/-
അടങ്കൽ	50,000/-
ചെലവ്	24/2014-15 തീ.31.03.2015 തുക- 36,870/-
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി,കണ്ണൂർ നഗരസഭ.

2014-15 വർഷത്തിൽ നിർവഹണം ചെയ്ത പദ്ധതികളുടെ മോണിറ്ററിംഗ് ചെലവുകൾക്കാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ആയതു പ്രകാരം താഴെ കാണിച്ചവിധം ചെലവ് വന്നിട്ടുണ്ട്.

പ്രിന്റിംഗ് ചെലവ്	6,750/-
ചായ, സ്നാക്സ് ചെലവ്	3,780/-
ഭക്ഷണച്ചെലവ്	21,840/-
3 ദിവസം ക്ലാസ് എടുത്തതിന്റെ ഹോണറേറിയം	4,500/-
ആകെ	36,870/-

ഈയിനത്തിൽ 36,870/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നഗരസഭ പൂർത്തീകരിച്ച പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടന്നിട്ടില്ല.

ഉദാ- ഐ.സി.ഡി.എസ് ഓഫീസർ നിർവഹണം ചെയ്ത പ്രൊജക്ടുകളിൽ മോണിറ്ററിംഗ് നടന്നിട്ടില്ല. വെറ്ററിനറി സർജൻ നിർവഹണം നടത്തിയ 4 പ്രൊജക്ടുകളിൽ 2 പ്രൊജക്ടുകളിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ബാക്കി 2 പ്രൊജക്ടുകളിൽ മോണിറ്ററിംഗ് നടത്തിയിരിക്കുന്നത് നഗരസഭയിലെ സീനിയർ ക്ലാർക്കാണ്.മുനിസിപ്പൽ ഇഞ്ചിനീയർ നിർവഹണം നടത്തിയ മിക്ക പ്രവൃത്തികളിലും മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണ ഉദ്യോഗസ്ഥൻ മാത്രമേ ഒപ്പ് വെച്ച് കാണുന്നുള്ളൂ.

12ാം പഞ്ചവത്സര പദ്ധതി മാർഗരേഖപ്രകാരം പദ്ധതി ആവിഷ്കരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയായും പ്രവർത്തിക്കേണ്ടത്.(സ.ഉ(എംഎസ്) നമ്പർ.362/2013/തസ്വഭവ തീ.16.11.2013 പുതുക്കിയ മാർഗരേഖ ഖണ്ഡിക 19(1) കാണുക) മോണിറ്ററിംഗ് കാര്യക്ഷമമാക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

3-38 പെൻഷൻ ഫണ്ട്

1) റൂറൽ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടം പാലിക്കേണ്ടതാണ്.

1996 ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 ൽ അനുശാസിക്കും പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി നഗരസഭയ്ക്ക് ട്രഷറിയിൽ പ്രത്യേക അക്കൗണ്ട്(ടിപിഎ 624) നിലവിലുണ്ട്. ഈ ഫണ്ടിൽ നിന്നാണ് റൂറൽ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്.

പെൻഷൻ ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ടി.പി.എ 624 അക്കൗണ്ട് ആധാരമാക്കിയുള്ള 2014-15 ലെ വരവ് ചെലവുകൾ താഴെ കാണിച്ച പ്രകാരമാണ്

മുൻബാക്കി	13,56,716
വരവ്(തനത് ഫണ്ടിൽ നിന്നും വകമാറ്റിയത്)	1,96,54,720
(സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള അലോട്ട് മെന്റ്)	ഇല്ല
ആകെ	2,10,11,436
ചെലവ്	1,85,28,471
നീക്കിയിരിപ്പ്	24,82,965

27.03.2015 ന് ടിപിഎ 624 നമ്പർ അക്കൗണ്ടിൽ 24,82,965/- രൂപ നീക്കിയിരിപ്പുണ്ട്.

1996 ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തുക ധനകാര്യ ഡയരക്ടർ, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭകൾക്ക് നൽകേണ്ടതാണ്. എന്നാൽ 2014-15 വർഷം ഈയിനത്തിൽ ഒരു തുകയും നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

2013-14 വർഷം ലഭിച്ച 2½ കോടി രൂപയാണ് അവസാനമായി ലഭിച്ച തുക.

പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ജീവനക്കാരന്റെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. എന്നാൽ 22.03.2011 ലെ നഗരസഭാ ചെയർപേഴ്സന്റെ കുറിപ്പ് പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനു പകരം കുടിശികയിൽ അഡ്ജസ്റ്റ് ചെയ്യാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. 09.04.2013 ലെ 50ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നത് 1/2011 മുതൽ നിർത്തിവെച്ചിരുന്നു.

2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 26.08.2014 ലെ 49ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2014 സെപ്തംബർ മുതലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുവാൻ ആരംഭിച്ചിരുന്നു. എന്നാൽ 1/2011 മുതൽ 8/14 വരെയുള്ള കാലയളവിലെ കുടിശിക തുക സംബന്ധിച്ച് സർക്കാരിൽ നിന്നു തീരുമാനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2015 ജനുവരി മുതൽ വീണ്ടും പെൻഷൻ വിഹിതം ഒടുക്കുന്നത് നിർത്തി വെച്ചിരിക്കുകയാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 309 പ്രകാരം സർക്കാരിലേയ്ക്ക് ഏതെങ്കിലുമൊരു തുക ഒടുക്കുന്നതിൽ നിരന്തരം വീഴ്ച വരുത്തുന്നപക്ഷം, നഗരസഭാ ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് നിരോധനം ഏർപ്പെടുത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ പെൻഷൻ വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശരിയായ നടപടിയല്ല.

2014-15 വർഷത്തിൽ തനതു ഫണ്ടിൽ നിന്നും പെൻഷൻ ഫണ്ടിലേയ്ക്ക് വകമാറ്റിയ 1,96,54,720/- രൂപ സർക്കാരിൽ നിന്നും തിരികെ ലഭിയ്ക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് :-നാളിതുവരെ അക്കൗണ്ട് ആരംഭിച്ചില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി(കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 ൽ ഓരോ മുനിസിപ്പാലിറ്റിയും ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി തൊട്ടടുത്ത സർക്കാർ ട്രഷറി സേവിങ്ങ്സ് ബാങ്കിൽ 'മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ' എന്ന പേരിൽ ഒരു അക്കൗണ്ട് ആരംഭിക്കണമെന്നും ഓരോ മാസവും ജീവനക്കാരുടെ ശമ്പള ബില്ല് പാസാക്കുന്നതോടൊപ്പം വേതനത്തിന്റെ 15% വരുന്ന തുക നഗരസഭാ ഫണ്ടിൽ നിന്നും പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കണമെന്നും അനുശാസിക്കുന്നുണ്ട്.

ചട്ടം 8(2) പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ടിൽ നിന്നാണ് നൽകേണ്ടത്. എന്നാൽ കണ്ണൂർ നഗരസഭയിൽ നാളിതുവരെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. നിലവിൽ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നത്. ആയതിനാൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട് അക്കൗണ്ട് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച് കണക്കുകൾ ലഭ്യമല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്കായി ഓഡിറ്റ് വർഷത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
1	കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ	കൺസ്ട്രക്ഷൻ ഓഫ് മരക്കാർകണ്ടി ഹൗസിംഗ് കോംപ്ലക്സ്	ഡിഡി.003200/ 30.10.14	72,42,437	ചെലവ് വിവരം ലഭ്യമല്ല	വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

	ലിമിറ്റഡ്	ഈ2/20120/14				
2	കെ.എസ്.ഇ.ബി	തയ്യിൽ ചൊവ്വ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	ഡിഡി-000298/ 1.9.14	32,48,610	ചെലവ് വിവരം ലഭ്യമല്ല	വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
3	കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്	മരക്കാർകണ്ടി വാർഡിലെ എസ്.സി ഹൗസിംഗ് കോംപ്ലക്സിന് ചുറ്റുമതിൽ നിർമ്മാണം.	ഡിഡി-150249/ 20.03.2015	28,99,800	ചെലവ് വിവരം ലഭ്യമല്ല	വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
4	കെ.എസ്.ഇ.ബി	തായത്തെരു റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	ബിൽ നമ്പർ.92/26.02.15	3,81,404	ചെലവ് വിവരം ലഭ്യമല്ല	വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
5	കേരള വാട്ടർ അതോറിറ്റി	പടന്ന ഗാർഡൻ കോളനി കുടിവെള്ള പദ്ധതി	ഡി.ഡി.1742/ 30.09.14 ഡിഡി.731285/ 10.12.14	1,66,500	ചെലവ് വിവരം ലഭ്യമല്ല	വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ച	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം

				ടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക	മുതൽ	പലിശ	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
1	ഐഡിഎസ്. എംടി	എ1/432/90/29.3.90	1,31,250	1,31,250	1,31,250	12,797	-
2	ഐഡിഎസ്. എംടി	ജി.ഒ/3500 /98/ എൽഎഡി/30.11.98	19,75,000	9,87,500	98,750	1,41,213	8,88,750
3	കെയുആർഡി എഫ് സി	കെയുആർഡിഎഫ് സി,യു എൽബി/ 352/11/31.05.13	1,00,00,000	50,00,000	50,00,000	3,76,027	-
4	കെയുആർഡി എഫ് സി	കെയുആർഡിഎഫ് സി, യു എൽബി /366/13/ 24.09.13	27,59,678	27,59,678	12,70,914	8,42,473	14,88,764

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,66,30,495/-
തൻവർഷം നിക്ഷേപിച്ച തുക	8,34,538(പലിശ)
ആകെ	1,74,65,033/-
തന്നാണ്ടിൽ പിൻവലിച്ച തുക	-
